25
March. 2011
Vol. 04
Issue: 06

ബിലീവേഴ്സ് ജേണൽ

അറിയിപ്പ്
എല്ലാവിധ ഡി.റ്റി. പി. വർക്കുകളും പുസ്തക പ്രസിദ്ധീകരണം, (ട്രാൻസ്‌ലേഷൻ ഉൾപ്പെടെ) സുവനിറുകൾ എന്നിങ്ങനെയുള്ള എല്ലാവിധ ജോലികൾക്കും
ദ ജേണൽ യു. എസ്. എ
P.O. Box: 620 742, Atlanta, GA 30362, USA
bjpathramonline@gmail.com

RNI. No.KERMAL/2008/26530 | POSTAL Reg.No. KL/TLA 225/2009-11 | Annual Subscription Rs. 100/- | Pages: 12




# യാത്ര നടക്കട്ടെ വിശുദ്ധം വേണ്ട

വർഷങ്ങളായി നടന്നുവരുന്ന യെരുശലേം യാത്ര സമുദായ സഭകളുടെ ഇടയിലായിരുന്നു പ്രചാരം നേടിയിരുന്നത്. ചിലപ്പോഴൊക്കെ ചില പെന്തെക്കോസ്ത് സംഘങ്ങളും യെരുശലേം യാത്ര നടത്തിയിരുന്നതായി അറിയാം. സമുദായ സഭകൾ ഇത്തരം യാത്രകൾക്ക് ഒരു പുണ്യ പരിവേഷം നൽകി വന്നിരുന്നു. എന്നാൽ പെന്തെക്കോസ്തു സഭകൾ യെരുശലേമിന് ഒരു പുണ്യ പരിവേഷം നൽകിയിട്ടില്ല. എന്നാൽ രക്ഷിതാവിന്റെ ജനന സ്ഥലം എന്ന നിലയിൽ വൈകാരികമായ ഒരു ബന്ധം തോന്നിയേക്കാം. രക്ഷകൻ ജനിച്ച സ്ഥലത്തിനോ ക്രൂശിക്കപ്പെട്ട സ്ഥലത്തിനോ അല്ല പ്രത്യേകത. മനുഷ്യരാശിയുടെ വീണ്ടെടുപ്പ് എന്ന ദൗത്യത്തിനാണ് പ്രാധാന്യം. പുണ്യ സ്ഥലങ്ങൾ പുണ്യവാളന്മാർ ഇതൊക്കെയും വിട്ട് പെന്തെക്കോസ്തിൽ എത്തിയത് ഇത്തരം വചന വിരുദ്ധമായ കാര്യങ്ങൾ തിരിച്ചറിഞ്ഞതിനാലാണ്. എന്നാൽ ഒരു നൂറ്റാണ്ടിന്റെ മാത്രം പാരമ്പര്യം പേറുന്ന മലങ്കരയിലെ പെന്തെക്കോസ്തിൽ വിട്ടുപോന്നത് പലതും വിദഗ്ദമായി നൂണു കടക്കുന്നു എന്നത് പലരും മറക്കുന്നു. ഇവിടെ ഭക്തിയുടെ വേഷം ധരിച്ചും ആത്മീയതയുടെ മറപറ്റിയും കടന്നുവരുന്ന ദുഷ്പ്രവണതകളും ദുരുപദേശങ്ങളും തിരിച്ചറിഞ്ഞ് തടയിടേണ്ട നേതൃത്വം തന്നെ ഇത്തരം പ്രവണതകളെ പ്രോത്സാഹിപ്പിക്കുന്നു എന്നത് ദു:ഖകരമായ സത്യമാണ്. അത്തരം ഒന്നാണ് വിശുദ്ധനാട് യാത്രയെന്ന ഓമനപ്പേരിൽ പെന്തക്കോസ്തിൽ ചേക്കേറിയത്. ഐ. പി.സിയുടെ ഉന്നത സ്ഥാനീയരായ ചിലർ ഇത്തരം യാത്രകൾക്ക് തുനിഞ്ഞ് ഇറങ്ങിയപ്പോൾ അവിടെയുള്ള മറ്റുചിലർ യെരുശലേം യാത്ര സംഘടിപ്പിക്കൽ കുത്തകയാക്കി മാറ്റി. പുത്തൻ പണക്കാർ യെരുശലേം യാത്ര സ്റ്റാറ്റസ് സിംബലാക്കി മാറ്റിയപ്പോൾ സംഘാടകർക്ക് ചാകരയായി. യാത്രകഴിഞ്ഞ് തിരിച്ചെത്തിയ ചിലർ യോർദ്ദാൻ നദിയിലെ വെള്ളവും ഗോൽഗോഥായിലെ മണ്ണും ഒലിവെണ്ണയും ഒലിവ് ഇലയും സ്മാരകമായി കൊണ്ടുവന്നു. പുണ്യ വസ്തുക്കൾ പോലെ ഇതിനെ സൂക്ഷിക്കുന്ന പല അഭിനവ ശുംഭന്മാരും പെന്തെക്കോസ്തിലുണ്ട്. യോർദ്ദാൻ നദിയിലെ വെള്ളം തളിച്ച് പ്രാർത്ഥിക്കുക. ഒലിവെണ്ണ പൂശി പ്രാർത്ഥിക്കുക തുടങ്ങിയ വേലകളും ചിലർ നടപ്പിലാക്കി. പെന്തക്കോസ്തിലെ പത്രമാധ്യമങ്ങളിൽ യെരുശലേം യാത്രയുടെ പരസ്യങ്ങൾ കൂടുതൽ സ്ഥലങ്ങൾ അപഹരിച്ചു. ഇത്തരം പരസ്യങ്ങളിലൂടെ യെരുശലേമിലേക്ക് ഒരു യാത്ര പോയില്ലെങ്കിൽ ജീവിതത്തിലെ പ്രധാന നഷ്ടമാണെന്ന തോന്നൽ ജനങ്ങളുടെ ഇടയിൽ ഉളവായി. സുവിശേഷ പ്രവർത്തനത്തിൽ ഒരു രൂപ പോലും കൊടുക്കാത്ത അച്ചായന്മാർ അറുപത്തയ്യായിരം മുടക്കി യെരുശലേം യാത്ര നടത്തുന്നു. എന്നാൽ ആയിരങ്ങൾ മാത്രം

ശേഷം പേജ്: 11

### ഈ ലക്കം പ്രതികരിക്കുന്നു

കുര്യൻ തോമസ്, യു.എസ്. എ 03
പാസ്റ്റർ രാജൂ ആനിക്കാട് 11

**സംവാദം ആരംഭിക്കുന്നു....**

**ഈ നാട് നമുക്ക് വിശുദ്ധമോ?**

**വായനക്കാർക്കും ചർച്ചയിൽ പങ്കെടുക്കാം**



**ഓ... യെരുശലേം എന്ന ഈ സംവാദം ഒരു ട്രാവൽ ഏജൻസിയ്ക്കും എതിരായി ഉള്ളതല്ല. പെന്തക്കോസ്തിന്റെ പഠിപ്പിക്കലുകളെ ചോദ്യം ചെയ്യുന്ന നിലയിൽ വിശുദ്ധ നാട് യാത്ര എന്ന പേരിൽ ചില പരസ്യങ്ങൾ തുടർമാനമായി പ്രത്യക്ഷപ്പെട്ടപ്പോൾ അതിനെതിരെയുള്ള പ്രതികരണം മാത്രമാണ്. യെരുശലേമിലേക്കുള്ള പഠനയാത്രകൾ, ഉല്ലാസ യാത്രകൾ എന്നിവയെ ജേണൽ എതിർത്തിട്ടില്ല.**

# പിതാവിനു പിന്നാലെ മകനും യാത്രയായി

## പാസ്റ്റർ ഇ. എം. സഖറിയയും മകൻ സാമുവേൽ സഖറിയയും നിര്യാതരായി

**കൊട്ടാരക്കര:** ഇന്ത്യാ പെന്തെക്കോസ്ത് ദൈവസഭ (ഐ. പി. സി) രക്ഷാധികാരിയും, മുൻ ജനറൽ വൈസ് പ്രസിഡന്റുമായ പാസ്റ്റർ ഇ. എം. സഖറിയ (76) കർത്തൃസന്നിധിയിലേക്ക് ചേർക്കപ്പെട്ടതിനു പിന്നാലെ മൂന്നാമത്തെ മകൻ സാമുവേൽ സഖറിയേയും കർതൃസന്നിധിയിൽ ചേർക്കപ്പെട്ടു. 12-ാം തീയതി രാത്രിയിൽ കുടുംബപ്രാർത്ഥനയ്ക്ക് ശേഷം ലേഖനം എഴുതികൊണ്ടിരിക്കുമ്പോൾ അസ്വസ്ഥതയുണ്ടാകുയും 11.30 ന് കർത്തൃസന്നിധിയിലേക്ക് ചേർക്കപ്പെടുകയുമായിരുന്നു. കഴിഞ്ഞ 3 വർഷമായി കൊട്ടാരക്കര പുലമൺ പെന്തെക്കോസ്ത് ജംഗ്ഷനു സമീപത്തുള്ള വീട്ടിൽ താമസിച്ച് പല സ്ഥലങ്ങളിലും കടന്നുപോയി

ശേഷം പേജ്: 05


പാസ്റ്റർ ഇ. എം. സഖറിയ


സാമുവേൽ സഖറിയ

**ന്യൂയോർക്ക്:** ഇടയിൽ എബനേസർ വീട്ടിൽ പരേതനായ പാസ്റ്റർ ഇ. എം. സഖറിയയുടെയും, ശോശാമ്മ സഖറിയയുടെയും മൂന്നാമത്തെ മകൻ സാമുവേൽ സഖറിയ (കൊച്ചുമോൻ 46) മാർച്ച് 17-ാം തീയതി വ്യാഴാഴ്ച രാവിലെ 2.30 ന് (ന്യൂയോർക്കിൽ) കർത്തൃസന്നിധിയിൽ ചേർക്കപ്പെട്ടു. ഭാര്യ ബെഞ്ചി (പാസ്റ്റർ കെ.സി. സാമുവേലിന്റെയും മറിയാമ്മ സാമുവേലിന്റെയും മകൾ) മക്കൾ: സ്റ്റീഫൻ, ടിമോൻ, ഹന്ന. സഹോദരങ്ങൾ മാത്യു, ഫിന്നി, ഗ്ലോറി, ജോൺസൺ, സ്റ്റാൻലി, ഫേബ. മാർച്ച് 25-ാം തീയതി വെള്ളിയാഴ്ച വൈകിട്ട് 6 -10 വരെയും 26-ാം തീയതി ശനിയാഴ്ച രാവിലെ 9 മണി മുതൽ ഉച്ചക്ക് 12.30 വരെയും ബ്ലൗവെൽറ്റിലുള്ള എബനേസർ ഫുൾ ഗോസ്പൽ അസംബ്ലിയിൽ പൊതുദർശനത്തിനും ശുശ്രൂഷകൾക്കും ശേഷം സ്പ്രിംഗ് വാലിയിലുള്ള ബ്രിക്ക് ചർച്ച് സെമിത്തേരിയിൽ സംസ്കാര ശുശ്രൂഷയും നടക്കുന്നതാണ്.

# പാസ്റ്റർ കെ.സി. ദാനിയേൽ നിത്യതയിൽ

**കൊട്ടാരക്കര:** ഇന്ത്യാ പെന്തെക്കോസ്ത് ദൈവസഭ അന്തർദേശീയ കൗൺസിൽ മെമ്പറും കൊട്ടാരക്കര സെന്റർ പാസ്റ്ററും നെല്ലിക്കുന്നം ഐ. പി. സി. സഭാംഗവുമായ കുഴിവിള ബഥേലിൽ പാസ്റ്റർ കെ. സി. ദാനിയേൽ (78) മഹത്വത്തിലേക്ക് ചേർക്കപ്പെട്ടു.

മാർച്ച് 16 ബുധൻ രാവിലെ 4.45 ന് ശ്വാസം മുട്ടൽ ഉണ്ടാകുകയും 5.20 ന് കർത്തൃസന്നിധിയിലേക്ക് ചേർക്കപ്പെടുകയും ചെയ്തു. 1933 -ൽ യാക്കോബായ കുടുംബത്തിൽ ജനിച്ചു. 1952 -ൽ രക്ഷാനിർണയം പ്രാപിക്കുകയും 53-ൽ കർത്താവിനെ ജലത്തിൽ സാക്ഷാക

ശേഷം പേജ്: 09


പാസ്റ്റർ കെ. സി. ദാനിയേൽ

### സാക്ഷി



ഇലക്ഷൻ കാലമായപ്പോൾ ഇരുപക്ഷത്തിനുവേണ്ടിയും ഗ്രോത്തുകാരൻ ഇറങ്ങിയതറിഞ്ഞില്ലേ.

*"അങ്ങേർക്ക് ഇതെല്ലാം കച്ചവടമല്ലേ".*




# ചർച്ച് ഓഫ് ഗോഡ് കേരളാ സ്റ്റേറ്റ് നേതൃത്വമാറ്റം സംഭവിക്കുമോ?

**തിരുവല്ല:** കേരളം ഒരു പൊതു തെരഞ്ഞെടുപ്പിനെ നേരിടുകയാണ്. ചർച്ച് ഓഫ് ഗോഡിലും ഭരണ മാറ്റം വേണമോ വേണ്ടായോ എന്ന് ചിന്തിക്കുവാൻ സമയമായിരിക്കുന്നു. ജനുവരിയിൽ കാലാവധി തീരുന്ന ഈ കൗൺസിലിലാണ് ഇതു സംബന്ധമായ തീരുമാനം ഉണ്ടാകുന്നത്. ഇന്ത്യാ പൂർണ്ണ സുവിശേഷ ദൈവസഭ കേരളാ സ്റ്റേറ്റിൽ 2012 സെപ്റ്റംബർ മാസത്തോടെ പാസ്റ്റർ എം. കുഞ്ഞപ്പിയുടെ ഭരണം രണ്ടു ടേം പൂർത്തിയാകും. അധികാര കസേരയിൽ ഉന്നംവെച്ച് ചിലർ അണിയറയിൽ കരുക്കൾ നീക്കുമ്പോൾ അടുത്ത ടേമും തുടരുവാൻ കൗൺസിലിലെ വൻ ഭൂരിപക്ഷവുമായി പാസ്റ്റർ എം. കുഞ്ഞപ്പി ചുവടുറപ്പിക്കുന്നു. നേതൃത്വമാറ്റം സംഭവിക്കുമോ? നിങ്ങൾക്കും പ്രവചിക്കാം. കസേര സ്വപ്നം കാണുന്ന കസേര മോഹികൾ അതിനു യോഗ്യരോ? നിങ്ങളെന്തു പറയുന്നു. നിങ്ങൾ ചിന്തിക്കുന്നത് ഞങ്ങൾക്കെഴുതുക. ഈ അഭിപ്രായ വോട്ടെടുപ്പിൽ പങ്കെടുക്കുന്നവരുടെ പേരു വിവരങ്ങൾ ഞങ്ങൾ രഹസ്യമായി സൂക്ഷിക്കും. നിങ്ങൾ പിൻതുണയ്ക്കുന്ന ആളിന്റെ ഗുണദോഷവശങ്ങളും എഴുതുക. ബിലീവേഴ്സ് ജേണൽ ഏപ്രിൽ 25-ന് ഫലം പ്രസിദ്ധീകരിക്കും.

ബിലീവേഴ്സ് ജേണൽ

പത്രാധിപ സമിതി

രക്ഷാധികാരി
റവ. ജോർജ്ജ് വി. മേക്കാട്ട്

ചെയർമാൻ
രാജൻ ആര്യപ്പള്ളിൽ

വൈസ് ചെയർമാൻ
ജെയ്സൺ ജോസഫ്

മാനേജിംഗ് എഡിറ്റർ
എം.വി. ഫിലിപ്പ്

ചീഫ് എഡിറ്റർ
പാസ്റ്റർ സാംകുട്ടി മാത്യു

ജനറൽ എഡിറ്റർ
അനിൽ കൊടിത്തോട്ടം

ബോർഡ് മെംമ്പേഴ്സ്
മോനി കൊടുന്തറ
പാസ്റ്റർ സണ്ണി വാകത്താനം

പബ്ലീഷർ
പീറ്റർ മാത്യു വല്ല്യത്ത്

ചീഫ് കറസ്പോണ്ടന്റ്
പാസ്റ്റർ തോമസ് തോന്നയ്ക്കൽ

കോർഡിനേറ്റർ
പാസ്റ്റർ കെ. ജെ. മാത്യു

ബിലീവേഴ്സ് ജേണൽ
വാർഷിക വരിസംഖ്യ
ഇന്ത്യയിൽ: 100 രൂപ
യു.എസ്.എ. & കാനഡ: $ 30
യു.കെ: £ 15
ഗൾഫ് രാജ്യങ്ങൾ: 1000 രൂപ

വരിസംഖ്യ അയയ്ക്കേണ്ട വിലാസം

ബിലീവേഴ്സ് ജേണൽ
Address (India)
P.O.Box:31
Manjadi .P.O.,
Thiruvalla - 689 105

Address (Usa)
P.O. Box:620 742
Atlanta
GA 30362, USA

Mob: 9447368795 (INDIA)

E- mail
beljourn@gmail.com
bjpathramonline@gmail.com

Website
www.beljourn.com
www.beljourn. Org

## അറിയിപ്പ്

ബിലീവേഴ്സ് ജേണലിൽ വരുന്ന ലേഖനങ്ങളിലെയും പതിവു പംക്തികളിലെയും ആശയങ്ങളുടെയും അഭിപ്രായങ്ങളുടെയും ഉത്തരവാദിത്വം എഴുത്തുകാർക്കുമാത്രമാണ്.

പത്രാധിപർ




# ഇലക്ഷനും നമ്മളും



സാംകുട്ടി മാത്യു
ചീഫ് എഡിറ്റർ

വീണ്ടും ഒരു പൊതു തെരഞ്ഞെടുപ്പുകൂടി കേരളത്തിലെ സമ്മതിദായകരെ തേടിയെത്തിയിരിയ്ക്കുന്നു. കഴിഞ്ഞ അഞ്ചുവർഷത്തെ ഭരണനേട്ടങ്ങൾക്കുവേണ്ടി ഇടതുപക്ഷം വോട്ടു തേടുമ്പോൾ ഭരണത്തിലെ കോട്ടങ്ങൾ ചൂണ്ടിക്കാട്ടി വലതുപക്ഷം വോട്ടു തേടുന്നു. ജാതി, ഉപജാതി, സമുദായ സംഘടനകളൊക്കെ വിലപേശൽ നടത്തുന്ന കാലമാണിത്.

ക്രൈസ്തവ സഭകളിൽ പെന്തെക്കോസ്ത് ഒഴികെ ബാക്കിയെല്ലാവരും സംഘടിതരാണ്. എന്നാൽ വിഘടിച്ചുനിൽക്കുന്ന പെന്തെക്കോസ്തു സഭകൾക്ക് ഇതുവരെയും വിലപേശലിന് സാധ്യത തെളിഞ്ഞിട്ടില്ല. ചില മണ്ഡലങ്ങളിലെങ്കിലും മറ്റു സമുദായങ്ങളെക്കാൾ പെന്തെക്കോസ്തർക്ക് വോട്ടുകളുണ്ട്. എന്നാൽ ഇവരെ ഏകോപിപ്പിക്കുവാൻ കഴിയുന്ന നേതൃത്വം നമുക്കില്ല. എന്നാൽ ഇത്തരം വോട്ടുകൾ കാട്ടി ഇരുപക്ഷത്തിനും മൊത്തമായി വോട്ട് നല്കാമെന്ന വാഗ്ദാനവുമായി ഇരുവള്ളത്തിൽ വിദഗ്ദമായി കാലു ചവിട്ടുന്ന ചില നേതാക്കന്മാർ നമ്മുടെ ഇടയിലുണ്ട്. അതിലൂടെ ലഭിക്കുന്ന ചില സാമ്പത്തീക ലാഭങ്ങൾ അടിച്ചുമാറ്റുന്നതിലാണ് അങ്ങനെയുള്ളവരുടെ ശ്രദ്ധ.

പ്രബുദ്ധരായ പെന്തെക്കോസ്തു വിശ്വാസികൾ ചിന്തിക്കുവാനും അതിന് അനുസൃതമായി സമ്മതിദാനാവകാശം വിനിയോഗിക്കാനും കഴിവുള്ളവരാണ്. നാം രാജ്യത്തിന്റെ നിയമങ്ങൾ പാലിക്കുന്നവരും അതിനു കീഴ്പ്പെടുന്നവരുമാണ്. സമ്മതിദാനാവകാശം വിവേകത്തോടും ബുദ്ധിയോടും പ്രാർത്ഥനയോടും കൂടെ വിനിയോഗിക്കണം.

നമ്മെ സഹായിച്ചവരെയും മനസ്സിലാക്കിയവരെയും തിരിച്ചറിഞ്ഞ് രാജ്യത്തിന്റെ നന്മയ്ക്കായി ഭരിയ്ക്കുമെന്ന് ഉറപ്പുള്ളവരെ പാർട്ടി ചിന്തകൾക്ക് അതീതമായി ജയിപ്പിക്കുവാൻ നമ്മുടെ അവകാശം നാം ഉപയോഗിക്കണം. പ്രതികരിക്കുവാനും പ്രതിഷേധിക്കുവാനും പൊതുജനങ്ങൾക്ക് കഴിയുന്ന അവസരമാണിത്. നാം ബുദ്ധിയുള്ളവരായിരിക്കുക. നമ്മുടെ അവകാശം നമ്മളാണ് ഉപയോഗിക്കേണ്ടത്. നമ്മെ മൊത്തമായി വിറ്റുകളയുവാൻ ഒരു നേതാവിനെയും അനുവദിക്കരുത്. അങ്ങനെ ചെയ്യുന്നവരെ ഒറ്റപ്പെടുത്താനും ഒഴിവാക്കുവാനും നമ്മൾ ധൈര്യം കാട്ടണം.

ലോകത്തിലെ ഏറ്റവും വലിയ ജനാധിപത്യ രാജ്യമായ ഭാരതത്തിലെ ജനാധിപത്യ പ്രക്രിയയിൽ പങ്കാളികളാകുവാൻ നമുക്ക് ലഭിക്കുന്ന അവസരം നഷ്ടമാക്കരുത്. നമ്മുടെ ആവശ്യങ്ങളിൽ നമ്മോടൊപ്പം നിന്നവരെ, നമ്മെ സഹായിച്ചവരെ, തിരിച്ചും സഹായിക്കുവാൻ ലഭിക്കുന്ന അവസരമാണിത്. രാഷ്ട്രീയം സഭയിലും നമ്മുടെ ഉള്ളിലും കയറേണ്ട കാര്യമില്ല. ഇലക്ഷൻ കാലത്തുമാത്രം നമ്മെ തേടിവരുന്നവരെയും ജയിച്ചശേഷം പുറം തിരിഞ്ഞ് നിന്നവരെയും തിരിച്ചറിയുക. മാന്യരും അഴിമതി ഇല്ലാത്തവരും മാതൃകയുള്ളവരും നമ്മുടെ പ്രതിനിധിയാവട്ടെ.

അകം പൊരുൾ

# പൂവണിയാത്ത സ്വപ്നങ്ങൾ



തോമസ് തോന്നയ്ക്കൽ
09995642072

റൊണാൾഡ് റെയ്ഗൻ അമേരിക്കൻ പ്രസിഡന്റായിരിക്കുന്നകാലം. അമേരിക്കയുടെ ബഹിരാകാശ ഷട്ടിൽ പരിപാടി വിജയകരമായി കുതിച്ചു. ഒരു സാധാരണ പൗരനെകൂടി ഷട്ടിൽ യാത്രയിൽ ഉൾപ്പെടുത്തണമെന്ന് പ്രസിഡന്റ് തീരുമാനം പ്രഖ്യാപിച്ചു. തെരഞ്ഞെടുക്കപ്പെടുന്ന ആ പൗരൻ ഒരു അദ്ധ്യാപകൻ ആയിരിക്കണമെന്നും നിഷ്കർഷിച്ചിരുന്നു. ശാസ്ത്രവിഷയങ്ങൾ അദ്ധ്യാപകരുടെയും വിദ്യാർത്ഥികളുടെയും മധ്യേ പ്രോത്സാഹിപ്പിക്കുവാനുള്ള ഒരു പ്രത്യേക പരിപാടിയുടെ ഭാഗമായിരുന്നു ആ യാത്ര.

ഷട്ടിൽ യാത്രയിൽ പങ്കെടുക്കുവാൻ ആയിരക്കണക്കിന് അദ്ധ്യാപകരാണ് അപേക്ഷ നൽകിയത്. അതിൽ നിന്ന് സ്ത്രീകൾ ഉൾപ്പെടെ നൂറ് പേരെ തെരഞ്ഞെടുത്ത് ബഹിരാകാശ പരിപാടിയുടെ കേന്ദ്രമായ നാസയിലേക്കു പരിശീലനത്തിന് അയച്ചു. കൂട്ടത്തിൽ ശാസ്ത്രാധ്യാപകനായ ഫ്രാങ്ക് ബ്ലേസക്കും ഉണ്ടായിരുന്നു ബഹിരാകാശ യാത്രയോടുള്ള മോഹം ഫ്രാങ്കിന് പതിമൂന്നാം വയസിൽ തുടങ്ങിയതാണ്. ഒരു ഗ്രാമത്തിൽ ഒരു പാവപ്പെട്ട കുടുംബത്തിൽ ജനിച്ച ഫ്രാങ്കിന്റെ മോഹം ഒരു സ്വപ്നമായി മാത്രം അവശേഷിച്ചു. കോളേജ് പഠനശേഷം ശാസ്ത്രത്തോടുള്ള ആഭിമുഖ്യം നിമിത്തം ഒരു ശാസ്ത്രധ്യാപകനായി ഫ്രാങ്ക് ജോലിയിൽ പ്രവേശിച്ചു. പക്ഷെ ബഹിരാകാശ കാര്യങ്ങളിലുള്ള താല്പര്യം വെടിയാത്ത ഫ്രാങ്ക് തന്റെ വിദ്യാർത്ഥികൾക്കു ബഹിരാകാശ കാര്യങ്ങളിലുള്ള വിജ്ഞാനം പകർന്നു കൊടുത്തു. അങ്ങനെയിരിക്കുമ്പോഴാണ് സാധാരണ പൗരന്മാരായ അദ്ധ്യാപകർക്കുള്ള ബഹിരാകാശ യാത്രയെക്കുറിച്ച് ഫ്രാങ്കറിയുന്നതും നൂറ് പേർക്കൊപ്പം പരിശീലനത്തിന് തെരഞ്ഞെടുക്കപ്പെടുന്നതും.

ഫ്ളോറിഡായിലെ കെന്നഡി സ്പേസ് സെന്ററിൽ ഫ്രാങ്കിന് ലഭിച്ച പരിശീലനം ആവേശകരമായിരുന്നു. രാജ്യത്തിന്റെ നാനാഭാഗങ്ങളിൽ നിന്നും വന്ന അദ്ധ്യാപകർക്കൊപ്പം പരിശീലനം നടത്തുമ്പോൾ തന്റെ സ്വപ്നം സാക്ഷാത്ക്കരിക്കപ്പെടാൻ ഫ്രാങ്ക് ആത്മാർത്ഥമായി പ്രാർത്ഥിച്ചു. ഫ്രാങ്കിനൊപ്പം കുടുംബാംഗങ്ങളും വിദ്യാർത്ഥികളും നിരന്തരം പ്രാർത്ഥിച്ചു.

പക്ഷെ സംഭവിച്ചത് വീപരീതങ്ങളായിരുന്നു. ഷട്ടിൽ യാത്രയ്ക്കു നാസ തെരഞ്ഞെടുത്തത് ക്രിസ്റ്റമക് ഓലിഫ് എന്ന അദ്ധ്യാപികയെയായിരുന്നു. വാർത്തയറിഞ്ഞ ഫ്രാങ്ക് തളർന്നുപോയി. തന്റെ ഏറ്റവും വലിയ സ്വപ്നം പൂവണിയാതെപോകുന്നതിൽ ഫ്രാങ്കിന് കടുത്ത നിരാശ തോന്നി. ആശ്വാസത്തിനായി ഫ്രാങ്ക് തന്റെ പിതാവിനോട് സംസാരിച്ചു. അദ്ദേഹം പറഞ്ഞു:"എന്തു സംഭവിച്ചാലും അതിനു കാരണമുണ്ട്" പക്ഷെ ഇതൊന്നും ഫ്രാങ്കിന് ആശ്വാസം നൽകിയില്ല.

1986 ജനുവരി 28-ന് ക്രിസ്റ്റമക് ഓലിഫും മറ്റ് ആറു പേരും കയറിയ ചലഞ്ചർ എന്ന ബഹിരാകാശ പേടകം കുതിച്ചുയർന്നു. ഈ കാഴ്ച ടെലിവിഷനിൽ കണ്ടുകൊണ്ടിരുന്ന ഫ്രാങ്കിന് അത് വിശ്വസിക്കാനായില്ല. മിനിറ്റുകൾക്കുള്ളിൽ ചലഞ്ചർ പൊട്ടി തകർന്ന് ഒരു തീഗോളമായി പതിച്ചു. ക്രിസ്റ്റ ഉൾപ്പെടെ ഏഴുപേർ അകാലത്തിൽ പൊലിഞ്ഞു.

ഈ സംഭവം ഫ്രാങ്കിന്റെ അകക്കണ്ണ് തുറന്നു. പിതാവ് പറഞ്ഞതിന്റെ പൊരുൾ അപ്പോഴാണ് തിരിച്ചറിഞ്ഞത്. ബഹിരാകാശ യാത്രയിൽ നിന്നും തള്ളപ്പെട്ടപ്പോൾ കടുത്ത നിരാശ തോന്നിയെങ്കിലും തന്നെക്കുറിച്ചുള്ള ദൈവഹിതവും പരിപാലനവും തിരിച്ചറിഞ്ഞ ഫ്രാങ്ക് ദൈവത്തെ സ്തുതിച്ചു.

അപ്പോസ്തലനായ പാലോസ് പറയുന്നു: "എന്നാൽ ദൈവത്തെ സ്നേഹിക്കുന്നവർക്കു, നിർണ്ണയപ്രകാരം വിളിക്കപ്പെട്ടവർക്കു തന്നെ സകലവും നന്മക്കായി കൂടി വ്യാപരിക്കുന്നു എന്നു നാം അറിയുന്നു". (റോമർ 8:28). ദൈവമക്കൾക്കു സംഭവിക്കുന്ന കഷ്ടങ്ങളും നഷ്ടങ്ങളും ദൈവം നന്മയാക്കി മാറ്റും. ദൈവഹിതത്തിന്റെ പൊരുൾ ആദ്യം നമുക്കു മനസ്സിലാകയില്ല. ദൈവം തടയുന്ന വഴികളുണ്ട്. ചിലപ്പോൾ നമ്മുടെ മുമ്പും പിമ്പും അടയപ്പെടും. രോഗികളായി മാറും, അപകടത്തിൽപ്പെടും, ആശിച്ച ഉദ്യോഗം നഷ്ടപ്പെടും, മോഹിച്ച വിവാഹം നടക്കാതെ പോകും. ഇതിൽ ദൈവത്തിന്റെ കരം ചിലപ്പോൾ ഉണ്ടാകാം. അത് നാം തിരിച്ചറിയണം. നമ്മുടെ പ്രശ്നങ്ങളെ ദൈവം നന്മയാക്കി മാറ്റും. ഒടുവിലെ ആ നന്മ തിരിച്ചറിയു.

രണ്ടാം ലോകമഹായുദ്ധക്കാലത്ത് ബ്രിട്ടന്റെ ഒരു സൈനിക മേധാവി ഒരു പട്ടാള ഉദ്യോഗസ്ഥനെ വളരെയകലെയുള്ള ഒരു ക്യാമ്പിലെത്താൻ അടിയന്തര സന്ദേശം നൽകി. ആ ഉദ്യോഗസ്ഥൻ രാത്രിയിൽ കുതിരപ്പുറത്ത് വളരെ സഞ്ചരിച്ച് നിർദ്ദിഷ്ട ക്യാമ്പിലെത്തി. അവിടെയെത്തിയപ്പോൾ ഒരു കാരണവും കൂടാതെ വീണ്ടും മടങ്ങിപോകാൻ മേലധികാരി കല്പിച്ചു. ആ പട്ടാളക്കാരൻ വളരെ നിരാശയോടെയാണ് മടങ്ങിപോയത്. തന്റെ ക്യാമ്പിലെത്തിയ പട്ടാളക്കാരൻ ആ രംഗം കണ്ട് ഞെട്ടിപ്പോയി. രാത്രിയിൽ ശത്രുക്കൾ ക്യാമ്പ് ബോംബിട്ട് നശിപ്പിച്ചിരിക്കുന്നു. ക്യാമ്പിലില്ലായിരുന്ന പട്ടാളക്കാരൻ അത്ഭുതകരമായി രക്ഷപ്പെടുകയായിരുന്നു. ചില സാഹചര്യങ്ങളിൽ നിന്നും ദൈവം നമ്മെ നിർബന്ധമായി ഒഴിപ്പിക്കും. ജോലി നഷ്ടമാകും. ഇഷ്ടകേന്ദ്രങ്ങൾ വിടേണ്ടിവരും. ചിലത് ചിലർ ദോഷമായി ചെയ്യും. എന്നാൽ നാം ദൈവത്തെ സ്നേഹിക്കുന്നവരെങ്കിൽ സകലവും നന്മയായി മാറും.

## കുഞ്ഞൂഞ്ഞു ഉപദേശി (പാസ്റ്റർ കെ. വി. മാത്യു, പൊന്നോലിൽ) യുടെ ജീവചരിത്രം പ്രസിദ്ധീകരിക്കുന്നു



കേരളത്തിൽ മദ്ധ്യ തിരുവിതാംകൂർ, മലബാർ സ്ഥലങ്ങളിൽ ദീർഘ വർഷങ്ങൾ സുവിശേഷ വേലയിൽ വ്യാപൃതനായിരുന്ന കുഞ്ഞൂഞ്ഞു ഉപദേശിയെക്കുറിച്ചുള്ള വിവരങ്ങൾ, അനുഭവങ്ങൾ, ഫോട്ടോകൾ തുടങ്ങിയവ കൈവശമുള്ളവർ താഴെ കാണുന്ന സൗകര്യപ്രദമായ വിലാസത്തിൽ 05/31/ 2011 ന് മുൻപ് അയച്ചു തരണമെന്ന് അഭ്യർത്ഥിക്കുന്നു.

ഫോട്ടോകൾ തിരികെ അയച്ചു തരുന്നതാണ്

| USA | Kerala |
|---|---|
| Moncy Ponnolil | P. V. George |
| 12547 Winfield Scott Blvd., | Ponnolil House |
| Orlando, FL 32837, | Othera P.O, Thiruvalla |
| USA | Kerala - 689 54 |

E-mail: moncyponnolil@gmail.com

വേദശാസ്ത്ര പഠനം

ക്രമീകൃത ദൈവശാസ്ത്രം

– കഴിഞ്ഞ ലക്കം തുടർച്ച–

# ദൈവീക നാമങ്ങൾ



എഡിസൺ തോമസ്, വേങ്ങൂർ

എബ്രായ ചിന്തയിൽ പേരുകൾക്കു വളരെ പ്രാധാന്യവും സ്ഥാനവുമുണ്ട്. വിശുദ്ധ ബൈബളിൽ ദൈവത്തെ പല പേരുകളിലാണ് വിശേഷിപ്പിച്ചിരിക്കുന്നത്.

A. അടിസ്ഥാന പേരുകൾ

1. എലോഹിം – 'ബലവാൻ, ശക്തൻ' ഉല്പ 1:1, ആവ. 5:9
2. യഹോവ – 'ആകുന്നു' പുറ 3:14
3. അഡോണായ് – കർത്താവ്, ഭരണാധികാരി,യജമാനൻ, ആവർ. 6:4
4. തിയോസ് – ദൈവം, ഉല്പ. 1:1, ആവർത്തനം 6:4
5. കുറിയോസ് – കർത്താവ് , യോഹ 20:28, റോമ 10: 9
6. പാറ്റർ – പിതാവ് മത്തായി 6:9

b. സംയുക്ത പേരുകൾ

1. യഹോവ – എലോഹിം = നിത്യനായ യഹോവ ഉല്പ. 2:4
2. യഹോവ – അദോനായിം = കർത്താവായ യഹോവ, ഉല്പ. 15:2
3. യഹോവ – യിരേ = യഹോവ കരുതിക്കൊള്ളും ഉല്പ,.22:8
4. .യഹോവ – നിസ്സി = യഹോവ എന്റെ കൊടി, പുറ 17:15
5. യഹോവ. – റാഫാ = യഹോവ സൗഖ്യമാക്കുന്നവൻ പുറ 15:26
6. യഹോവ – ശലോം = യഹോവ നമ്മുടെ സമാധാനം = ന്യായ 6:24
7. യഹോവ – സിദക്കേനു = യഹോവ നമ്മുടെ നീതി, യിരെ 23:6, 33:16
8. യഹോവ – മക്കദ്ദേശം = യഹോവ നമ്മേ ശുദ്ധീകരിക്കുന്നവൻ. യെഹെ 20:12
9. യഹോവ – സാബോത്ത് = സൈന്യങ്ങളുടെ യഹോവ , 1 ശമു 1:3
10. യഹോവ – ശമ്മ = യഹോവ സമീപസ്ഥൻ
11. യഹോവ – ഏലിയോൻ = അത്യുന്നതനായ യഹോവ. സങ്കീ. 7:17
12. യഹോവ – റാഹ് = യഹോവ എന്റെ ഇടയൻ സങ്കീ.23:1
13. യഹോവ – നക്കേന് = ദണ്ഡിപ്പിക്കുന്ന യഹോവ, യെഹെ 7:9
14. യഹോവ – ഹോശേനു = യഹോവ നമ്മേ നിർമ്മിച്ചവൻ സങ്കീ. 95:6
15. യഹോവ – ഏലോഹേനു = യഹോവ നമ്മുടെ ദൈവം. സങ്കീ. 99:5

ദൈവീക നാമങ്ങൾ മഹത്തായ വെളിപ്പാടുകളത്രേ. ദൈവത്തിന്റെ ആളത്വം, സ്വഭാവം, പ്രവൃത്തി തുടങ്ങിയ കാര്യങ്ങൾ തന്റെ നാമങ്ങളിൽ അന്തർലീനമായിരിക്കുന്നു.

**ദൈവത്തിന്റെ വിശേഷ ലക്ഷണങ്ങൾ**

ദൈവത്തിന്റെ സ്വഭാവത്തെക്കുറിയ്ക്കുന്ന ചില പ്രത്യേക യോഗ്യതകൾ വെളിപ്പെടുത്തുന്ന അനേക പ്രസ്താവനകൾ തിരുവചനത്തിൽ കാണുന്നു. അവയെ ദൈവത്തിന്റെ വിശേഷ ലക്ഷണങ്ങൾ എന്നു പറയുന്നു. ദൈവത്തിന്റെ നിസ്തുല്യതയേയും, മഹത്വത്തെയും കുറിയ്ക്കുന്ന ചിലഗുണ വിശേഷങ്ങളെപ്പറ്റി ചിന്തിക്കാം. ദൈവത്തിന്റെ വിശേഷലക്ഷണങ്ങളെ രണ്ടായി തിരിക്കാം.

1. ദൈവത്തിന്റെ ആന്തരിക സ്വഭാവങ്ങൾ – ദൈവത്തിനു തന്നിൽ തന്നെ ഉള്ളതും തികവുറ്റതുമായ സ്വഭാവങ്ങൾ

എ. സർവ്വശക്തൻ, ഉല്പ. 17:1

ബി. സർവ്വവ്യാപി, സങ്കീ. 139:7–12

സി. സർവ്വ ജ്ഞാനി, സങ്കീ. 139:2

ഡി. പരമാധികാരി, അ.പ്രവൃ. 17:28

ഇ. സ്വയാസ്തിത്വം, പുറ. 3:14, എബ്രാ 2:10, കൊലോ 1:1

എഫ്. മാറാത്തവൻ, മലാഖി. 3:6

2. ദൈവത്തിലും തന്റെ സൃഷ്ടിയിലും (മനുഷ്യരിൽ) ഒരളവുവരെ കാണപ്പെടുന്ന അഥവാ പകരപ്പെടുന്ന സ്വഭാവ വിശേഷങ്ങൾ

എ. വിശുദ്ധി, ലേവ്യ 14:45

ബി. സ്നേഹം 1യോഹ 4:8,16

സി. നീതിയും ന്യായവും. സങ്കീ 89:14, മീഖാ 6:7–9

ഡി. കരുണ, വിലാപ 3:22

ഇ. കൃപ, എഫെ 2:8

എഫ്. ഔദാര്യത സങ്കീ 146:8

ജി. സത്യസന്ധത യെശ 34:16, 2 കൊരി 2:17

ദൈവത്തിൽ എന്നേക്കും സ്ഥിരമായിരിക്കുന്നതും ദൈവത്തിന്റേതും തന്റെ സൃഷ്ടികളിൽ പകർന്നിരിക്കുന്നതുമായ സ്വഭാവങ്ങളും ഉൾകൃഷ്ട ഗുണങ്ങളുമാണ് ദൈവത്തിന്റെ വിശേഷ ലക്ഷണങ്ങൾ.

(തുടരും....)

ഓ... യെരുശലേം പ്രതികരണം

# ഇത് ബാബിലോണിലേക്കുള്ള തിരിച്ചുപോക്ക്

കുര്യൻ തോമസ് , യു.എസ്.എ.

പെന്തെക്കോസ്ത് ഒരു ജീവിതരീതിയാണ്. നിർമ്മലമായ പ്രമാണങ്ങളുടെ അടിത്തറയിലാണ് അത് രൂപീകരിക്കപ്പെട്ടത്. പെന്തെക്കോസ്തർ ഒരു ആഗോള നവീകരണസമൂഹമാണ്. കർമ്മജഡിലമായ ആചാരങ്ങളോടും മിഥ്യാ ദർശനങ്ങളോടും കലഹിച്ചുകൊണ്ട് തനിമയാർന്ന ഉപദേശ സത്യങ്ങൾക്കുവേണ്ടി ഇറങ്ങി തിരിച്ചവരാണ് നമ്മുടെ പൂർവ്വകർ. അവർ പുലർത്തിയ ജീവിത ദർശനങ്ങൾ ആദരിക്കപ്പെടുന്നതായിരുന്നു. ഈ ലോകം അവർക്കു യോഗ്യമല്ലായിരുന്നു. ഈ ലോകത്തോടും അതിന്റെ പ്രമാണങ്ങളോടും അവർ കലഹിച്ചുകൊണ്ടിരുന്നു. അതിന്റെ പേരിൽ അവർ ആക്രമിയ്ക്കപ്പെട്ടു. സമൂഹത്തിന്റെ പ്രമാണങ്ങളോടും ജീവിത ശൈലികളോടും അകലം പാലിച്ചതുകൊണ്ട് അവർ ഒറ്റപ്പെട്ടു. പൂർവ്വികരുടെ ലാളിത്യം, സമ്പത്തിനോടുള്ള നിഷേധാത്മക സമീപനം, വിശുദ്ധിയ്ക്കും പെന്തെക്കോസ്ത് ധാർമ്മികതയുമുള്ള ഊന്നൽ എല്ലാം വളരെ ശ്രദ്ധേയമായിരുന്നു.

പെന്തെക്കോസ്തുകാർ ആഴമായ ധാർമ്മിക മൂല്യങ്ങൾ വച്ചു പുലർത്തുന്നവരാണെന്നതിനാൽ വളരെ ഉന്നതമായ അഭിപ്രായമായിരുന്ന പൊതുജന മദ്ധ്യത്തിൽ ഉണ്ടായിരുന്നത്. പെന്തെക്കോസ്ത് ധാർമ്മികത വളരെ ഉറപ്പിക്കപ്പെടുന്നതാണ്. എല്ലാ വിഭാഗങ്ങൾക്കിടയിലും ഏകരൂപം ഇല്ലെങ്കിലും തങ്ങൾക്ക് യോജിച്ച ചിന്താഗതികൾ പുലർത്തുന്നു. മീശ മുതൽ ആഭരണങ്ങൾ വരെയുള്ള വിഷയങ്ങൾ ഉദാഹരണമായി പറയുവാൻ കഴിയും. പെന്തെക്കോസ്തു മുന്നേറ്റത്തിന്റെ ആവിർഭാവം തന്നെ ഹോളിനസ് മൂവ്മെന്റുമായി ബന്ധപ്പെട്ടു നിൽക്കുന്നു. വിശുദ്ധിയുടെ പൂർണ്ണത എന്ന ചിന്താഗതി ജോൺ വെസ്ലി പുലർത്തിയിരുന്നു. വിശുദ്ധീകരണം എന്ന ചിന്തയിലധിഷ്ഠിതമാണ് പെന്തെക്കോസ്ത് ധാർമ്മീക വീക്ഷണം. കേരള പശ്ചാത്തലത്തിൽ 'വേർപാട്' എന്ന പദമാണ് സാധാരണയായി ഉപയോഗിക്കാറുള്ളത്. ലോകത്തിന്റെ മാതൃക നാം സ്വീകരിക്കരുതെന്നും മറ്റുള്ളവരുടെ ജീവിതശൈലിയെ തിരസ്ക്കരിക്കണമെന്നും പഠിപ്പിക്കുന്നു.

ദൈവോന്മുഖമായ ജീവിതം നവീകരണത്തിന്റെ പാഥേയമാണ്. വിവാഹപൂർവ്വ, വിവാഹേതര ബന്ധങ്ങൾ, വിവാഹമോചനം, സ്വവർഗ്ഗരതി ഇതിനെയെല്ലാം പെന്തെക്കോസ്ത് ധർമ്മശാസ്ത്രം എതിർക്കുന്നു. പുകവലി, മദ്യം, മയക്കുമരുന്ന് എന്നിവ വിശുദ്ധിയ്ക്ക് ചേരാത്തവയായി പെന്തെക്കോസ്തർ കരുതുന്നു. പുകയില തിന്നുന്നതും മുറുകുന്നതും വിലക്കിയിരുന്നു. ആദ്യകാലഘട്ടങ്ങളിൽ പെന്തെക്കോസ്തുകാർ വെറ്റില കൊടിയും കവുങ്ങും വെട്ടിക്കളഞ്ഞു. മാത്രമല്ല തെങ്ങു ചെത്താനും കൊടുത്തില്ല. ഇന്നു ആ സ്ഥിതിയൊക്കെ മാറിയിരിക്കുന്നു. ഇന്ന് പെന്തെക്കോസ്ത് ധാർമ്മീകത ചോദ്യം ചെയ്യപ്പെടുന്നു. ഇന്ന് സ്വന്തമായി സിനിമ നിർമ്മിക്കുന്നു. യരുശലേമിലേക്ക് പുണ്യയാത്ര നടത്തുന്നു. ഇത് പെന്തെക്കോസ്ത് ധാർമ്മികതയുടെ അപചയമല്ലാതെ പിന്നെയെന്താണ്.

ബാബിലോന്യ മർമ്മങ്ങളാകുന്ന ദുഷിച്ച പദ്ധതി ആരംഭിച്ചത് പൂർവ്വ പിതാക്കന്മാരുടെ കാലത്തായിരുന്നു. ആ കാലം സുവിശേഷ വെളിച്ചമുണ്ടായിരുന്ന കാലമായിരിന്നിട്ട് പോലും. അങ്ങനെതന്നെയാണ് റോമാ സഭയിൽ അശുദ്ധവും വേദവിപരീതവുമായ ദുഷിച്ച പദ്ധതികൾ ആരംഭിച്ചത്. ഇത് പ്രാരംഭത്തിൽ രഹസ്യമായും സാവധാനത്തിലുമാണ് സഭയിലേക്ക് പ്രവേശിക്കുന്നത്. അനീതിയുടെ സകല വഞ്ചനയോടും കൂടെ ജീർണ്ണതകൾ ക്രിസ്തു സഭയിലേക്ക് നുഴഞ്ഞു കടന്നു. വ്യാജ ഭാവനകളോടുകൂടെ അത് നിഗൂഡമായി പ്രവർത്തിച്ച് ക്രിസ്തുയേശുവിലുള്ള സത്യത്തിന്റെ പാതയിൽ നിന്ന് ജനത്തെ വഴിതെറ്റിച്ചു കളഞ്ഞു. ബാബിലോണിലെ മർമ്മങ്ങളിലേക്ക് വിഗ്രഹാരാധന അടക്കമുള്ള അശുദ്ധികൾ ഏതൊരു കാരണത്താൽ രഹസ്യമായി പ്രവേശിപ്പിച്ചുവോ അതേ കാരണത്താൽ തന്നെ പാപ്പാമതവും ഇതു രഹസ്യമായി പ്രവേശിക്കുകയാണ് ചെയ്തത്.

ഇന്നും അതീവ രഹസ്യമായിട്ടാണ് സാത്താൻ ദുഷിച്ച പദ്ധതികൾ സഭയിലേക്ക് ഒളിച്ചു കടത്തുന്നത്. അതിനായി സാത്താൻ കൈയിലെടുക്കുന്നത് സഭാനേതാക്കന്മാരെയാണ്. നിങ്ങളെ നടത്തുന്നവർ നിങ്ങളെ തെറ്റിക്കുമെന്ന് യെശയ്യാവ് പ്രവാചകൻ പറഞ്ഞത് ഇപ്പോൾ അന്വർത്ഥമായിരിക്കുന്നു (യെശ: 9:16). ലോക പ്രസിദ്ധനായ ഒരു പെന്തെക്കോസ്ത് നേതാവ് എപ്പിസ്കോപ്പസിയിലേക്ക് മടങ്ങിപോയത് നാം കണ്ടതാണ്; ഇപ്പോഴിതാ മറ്റൊരു 'ബാബിലോൺ ബാധ' നമ്മുടെ നേതാക്കന്മാരെ ബാധിച്ചിരിക്കുന്നു. റോമിലേക്കും, യരുശലേമിലേക്കും, ദമാസ്ക്കസിലേക്കും പുണ്യയാത്ര നടത്തുന്നവർ അംശവടിയും പിടിച്ച് സ്വയം തിരുമേനിയായി പ്രഖ്യാപിച്ച വ്യക്തിയുടെ വഴിയിലൂടെയാണ് സഞ്ചരിക്കുന്നത്. ഇത് വിശ്വാസത്യാഗത്തിന്റെ ലക്ഷണമാണ്.

തിരുശേഷിപ്പുകളെ ആരാധിക്കുക, മരിച്ചവരുടെ കല്ലറകൾ സന്ദർശിക്കുക എന്നത് മ്ലേച്ഛതയായി വചനം കണ്ടിരുന്നു. മോശയുടെ ശവക്കുഴിയുടെ സ്ഥലം ആരും അറിയുന്നില്ല (ആവർത്തനം:34:5–6). വചനം ഇതിന് പ്രാധാന്യം നല്കുന്നില്ല. റോമാസഭ പുലർത്തി പോരുന്ന ഈ മ്ലേച്ഛത അഞ്ചാം ശതാബ്ദ്തതിലാണ് സഭയിൽ പ്രവേശിച്ചത്. ഗ്രീസിൽ ദേവാന്മാരാക്കപ്പെട്ട യുദ്ധവീരന്മാരുടെ അസ്ഥികളെ വണങ്ങിയിരുന്നു. ഈജിപ്തിലെ ഓസിറിസിന്റെ തിരുശേഷിപ്പുകൾ അടക്കപ്പെട്ടിരുന്ന സ്ഥലങ്ങൾ വിശുദ്ധമായി കണക്കാക്കപ്പെട്ടിരുന്നു. തീർത്ഥയാത്രകൾ പുറം ജാതിയിൽ നിന്നുമാണ് കടന്നുവന്നത് എന്ന് ചരിത്ര യാഥാർത്ഥ്യമാണ്. വിശുദ്ധന്മാരുടെ കബറിങ്കലേക്കുള്ള പുണ്യയാത്രയ്ക്ക് റോമാസഭ പ്രാധാന്യം കല്പിച്ചിരുന്നു. പാപം കഴുകിക്കളയപ്പെടുന്നതിനുള്ള പല മാർഗ്ഗങ്ങളിൽ തൂണായി ഇതിനെ കണ്ടിരുന്നു. പുണ്യവാളന്റെ പുണ്യസ്ഥലത്തേക്കോ, യരുശലേമിൽ കർത്താവിന്റെ കബറിങ്കലേക്കോ പോകുന്നത് പുണ്യമായി അവർ കരുതുന്നു. ഈ പുണ്യയാത്ര ബാബിലോന്യ മതത്തിൽ നിന്നു വായ്പ വാങ്ങിയതാണെന്ന് സ്പഷ്ടമാണ്. വിശുദ്ധ നാടുകളിലേക്ക് ഭക്തിഘോഷയാത്ര നടത്തുന്നവർ അതിൽ നിന്നും പിന്മാറണം. ഇത് പെന്തെക്കോസ്ത് മൂല്യങ്ങളെ നിരാകരിക്കുന്നതും നവീകരണ സമൂഹത്തിന് യോഗ്യമല്ലാത്തതുമാണ്. വിട്ടു പോന്നതിന് ഓർക്കാൻ പോലും തയ്യാറാകാതിരുന്നു പൂർവ്വീകന്മാരുടെ ഈ മാർഗ്ഗത്തെ ലക്ഷണങ്ങൾ കമ്മീഷൻ കിട്ടാൻ വേണ്ടി ബലികഴിക്കരുത്. ഇത് ബാബിലോണിലേക്കുള്ള തിരിച്ചുപോക്കാണ്.

## ആലയ സമർപ്പണ ശുശ്രൂഷ

**കാനം:** ന്യൂ ഇൻഡ്യാ ബൈബിൾ ചർച്ചിനുവേണ്ടി പുതുക്കിപ്പണിത കാനം, ന്യൂ ഇൻഡ്യാ ബൈബിൾ ചർച്ച് ആരാധനയ്ക്കായി സമർപ്പിച്ചു. 2011 മാർച്ച് 12 ന് ന്യൂ ഇൻഡ്യാ ബൈബിൾ ചർച്ച് പ്രസിഡന്റ് റവ. തോമസ് ഫിലിപ്പ് ശുശ്രൂഷ നിർവ്വഹിച്ചു. മുണ്ടക്കയം സെന്റർ മാസയോഗത്തിൽ ഡോ. ജെയ്സൺ തോമസ്, പാസ്റ്റർമാരായ പി. പി. കുര്യൻ, വി. സി. യോഹന്നാൻ, വി. കെ. ഏബ്രഹാം, തോമസ് മാത്യു, സുവി. മർക്കോസ് എന്നിവർ പ്രസംഗിച്ചു

**അറിയിപ്പ്........**

ബിനു ജോസഫ് വടശ്ശേരിക്കരയുടെ *യുവജന പംക്തി* അടുത്ത ലക്കത്തിൽ തുടരും...

## ഐ. പി.സി. കേരളാ സ്റ്റേറ്റ് സ്ഥലമാറ്റ ഓർഡർ പ്രസിദ്ധീകരിച്ചു

**കുമ്പനാട്:** ഇൻഡ്യാ പെന്തെക്കോസ്തു ദൈവസഭ കേരളാ സ്റ്റേറ്റിലെ ശുശ്രൂഷകന്മാരുടെ 2011 ലെ സ്ഥലമാറ്റ ക്രമീകരണങ്ങൾ പൂർത്തിയായി. മാർച്ച് 15നു കുമ്പനാട് കൗൺസിൽ ഹാളിൽ കൂടിയ യോഗത്തിൽ ഓർഡറിന്റെ ആദ്യകോപ്പി സ്റ്റേറ്റ് സെക്രട്ടറി പാ. ഫിലിപ്പ്. പി. തോമസ് പ്രസിഡന്റ് പാ. കെ. എം. ജോസഫിനു കൈമാറി. 498 ശുശ്രൂഷകന്മാർക്കാണ് ഈ വർഷം സ്ഥലം മാറ്റം ഉള്ളത്. നിലവിൽ സഭാ ചാർജിലുള്ള എല്ലാവർക്കും സഭാ ചാർജ് നൽകിയിട്ടുണ്ട്. ഏപ്രിൽ 17നും 24 നുമുള്ളിൽ ശുശ്രൂഷകന്മാർ പുതിയ സഭകളിൽ ചാർജ്ജ് എടുക്കേണ്ടതാണ്. സ്ഥലം മാറി പോകുന്ന ശുശ്രൂഷകന്മാർക്ക് സഭകളിൽ യോഗ്യമായ യാത്രയപ്പും പുതുതായി വരുന്നവർക്ക് യോഗ്യമായ സ്വീകരണവും നൽകേണ്ടതാണ്.

# പെനിയേൽ സെമിനാരി ബിരുദദാന ശുശ്രൂഷ

പെനിയേൽ ബൈബിൾ സെമിനാരിയുടെ 28-ാമത് ബിരുദദാന ശുശ്രൂഷ പെനിയേൽ ഓഡിറ്റോറിയത്തിൽ 2011 ജനുവരി 14 വെള്ളിയാഴ്ച പകൽ 10മണിക്ക് സ്ഥാപക പ്രസിഡന്റ് ഡോ. സി. പി. വർഗ്ഗീസിന്റെ അദ്ധ്യക്ഷതയിൽ നടത്തപ്പെട്ടു. മുഖ്യാഥിതിയായിരുന്ന റവ. ഡോ. പി. സ്. ഫിലിപ്പ് നിന്നെത്തന്നേയും ഉപദേശത്തേയും സൂക്ഷിച്ചുകൊള്ളുക എന്ന വിഷയത്തെ അടിസ്ഥാനമാക്കി സന്ദേശം നല്കി. M.Div., B.Th., Dip.Th., C.Th., Certificate കോഴ്സുകളിൽ വിജയകരമായി പഠനം പൂർത്തിയാക്കിയ 49 വിദ്യാർത്ഥിനീ വിദ്യാർത്ഥികൾക്ക് ബിരുദവും, സർട്ടിഫിക്കറ്റുകളും പ്രസിഡന്റ് നൽകി. ഇവാ. എം. ജെ. സാംകുട്ടി സ്വാഗതവും, പാസ്ററർ. ശാമുവേൽ എഡിസൻ കൃതജ്ഞതയും രേഖപ്പെടുത്തി.

അടുത്ത അദ്ധ്യയന വർഷത്തെ ക്ലാസ്സുകൾ 2011 മെയ് മാസം ആരംഭിക്കും. പുതിയ ബാച്ചിലേക്കുള്ള അഡ്മിഷൻ ആരംഭിച്ചിരിക്കുന്നു.

## ഡിസ്ട്രിക്ട് കൺവൻഷൻ

**കോട്ടയം:** ഇന്ത്യാ ദൈവസഭാ കോട്ടയം ടൗൺ ഡിസ്ട്രിക്ട് കൺവൻഷൻ തിരുനക്കര മൈതാനത്തു നടന്നു. ഡിസ്ട്രിക്ട് പാസ്റ്റർ വി. പി. തോമസ് ഉദ്ഘാടനം ചെയ്തു. പാസ്റ്റർമാരായ എം. കുഞ്ഞപ്പി പി. സി. ചെറിയാൻ, ഇ. എം. ജോർജ്ജ്, കെ. ജെ. തോമസ്, സിസ്റ്റർ അഞ്ജലി പോൾ എന്നിവർ പ്രസംഗിച്ചു. തഞ്ചാവൂർ വില്യംസ്, ബറാഖാ മെലഡീസ് എന്നിവർ ഗാനശുശ്രൂഷ നിർവ്വഹിച്ചു.

## സോൾ വിന്നേഴ്സ് ഇൻഡ്യാ കൺവൻഷന് അനുഗ്രഹസമാപ്തി

സോൾവിന്നേഴ്സ് ഇൻഡ്യയുടെ 15-ാമതു കൺവൻഷനും ഗ്രാഡ്യുവേഷനും 2011 ഫെബ്രുവരി 25 ,26,27 എന്നീ തീയതികളിൽ ബദ്ഗ്വാഹായിൽ നടന്നു. ഇൻഡ്യയുടെ 12 സ്റ്റേറ്റുകളിൽ നിന്നുമുള്ള 68 ബൈബിൾ സ്കൂൾ വിദ്യാർത്ഥികൾക്ക് ഗ്രാഡ്വേഷൻ നൽകി. 25ന് രാവിലെ 9.30 ന് റവ. കെ. ഇ. ഈശോ കൺവൻഷൻ ഉദ്ഘാടനം ചെയ്തു. 25-ാമതു ആരംഭിച്ച കൺവൻഷൻ 27 നു ഞായറാഴ്ച പാസ്റ്റർ ജോൺസൺ ഏബ്രഹാമിന്റെ നേതൃത്വത്തിൽ നടന്ന കർത്തൃമേശ ശുശ്രൂഷയോടും ആരാധനയോടും കൂടി സമാപിച്ചു. കൺവൻഷനിൽ റവ. റെ പോഫാം ബ്രദർ. ജെയിംസ് കൊളാകോട്ട് എന്നിവർ പ്രധാന പ്രാസംഗികരായിരുന്നു. അനേകർ കർത്താവിനെ രക്ഷിതാവായി അംഗീകരിക്കുകയും രോഗികൾ സൗഖ്യമാകുയും, ഭൂതബാധിതർ വിടുതൽ പ്രാപിക്കുകയും ചെയ്തു. ഇൻഡ്യയുടെ 20 സ്റ്റേറ്റുകളിൽ നിന്നും, നേപ്പാൾ, ഭൂട്ടാൻ തുടങ്ങിയ രാജ്യങ്ങളിൽ നിന്നുമായി കടന്നുവന്ന 100 കണക്കിന് കർത്തൃദാസന്മാരേയും വിശ്വാസികളേയും കൂടാതെ തദ്ദേശ വിശ്വാസികളും മറ്റനേകരും സംബന്ധിച്ച ഈ മഹായോഗത്തിൽ അവൻ എന്തു കല്പിച്ചാലും അതു ചെയ്‌വീൻ' എന്ന റവ. കെ. ജെ. ഈശോയുടെ യോഹ 2:5 ആസ്പദമാക്കിയുള്ള സമാപന ദൂത് സന്തോഷത്തോടെ ജനങ്ങൾ സ്വീകരിച്ചു.

## സെന്റർ കൺവൻഷൻ

**കൊല്ലം:** ഐ. പി.സി. കൊല്ലം സെന്റർ കൺവൻഷൻ ഫെബ്രുവരി 10 -13 കുളക്കട ഹൈസ്കൂളിന് സമീപം നടന്നു. പാസ്റ്റർ ജോസ്. കെ. ഏബ്രഹാമിന്റെ അദ്ധ്യക്ഷതയിൽ പാസ്റ്റർ കെ. സി. തോമസ്, റെജിമോൻ, ദാനിയേൽ കൊന്നനിൽക്കുന്നതിൽ, ഫിലിപ്പ് ജോൺ എന്നിവർ പ്രസംഗിച്ചു. ആരോമ ബീറ്റ്സ് ഗാന ശുശ്രൂഷ നിർവ്വഹിച്ചു.

## സുവിശേഷയോഗം

**കായംകുളം:** ഫെയ്ത്ത് ഗോസ്പൽ മിനിസ്ട്രിയുടെ ആഭിമുഖ്യത്തിൽ കായംകുളത്തും പരിസരപ്രദേശങ്ങളിലുമുള്ള വിവിധ ക്രൈസ്തവ സഭകളുടെ സഹകരണത്തോടെ നടത്തിവരുന്ന സുവിശേഷ യോഗം 2011 ഏപ്രിൽ 6 ബുധൻ മുതൽ 9 ശനിവരെ കായംകുളം ഫെയ്ത്ത് വർഷിപ്പ് സെന്റർ ഗ്രൗണ്ടിൽ നടക്കും. പാസ്റ്റർമാരായ എം. വി. വർഗീസ്, കെ. ജെ. തോമസ്, റ്റി.ഡി. ബാബു, ബാബു ചെറിയാൻ, ബി. മോനച്ചൻ എന്നിവർ പ്രസംഗിക്കും. സയോൺ സിംഗേഴ്സ് വെണ്ണിക്കുളം സംഗീത ശുശ്രൂഷയ്ക്ക് നേതൃത്വം നൽകും.

---

**കോഴഞ്ചേരി:** ചർച്ച് ഓഫ് ഗോഡ് ഇൻ ഇൻഡ്യ ഗിൽഗാൽ ഹാളിൽ ഫെബ്രു. 20-26 വരെ ഉപവാസ ഉണർവ്വുയോഗങ്ങളും, വാർഷിക പരീക്ഷകൾക്കായി തയ്യാറെടുക്കുന്ന കുട്ടികൾക്കു വേണ്ടിയുള്ള പ്രത്യേക പ്രാർത്ഥനകളും നടന്നു. പാസ്റ്റേഴ്സ് വിനോദ് തോമസ്, കെ.ഏ. ജോസ്, സി. എസ്സ്. ജേക്കബ്, നോബിൾ കെ. തോമസ് കുമളി എന്നിവർ പ്രസംഗിച്ചു. സഭാ യോഗത്തിൽ പാസ്റ്റർ ഷിബു കെ. മാത്യു മുഖ്യ പ്രഭാഷണം നടത്തി. പാസ്റ്റർ കെ. ഏ. ഡേവിഡ് ജയ്മോൻ നേതൃത്വം നൽകി.

**ചോദ്യോത്തര വേദി**




## നോസ്ട്രാഡമസ് ശ്രേഷ്ഠ പ്രവാചകനോ?

**ചോദ്യം:** ലോകം ഇന്നുവരെ കണ്ടിട്ടുള്ളതിൽവച്ചേറ്റവും ശ്രേഷ്ഠ പ്രവാചകനായി നോസ്ട്രാഡമസിനെ പാസ്റ്റർ പി.പി. കുര്യൻ തന്റെ പുസ്തകമായ 'സൃഷ്ടിമുതൽ പ്രളയം വരെ' (പേജ് 78 - ൽ) വിശേഷിപ്പിച്ചിരിക്കുന്നു.

ആരാണ് നോസ്ട്രാഡമസ്? എന്തുകൊണ്ട് അയാൾ പ്രസിദ്ധനായി? അയാളുടെ പ്രവചനങ്ങൾ തെറ്റിയിട്ടുണ്ടോ?

**ജേക്കബ് മാത്യൂസ്, ബാംഗ്ലൂർ**

**ഉത്തരം:** നോസ്ട്രാഡമസ്, 1503 ഡിസംബർ 14-ന് ഫ്രാൻസിൽ ജനിച്ചു. യഹൂദാ കുടുംബമായിരുന്നുവെങ്കിലും കത്തോലിക്കാ മത വിശ്വാസം സ്വീകരിച്ചവരായിരുന്നു അദ്ദേഹത്തിന്റെ മാതാപിതാക്കൾ. 26-ാം വയസ്സിൽ നോസ്ട്രാഡമസ് മെഡിക്കൽ ഡോക്ടറായി. ഫ്രാൻസിലെ ഹെൻറി രണ്ടാമൻ രാജാവിന്റെ ഭാര്യ കാതറിൻ രാജ്ഞിയുടെ ഉപദേശകനായിരുന്നു. ഡോക്ടറായ ശേഷം ആഭിചാര ഗ്രന്ഥങ്ങൾ പഠിക്കുന്നതിന് അദ്ദേഹം കൂടുതൽ ശ്രദ്ധ കേന്ദ്രീകരിച്ചു. 47-ാം വയസിൽ ജ്യോതിഷ പ്രവചന ഗ്രന്ഥങ്ങൾ രചിക്കാൻ തുടങ്ങി. മൊത്തം 6338 പ്രവചനങ്ങൾ നടത്തി. 'നൂറ്റാണ്ടുകൾ' എന്ന പ്രവചന പുസ്തകമാണ് അദ്ദേഹത്തെ പ്രസിദ്ധനാക്കിയത്. ഫ്രാൻസിലെ ഹെൻറി രണ്ടാമൻ രാജാവ് മരിച്ചത് നോസ്ട്രാഡമസ് പ്രവചിച്ചതു പോലെയാണ്. ആ കാലഘട്ടത്തിലെ പ്രസിദ്ധരായ പലരും അദ്ദേഹത്തോട് ജാതകങ്ങളും ഉപദേശങ്ങളും ആരാഞ്ഞിരുന്നു.

പ്രവചനം ഉണ്ടാകുന്നതിന് മുൻപ് അദ്ദേഹം മദ്യം ഉപയോഗിച്ചിരുന്നു. മദ്യ സേവയ്ക്കു ശേഷം വെള്ളോടുകൊണ്ടുള്ള (brass) ഒരു സ്റ്റൂളിലിരിക്കും. തന്റെ മാന്ത്രിക ദണ്ഡ് കാലുകൾക്കിടയിൽ വയ്ക്കും. ഭൂമിയുമായി ബന്ധം അധികരിപ്പിക്കുന്നതിന് ധരിച്ചിരിക്കുന്ന കുപ്പായവും കാലുകളും വെള്ളമൊഴിച്ച് നനച്ച് സാത്താന്യ ധ്യാനത്തിൽ മുഴുകും. അപ്പോൾ നോസ്ട്രാഡമസ് വിറയ്ക്കാൻ തുടങ്ങും. ഒരു വെള്ളി വെളിച്ചം തന്നിലേക്ക് പ്രവേശിക്കും. അപ്പോൾ ഭൂതാവേശിതനായി ദർശനങ്ങൾ ആരംഭിക്കും. അതെല്ലാം എഴുതിവെയ്ക്കും.

**നോസ്ട്രാഡമസിന്റെ നടക്കാതെപോയ അനേക പ്രവചനങ്ങളിൽ ചിലത്**

1) സോയ്ലൻഡ ഗ്രീൻ (Soylenta Green) ഭക്ഷിച്ചാൽ മാത്രമേ ജനങ്ങൾക്ക് ഭാവിയിൽ ആരോഗ്യമുണ്ടാകൂ എന്നദ്ദേഹം പ്രവചിച്ചു.

2) 2001 -ന് ശേഷം ലോകത്ത് ഭീകരന്മാരായ കുറ്റവാളികളുണ്ടാകില്ല.

3) കൊറിയൻ രാജ്യം ലോകത്തിലെ ഏറ്റവും വലിയ ശക്തിയാകും

4) രണ്ടാം ലോകമഹായുദ്ധത്തിൽ (1939 -1944) ജർമ്മനി ജയിക്കും

എങ്ങനെ വേണമെങ്കിലും വ്യാഖ്യാനിക്കാവുന്ന രീതിയിലാണ് പ്രവചനങ്ങളെല്ലാം. പ്രവചനങ്ങളെല്ലാം ശ്ലോകങ്ങളിലാണ്. ഗ്രീക്ക്, ഇറ്റാലിയൻ, ലാറ്റിൻ, പുരാതന ഇംഗ്ലീഷ് വാക്കുകൾ എന്നിവ ചേർത്താണ് എഴുതിയിരിക്കുന്നത്. അദ്ദേഹത്തിന്റെ പുസ്തകത്തിലെ 75-ാം ശ്ലോകത്തിന്റെ മലയാളഭാഷ താഴെ കൊടുക്കുന്നു. 'കൂടുതൽ ഉന്നതസ്ഥാനത്തേക്ക് പരിഗണിക്കപ്പെടേണ്ടതിനായി വലിയ പൈലറ്റിനെ സേനയിൽ നിന്നും വിട്ടുപോകുവാൻ രാജകല്പന അയയ്ക്കും. അവനെക്കുറിച്ച് മറിച്ചൊരു ഉത്തരവിറക്കി കഴിഞ്ഞ് ഏഴ് വർഷങ്ങൾ കഴിയുമ്പോൾ ഒരു അപരിഷ്കൃത സൈന്യം വെനീസിനെ ഭയചകിതമാക്കും'.

പ്രവചനം മനസ്സിലായില്ലെങ്കിൽ വിഷമിക്കേണ്ട. ആരെക്കുറിച്ചാണെന്ന് ആർക്കും ഒന്നും പിടികിട്ടാത്ത വിധത്തിലാണ് അത് എഴുതപ്പെട്ടിരിക്കുന്നത്. 62-ാം വയസ്സിൽ അദ്ദേഹം മരിച്ചു. ആത്മഹത്യ ചെയ്തതു പോലെയാണ് സാഹചര്യ തെളിവുകൾ. എങ്കിലും മരണശേഷം കത്തോലിക്ക സഭ അദ്ദേഹത്തെ ആദരിച്ചു.

**"നിങ്ങളുടെ ഇടയിൽ ഒരു പ്രവാചകനോ സ്വപ്നക്കാരനോ എഴുന്നേറ്റ് ഒരു അടയാളമോ അത്ഭുതമോ അറിയിക്കുകയും, ആ അടയാളമോ അത്ഭുതമോ, സംഭവിക്കുകയും ചെയ്തിട്ട് അവൻ നിന്നോട്: 'നാം ചെന്ന് നീ അറിഞ്ഞിട്ടില്ലാത്ത അന്യ ദൈവങ്ങളെ ആരാധിക്കാം' എന്നു പറഞ്ഞാൽ, ആ പ്രവാചകന്റെയോ സ്വപ്നക്കാരന്റെയോ വാക്ക് നീ അനുസരിക്കരുത്; നിങ്ങളുടെ ദൈവമായ യഹോവയെ പൂർണ്ണഹൃദയത്തോടും പൂർണ്ണ മനസ്സോടും നിങ്ങൾ സ്നേഹിക്കുന്നുവോ എന്ന് അറിയേണ്ടതിന് നിങ്ങളുടെ ദൈവമായ യഹോവ നിങ്ങളെ പരീക്ഷിക്കുകയാകുന്നു" (ആവർത്തനം 13:1-3).**

*ചോദ്യത്തിനുള്ള ഉത്തരം തയ്യാറാക്കിയത് താഴെക്കുറിക്കുന്ന രണ്ടു പുസ്തകങ്ങൾ പരിശോധിച്ചശേഷമാണ്.*

*1) Encyclopedia 'World Book International', 2) Dr. A. P. Daniel -ന്റെ പുസ്തകമായ 'ആത്മവ്യൂഹം'*

## പി. വൈ. പി. എ. വാർഷിക സെമിനാർ



പാസ്റ്റർ ബിനുജേക്കബ് പ്രസംഗിക്കുന്നു

**അഞ്ചൽ:** പി. വൈ. പി. എ അഞ്ചൽ സെന്റർ വാർഷിക സെമിനാർ റോയൽ ആഡിറ്റോറിയത്തിൽ നടന്നു. പാസ്റ്റർ ജോബി റ്റി. കെയുടെ അദ്ധ്യക്ഷതയിൽ പാസ്റ്റർ ബിനു ജേക്കബ് മുഖ്യ പ്രഭാഷണം നടത്തി. പാസ്റ്റർ കുഞ്ഞുമോൻ വർഗ്ഗീസ്, ഡോ. കുഞ്ഞപ്പൻ, സി. വർഗ്ഗീസ് എന്നിവർ പ്രസംഗിച്ചു.

## പെനിയേൽ സെമിനാരി പൂർവ്വ വിദ്യാർത്ഥി സമ്മേളനം

**കീഴില്ലം:** പെനിയേൽ സെമിനാരി പൂർവ്വവിദ്യാർത്ഥി സമ്മേളനം പെനിയേൽ ബൈബിൾ സെമിനാരിയുടെ ആഭിമുഖ്യത്തിൽ സെമിനാരി ഓഡിറ്റോറിയത്തിൽ നടന്നു. കേരളത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നു വന്ന പൂർവ്വ വിദ്യാർത്ഥികൾ അവരുടെ ശുശ്രൂഷ അനുഭവങ്ങൾ പങ്കുവച്ചത് പ്രശ്നങ്ങളിലും പീഢനങ്ങളിലും കൂടെ കടന്നുപോകുന്ന സുവിശേഷകർക്കു ഉത്തേജനം നല്കുന്നതായിരുന്നു. പൂർവ്വവിദ്യാർത്ഥികളിൽ ചിലർക്ക് തയ്യൽ മെഷീൻ, സൈക്കിൾ, ഹാന്റ് മൈക്ക് എന്നിവ ഡോ. സി. പി. വർഗ്ഗീസ് വിതരണം ചെയ്തു.

## ആലയ സമർപ്പണം

**തീയാടിക്കൽ:** വലിയകുന്നം ന്യൂ ഇൻഡ്യാ ബൈബിൾ ചർച്ചിനു വേണ്ടി പുതുതായി പണിത ആരാധനാലയത്തിന്റെ സമർപ്പണ ശുശ്രൂഷ 2011 മാർച്ച് 26 ശനി രാവിലെ 9.30 ന് ന്യൂ ഇൻഡ്യാ ബൈബിൾ ചർച്ച് സഭാ പ്രസിഡന്റ് റവ. തോമസ് ഫിലിപ്പ് നിർവ്വഹിക്കും. തുടർന്നു വലിയകുന്നം സഭയിൽ വച്ച് നടക്കുന്ന പായിപ്പാട് സെന്റർ മാസയോഗത്തിൽ ഡോ. ജെയ്സൺ തോമസ്, പ്രൊഫ. കെ. എം. ജോൺ, പാസ്റ്റർമാരായ പി. പി. കുര്യൻ, സി. കെ. തോമസ് എന്നിവർ പ്രസംഗിക്കും. പാസ്റ്റർ പി. റ്റി. മാത്യു ഇവിടെ ശുശ്രൂഷിക്കുന്നു.

## തെരഞ്ഞെടുത്തു

**ഇടുക്കി:** ഐ. പി.സി. ഇടുക്കി സൗത്ത് സെന്റർ ഭാരവാഹികളായി പാസ്റ്റർ കെ. വി. കുര്യൻ (പ്രസിഡന്റ്), പാസ്റ്റർ റ്റി.ജെ. തോമസ് (വൈ. പ്രസിഡന്റ്), ഇവാ. ജോസ് ചാക്കോ (സെക്രട്ടറി), ഇവ. ശമുവേൽ ജോർജ്ജ് (ജോ. സെക്രട്ടറി), ഇവ. ഗീവർഗ്ഗീസ് പണിക്കർ (ട്രഷറർ) എന്നിവരെ ജനറൽ ബോഡി തിരഞ്ഞെടുത്തു.



പെന്തെക്കോസ്തൽ അപ്പോളജെറ്റിക്സ് സെമിനാറിൽ
ഡോ. ജെയ്സൺ തോമസ് അവതരിപ്പിച്ച പ്രബന്ധത്തിന്റെ സംക്ഷിപ്ത രൂപം

– കഴിഞ്ഞ ലക്കം തുടർച്ച –

# പെന്തെക്കോസ്തിന്റെ തനിമ

ഡോ. ജയ്സൺ തോമസ്

പെന്തക്കോസ്ത് അന്നും ഇന്നും

നമ്മുടെ സ്വയാവലോകനത്തിൽ Insider - Outsider വീക്ഷണങ്ങൾ സമന്വയിക്കേണം. അത് ന്യായീകരണം മാത്രമാകരുത്, കുറ്റപ്പെടുത്തൽ മാത്രമാകരുത്, നിരാശ മാത്രമാകുരത്. ചില ചിന്തകൾ കുറിക്കട്ടെ.

✦ **പാരമ്പര്യമായ പൗരോഹിത്യവംശാവലിയല്ല, പരിശുദ്ധാത്മ പകർച്ചയാൽ ഉടലെടുത്ത കൂട്ടായ്മയാണ് പെന്തെക്കോസ്ത്.** അപ്പോസ്തോലനായ പത്രോസ് ദൈവനിവേശിതനായി വിഭാവനം ചെയ്ത 'രാജകീയ പുരോഹിത വർഗ്ഗം' എന്ന ആശയം പ്രവൃത്തി പഥത്തിലെത്തിച്ച സമൂഹം ജാതി, മത, വർഗ്ഗ, പ്രായ, ലിംഗ വ്യത്യസ്തതകൾക്കപ്പുറമായി ദൈവത്തിന്റെ നിത്യപദ്ധതിയിൽ ഓരോ വ്യക്തിയും പ്രധാനമാണ് എന്ന് വിളിച്ചു പറഞ്ഞ നാം ഒരു നൂറ്റാണ്ട് പിന്നിട്ടു. കേരളത്തിന്റെ സാമുഹികവും മതപരമായ കാലാവസ്ഥമാറി. എല്ലാ കൂടിവരവുകളേയും കൂട്ടായ്മകളെയും സഭകളായി അംഗീകരിക്കുവാൻ പ്രയാസമാണ് എന്ന് നമ്മുടെ ഗവൺമെന്റ് വ്യക്തമാക്കി. തലമുറകാർ മാറിവന്നപ്പോൾ സഭാജനങ്ങളും തിരിഞ്ഞ് ചിന്തിക്കുവാൻ തുടങ്ങി. ഇന്ന് പെന്തെക്കോസ്തിൽ പ്രത്യക്ഷമായിക്കൊണ്ടിരിക്കുന്ന ആരാധനാക്രമങ്ങളുടെ പാരമ്പര്യം, സഭാധ്യക്ഷന്മാരുടെ പേരിനോടു ചേർക്കുന്ന തലക്കെട്ടുകൾ, വേഷ വിധാനങ്ങൾ, ആലയത്തിന്റെ രൂപകല്പന ഇവയെല്ലാം വിട്ടു പോന്നതിലേക്ക് മടങ്ങിപ്പോകുവാനുള്ള അദമ്യമായ ആഗ്രഹമാണോ വെളിപ്പെടുത്തുന്നത്? അതൊക്കെയില്ലാത്ത ഒരു പ്രസ്ഥാനത്തെ സമൂഹം അംഗീകരിക്കില്ല എന്ന ചിന്ത നമ്മെ അസ്വസ്ഥരാക്കുന്നുവോ? തനിമ നിലനിർത്തുകയോ അതോ മൂല്യച്യുതി സംഭവിക്കാതെ ആനുകാലിക പ്രസക്തിക്കു യോജിച്ച ചില മാറ്റങ്ങൾ ഉൾക്കൊള്ളുകയോ?

✦ **വിശ്വാസി കേന്ദ്രീകൃതമായ ശുശ്രൂഷാ സമ്പ്രദായം അവലംബിച്ച സഭ, ജനത്തിനു വരുവാനുള്ള ഇടമെന്നതിനേക്കാൾ സഭ ജനത്തിലേക്കിറങ്ങിച്ചെല്ലുവാനുള്ള വ്യക്തികളുടെ കൂട്ടമെന്ന ചിന്ത പ്രാവർത്തികമാക്കി; വിശ്വാസിയുടെ ശുശ്രൂഷാ പ്രാതിനിധ്യം വർദ്ധിച്ചു.** അനന്തരഫലമായി പ്രവർത്തനം വിപുലമായി; വളർച്ചയും ചൈതന്യവുമുണ്ടായി; കെട്ടുറപ്പുള്ള സമൂഹങ്ങളിൽ നിന്നും സുവിശേഷത്തിന്റെ പ്രകാശം നിമിത്തം മതിലുകൾ തകർത്തു പുറത്തുവന്നവർ പലരും പക്ഷേ, അധികാരങ്ങൾക്കു കീഴ്പ്പെടുവാൻ കഴിയാതെ കൂട്ടായ്മകളുടെ പിളർപ്പിനും, സംഘടനകളുടെ ഉയിർപ്പിനും വളം വയ്ക്കുന്നവരായി മാറുന്നകാഴ്ച അന്നു മുതൽ ഇന്നുവരെ നാം കണ്ടുകൊണ്ടിരിക്കുന്നു. ഇന്നാകട്ടെ, 'ഇങ്ങനെ പോയാൽ എന്താകും' എന്ന് ചോദിച്ച് പെന്തെക്കോസ്തിലെ അരാജകത്വത്തെക്കുറിച്ച് വിലപിക്കുന്ന ഒരു വലിയ കൂട്ടം നമ്മുടെയിടയിൽ വളരുന്നുണ്ട്. അവരുടെ മനസ്സിലെ വടം വലിയിൽ രണ്ടു വസ്തുതകളാണുള്ളത് ഒന്നുകിൽ അധികാര വടം വലിയില്ലാത്ത ഏതെങ്കിലും പുത്തൻ തലമുറ കൂട്ടായ്മ അല്ലായെങ്കിൽ പാരമ്പര്യസഭകളുടേതോ അതിനു സമാന്തിരമോ ആയ ഒരു സമൂഹം എന്തായാലും കാര്യങ്ങൾ നിയന്ത്രണാതീതമായി പിളർന്നുകൊണ്ടിരിക്കുമ്പോൾ വിശ്വാസികളുടെ പ്രാതിനിധ്യത്തെ തകർത്തുകളയാതെ പ്രയോഗികമായി എങ്ങനെ നമ്മുടെ സമൂഹത്തെ സാക്ഷ്യമുള്ള ഒന്നായി മാറ്റുവാൻ കഴിയും എന്ന് ചിന്തിക്കുന്നത് നന്നായിരിക്കും.

✦ **ദരിദ്രന്റെയും സമൂഹത്തിൽ താഴേക്കിടയിലുള്ളവന്റേയും കൂട്ടായ്മയായാണ് പെന്തെക്കോസ്ത് വളർന്നത്.** അതിന്റെ സ്വഭാവം ത്യാഗവും, ക്ഷമയും, വിശുദ്ധിയുമായിരുന്നു. ഒരു കുറ്റവാളിയേയോ മാറാ രോഗിയേയോ ഉയർത്തുവാൻ എത്രയും താണു ചെന്നിരുന്ന ഒരു കാലത്തിൽ നിന്ന് ഒരു പരസ്യ അംഗീകാരത്തിനായി ഏതു നിലവരെയും മൂല്യങ്ങൾ മാറ്റുവാൻ നമുക്ക് കഴിയും എന്നതിന് തെളിവുകൾ നിരത്തേണ്ടുന്ന ആവശ്യം ഉണ്ടെന്ന് തോന്നുന്നില്ല. ഉദാ: ആത്മീക ശുശ്രൂഷകളിൽ രാഷ്ട്രീയക്കാരുടെ പ്രാതിനിധ്യം കൊണ്ട് നമ്മുടെ തലമുറ എന്താണ് ലക്ഷ്യമാക്കുന്നത്? നമ്മുടെ സാമൂഹ്യപ്രതിബദ്ധത വെളിപ്പെടുത്തുക, ദൈവത്തെ അറിയാത്ത ഒരുവനെ ക്രിസ്തുവിലേക്കു നയിക്കുക, സമൂഹത്തിൽ നമ്മുടെ നിലനില്പ് സാധിച്ചെടുക്കുക ഇതിൽ ഏതാണ് നമ്മുടെ ഉദ്ദേശം? 'സമൂഹത്തിന്റെ വേദനകളിൽ കണ്ണീരൊപ്പാതെ സുവിശേഷം കൊണ്ട് കണ്ണുമൂടിക്കെട്ടാൻ ശ്രമിക്കുന്ന കൂട്ടർ' എന്നു വിളിക്കപ്പെടുമ്പോഴും നമ്മുടെ ആദ്യകാല പിതാക്കന്മാർ സമൂഹത്തിൽ സുവിശേഷം കൊണ്ട് വരുത്തിയ മാറ്റങ്ങൾ മറക്കാനാവില്ല. എന്നാൽ ഇന്ന് നമ്മുടെ അവസ്ഥ എന്താണ്?

✦ **പരിശുദ്ധാത്മ നിയന്ത്രണത്തിലുള്ള ജീവിത ശൈലിയായിരുന്നു പെന്തെക്കോസ്തിന്റെ മുഖ മുദ്ര.** കാത്തിരുപ്പുയോഗങ്ങൾ, രോഗസൗഖ്യത്തിനായുള്ള ഉപവാസ പ്രാർത്ഥനകൾ എന്തിനേറെ, സഭാ യോഗങ്ങൾ പോലും ആത്മപ്രചോദിതമായ (Spontaneous ) അനുഭവങ്ങളായിരുന്നു. "ആത്മാവ് നയിക്കുന്നതുപോലെ" എന്നത് നമ്മുടെ മുദ്രാവാക്യവും. അങ്ങനെ വേഗത്തിൽ പടർന്നു പന്തലിച്ച കൂട്ടായ്മകൾ താമസം വിനാ സംഘടാവൽക്കരിക്കപ്പെട്ടു. അത് ആവശ്യമായി വന്നു എന്നതാണ് വാസ്തവം. അതോടൊപ്പം നിയന്ത്രണങ്ങൾ ചിട്ടവട്ടങ്ങൾ പിൽക്കാലത്ത് പരിശുദ്ധാത്മാവിനെ ഓരോരുത്തനും തന്റെ ഇഷ്ടപ്രകാരം വെളിപ്പെടുത്തുന്ന അവസ്ഥവരെ എത്തിനിൽക്കുന്നു. ഇന്നു പെന്തെക്കോസ്തു സഭകൾ മറ്റുള്ളവർക്ക് ചിന്താവിഷയത്തിൽ നിന്ന് ചിരിവിഷയമായിരിക്കുന്നു. സമുദായ സഭാവിശ്വാസികൾ വേദപുസ്തകം നെഞ്ചിലേന്തി കൂട്ടായ്മകൾക്ക് പോകുന്നു, അന്യഭാഷയിൽ ആരാധിക്കുന്നു, നാമോ?

(തുടരും...)

## പിതാവിനു പിന്നാലെ മകനും യാത്രയായി...... 1–ാം പേജ് തുടർച്ച

പാസ്റ്റർ ഇ. എം. സഖറിയ... തുടർച്ച

ശുശ്രൂഷിച്ചുവരികയായിരുന്നു.

ഐ. പി.സി. നോർത്തേൺ റീജിയൻ വൈസ് പ്രസിഡന്റ്, മധ്യപ്രദേശ് സ്റ്റേറ്റ് പ്രസിഡന്റ്, ഭോപ്പാൽ ഡിസ്ട്രിക്ട് പാസ്റ്റർ എന്നീ നിലകളിൽ പ്രവർത്തിച്ചിട്ടുണ്ട്.

1952 –ൽ ഓർത്തോഡോക്സ് പാരമ്പര്യത്തിൽ നിന്നും ഏകനായി വിശ്വാസത്തിലേക്ക് വരികയും പാസ്റ്റർ സി. കെ. ദാനിയേൽ സ്നാനപ്പെടുത്തുകയും ചെയ്തു. 1953 –ൽ ഹെബ്രോൺ ബൈബിൾ സ്കൂളിൽ പഠനം പൂർത്തീകരിച്ച ശേഷം കല്ലിശ്ശേരി, കാർത്തികപ്പള്ളി, ചേപ്പാട് എന്നിവിടങ്ങളിൽ പ്രവർത്തിച്ചു. 1959 –ൽ പത്തനാപുരം കടയ്ക്കാമണ്ണിൽ അമ്മിണിയെ വിവാഹം കഴിച്ചു. ആനപ്രാമ്പാൽ, തിരുവനന്തപുരം താബോർ, തുടർന്ന് ആൻഡമാൻ ദ്വീപിലും, ഓറിസയിലും 76–മുതൽ ഭോപ്പാലിലും 32 വർഷത്തിലധികം പ്രവർത്തിച്ചു. നിഴലും പൊരുളും, അദൃശ്യ ശക്തികൾ, ദൈവീക ഉടമ്പടികൾ യുഗങ്ങളിൽ, മുള്ളും താമരയും, തുടങ്ങി 16ൽ പരം പുസ്തകങ്ങൾ രചിച്ചിട്ടുണ്ട്. പെന്തെക്കോസ്ത് ആനുകാലികങ്ങളിൽ മിക്കവയിലും തന്റെ രചനകൾ (ലേഖനങ്ങൾ) പ്രസിദ്ധീകരിച്ചിട്ടുണ്ട്. ജീവചരിത്ര രചനയിൽ ആയിരുന്നു.

മക്കൾ; പാസ്റ്റർ മാത്യു, ഫിന്നി, സാം, ഗ്ലോറി, ജോൺസൺ, സ്റ്റാൻലി ഫേബ. മരുമക്കൾ: ബ്ലസി, സൂസൻ, ബെഞ്ചി, ഷാജി, ആശ, തോമസ്, ആശ

സംസ്കാര ശുശ്രൂഷ 19–ാം തീയതി ശനിയാഴ്ച 9.30 ന് കൊട്ടാരക്കരബേർശേബാ ഗ്രൗണ്ടിൽ നടത്തി തൃക്കണ്ണമംഗൽ ഐ. പി.സി. സെമിത്തേരിയിൽ സംസ്കരിച്ചു.

## സെന്റർ കൺവൻഷൻ

**നിലമ്പൂർ:** ഐ.പി.സി. നിലമ്പൂർ സൗത്ത് സെന്റർ കൺവൻഷൻ ഫെബ്രുവരി 23 മുതൽ 27 വരെ ന്യൂഹോപ്പ് ബൈബിൾ കോളേജ് ഗ്രൗണ്ടിൽ നടന്നു. സെന്റർ മിനിസ്റ്റർ. പാസ്റ്റർ. വി.ജെ. ജോർജ്ജ് പ്രാർത്ഥിച്ച് സമർപ്പിച്ച കൺവൻഷനിൽ പാസ്റ്റർമാരായ റ്റി.ഡി. ബാബു, വർഗ്ഗീസ് ഏബ്രഹാം, തോമസ് ഫിലിപ്പ് എന്നിവർ ദൈവവചനം പ്രസംഗിച്ചു. ഞായറാഴ്ച സംയുക്താരാധനയിൽ കർതൃമേശക്ക് പാസ്റ്റർ. വി.ജെ. ജോർജ്ജ് നേതൃത്വം നൽകി. അസ്സോസ്സിയേറ്റ് സെന്റർ മിനിസ്റ്റർ. പാസ്റ്റർ. ജോൺ ജോർജ്ജ് അദ്ധ്യക്ഷത വഹിച്ചു.

## വി. ബി. എസ്സ്

**കോഴഞ്ചേരി:** ചർച്ച് ഓഫ് ഗോഡ് ഇൻ ഇൻഡ്യയുടെ ആഭിമുഖ്യത്തിൽ ഏപ്രിൽ 4 മുതൽ 9 വരെ ഗിൽഗാൽ ഹാളിൽ വി. ബി. എസ്സ്. നടക്കും. പാസ്റ്റർമാരായ കെ. ഏ. ഡേവിഡ് ജയ്മോൻ, വിനോദ് തോമസ് എന്നിവർ നേതൃത്വം നല്കും.

## കല്ലുകടി

### പ്രസംഗകനാകാൻ കുറുക്കുവഴികൾ

ഒരു പ്രസംഗം കൊണ്ട് ഈരു ചുറ്റുന്ന പ്രസംഗകരുടെ ഇടയിൽ നാലഞ്ചു പ്രസംഗമുള്ളവർ രാജാക്കന്മാരാണ്. അതിലധികം പ്രസംഗമുള്ളവർ ചക്രവർത്തിമാരും. ചക്രവർത്തിയാകാൻ കുറച്ചു കഷ്ടപ്പെടണം; പഠനം വേണം പ്രാർത്ഥന വേണം, ദൈവകൃപ വേണം. ഇതൊന്നുമില്ലെങ്കിൽ അടിച്ചുമാറ്റണം. അതിനൊരു വഴികണ്ടു പിടിച്ച വിദ്വാന്റെ കഥയാണ് ഈ ലക്കത്തിൽ. മലനാടിന്റെ റാണിയായ റാന്നിയിൽ നിന്നൊരു കഥ. ആ കഥ ഇങ്ങനെ. ഈ പ്രസംഗകൻ പ്രസംഗത്തിനു ബുദ്ധിമുട്ടുവരാതിരിക്കാൻ കണ്ട വഴിയും കേമം. എല്ലാറ്റിനും ഒരു ആത്മീയ മുഖം നൽകുന്നതിൽ ഈ കക്ഷിയുടെ മിടുക്കും കേമം. സഭയിൽ 21 ദിവസ ഉപവാസ പ്രാർത്ഥന ക്രമീകരിക്കുന്നു. (ശരീരം ചൂടാകാതിരിക്കാൻ തൈരിൽ പഞ്ചസാര ചേർത്ത് കുടിക്കുക, സ്റ്റീൽ ഗ്ലാസ്സിൽ ഹോർലിക്സ് കലക്കിയ പാൽ കുടിയ്ക്കുക ഒക്കെ ഇടവിടാതെ നടക്കും. കുപ്പി ഗ്ലാസ്സിൽ കുടിച്ചാൽ നാട്ടുകാര് സംഗതിയറിയും) നല്ല പ്രസംഗകരെ വിളിയ്ക്കുന്നു. വിദേശത്തു പോകാത്തവർക്കും അധികം പേരില്ലാത്തവർക്കും മുൻഗണന. പ്രസംഗം കഴിയുമ്പോൾ അടുത്തുകൂടി പ്രസംഗക്കുറിപ്പ് വാങ്ങുന്നു. ഉപവാസം കഴിയുമ്പോൾ വിദേശത്ത് അടിച്ചിറക്കുന്നു, പാവം ദൂത് പ്രാപിച്ച ഉപദേശിയെങ്ങാനും ഇത് പ്രസംഗിക്കുന്നത് വിദേശ വിശ്വാസികേട്ടാൽ പറയുന്നതിങ്ങനെ" വലിയ ഉപദേശിയുടെ പ്രസംഗം കോപ്പിയടിച്ചു പ്രസംഗിക്കുന്നു" എങ്ങനുണ്ട് കാര്യങ്ങൾ. അടിച്ചു മാറ്റുന്നെങ്കിൽ ഇങ്ങനെ മാറ്റണം.

**അടിക്കുറിപ്പ്:** കുറഞ്ഞ മുതൽ മുടക്കിൽ കൂടുതൽ ലാഭം

## കവിത

ആഷേർ. കെ. മാത്വു (ഇരവിപേരൂർ)



### പാഥികന്റെ നിലവിളി

ഇതൊരു പാഥികന്റെ നിലവിളി
ഹൃദയം പിടക്കുന്നു, മനസ്സ് തേങ്ങുന്നു
വിയർപ്പ് ചോരക്ക് വഴി മാറുന്നു.
മരുപ്പച്ച തേടിയിറങ്ങിയ യാത്ര, പക്ഷെ,
പൊയ്മുഖങ്ങൾ ഭീതിപ്പെടുത്തുന്നു.
ചീറ്റിക്കൊണ്ടവർ തോലണിഞ്ഞു.
ആടുകളുടെ ദ്വന്ദയുദ്ധം,
കഴുകൻ മരക്കൊമ്പിൽ കാത്തിരിക്കുന്നു.
മസ്തിഷ്കക്കാളനത്തിൽ പെട്ട കൂട്ടമേ,
ക്ഷുദ്രം ചെയ്ത് മയക്കിയതാര്?
കുഞ്ഞാടുകൾ കൽത്തുറങ്കിൽ,
വെള്ളത്തിനായ് നെട്ടോട്ടം,
ആരാദ്യം കൈകഴുകും?
ആലയത്തിൽ പൊൻപ്രഭ,
തുളവീണ കാതുകളെ നോക്കി കൊഞ്ഞനം കുത്തി,
ഭാഷ വംശനാശത്തിലേക്ക്,
തലമുറകൾ തമ്മിൽ വിടവ് ഉണ്ടത്രേ...!!!
കുഞ്ഞാടുകൾ കരഞ്ഞു, നിലവിളിച്ചു,
ഇടയന്റെ പ്രത്യക്ഷം...
എവിടെ? ഇടയന്റെ കോൽ എവിടെ?
ഇല്ല, ഇടയൻ കൊലെടുത്തില്ല.
എടുത്തത് ചാട്ട....
മേശ മറിച്ചിട്ട ചാട്ട... പീഠങ്ങൾ മറിച്ചിട്ട ചാട്ട
പൊൻനാണയങ്ങൾ തൂകട്ടെ.... മേശകൾ മറിയട്ടെ
കാലം കാക്കുക.... പ്രത്യക്ഷത്തിനായ്....

Articles

# Beware The Bypass



Dr. Kris Jackson
www.krisjackson.org

I'm putting out my own bright yellow warning road sign, "Beware the bypass". We think the new freeway that zips around the outskirts of town means progress, but really, is it? I remember trips to Grandma's as a boy, a 210-mile drive that took all day traveling from central Nebraska to Iowa. Not as slow as Kumbanad to Trivandrum but two-lane nonetheless. US 34 went right down the main streets of dozens of little towns. The seven Jackson children had gams that we would play to bide the time. I especially remember playing word games with billboards and viewing the county courthouses on the city squares we would pass. Dad had his favorite gas station and hamburger joint where we'd always stop. But then came Interstate-80 that bypassed all those little towns. Our six-hour drive shrunk to three and a half hours. Modern "progress" had done its job, just like it did for Radiator Springs in the *Cars* cartoon. Smalltown America has become a ghost town in the process. Driving down the bypass, we see an exit ramp and a water tower evidencing that there is a town "over there" somewhere but we never stop at the little hamburger joint on the way to Grandma's anymore.

I can't change the trend in society. The devil's highway commission continues to build bypasses away from the "strait and narrow" way. In a supersonic age no wants their agenda to be slowed. So we bypass intimate relationships, bypass church attendance and in the process bypass God. Preachers today have bypassed sin. You wouldn't want to stir up a controversy by mentioning sin, holiness, heaven or hell. We appease sin, but don't oppose it. Monotonous monologues of ministerial mush are muttered from many pulpits today. Clear moral absolutes like "thou shalt not steal" or "bear false witness" are turned into vague generalities that leave the listeners confused and scratching their heads when they exit the church building. As the old fireball evangelist Don Brankel used to say we've preached so much sugar and spice and everything's nice that we've given the Body of Christ a bad case of spiritual sugar diabetes! The strait and narrow way has been exchanged for a four-lane super-highway. Anything and everything goes now. The church is not just broad-minded nowadays, we are Broadway-minded!

This is the day of religious get-alongism. It claims that if John the Baptist would have kept his nose out of the government's business, he could have kept his neck out of the guillotine. We have called for a truce between light and darkness, but such a truce is not possible. The flesh lusts against the Spirit and the Spirit against the flesh. Enough of this pop-gospel. It has less power than a popgun. Leonard Ravenhill thundered that the only place we should join the popularity contest is before the Judgment Seat of Christ.

We have bypassed old standards and old definitions. Even biblical words don't mean the same thing anymore. A liar is now just an extrovert with a vivid imagination. Pornography is adult "entertainment". Homosexuality is an alternate lifestyle. Cheating and stealing are considered wise business savvy. Premarital sex is a trial marriage and alcoholism is just as disease. Funny how many millions of dollars are being spent to spread that disease! The problem is that we've bypassed the old standards. You hear it in today's youth's language, lyrics, looks and likes. Don't justify as weakness what the Bible calls wickedness. Those who travel the bypass have left the main road. The new highway may be quicker but has anyone checked the map to see where it is going? I can say one thing in favor of the little one-lane road, what Jeremiah 6:16 calls the "old path", it has taken tens of millions already to heaven and there are still many who are still on it. We don't need a revised roadmap. There are no detours on the old path, the bridge is never out, and the toll has already been paid at Calvary. I guess we could call it Route 66 as there are 66 books in the Bible. Observe the warning sign one more time, "Beware the bypass", flip a U-turn if you must, get back on the strait and narrow way.

# 6 –ാമത് പി. വൈ. പി. എ. കൺവൻഷനും സംയുക്താരധനയും ന്യൂജേഴ്സിയിൽ







ന്യൂജേഴ്സി: ഐ. പി.സി. ഈസ്റ്റേൺ റീജിയൻ പി. വൈ. പി. എയുടെ ആഭിമുഖ്യത്തിൽ ഏപ്രിൽ 2-ന് ശനിയാഴ്ച ന്യൂയോർക്കിൽ ഐ. പി. സി. റോക്കലന്റ് അസംബ്ലി ആഡിറ്റോറിയത്തിൽ യുവജന കൺവൻഷൻ വളരെ വിപുലമായ രീതിയിൽ നടത്തുവാൻ ക്രമീകരണങ്ങൾ ചെയ്തുവരുന്നതായി പി. വൈ. പി. എ. ഭാരവാഹികൾ അറിയിക്കുന്നു. ശനിയാഴ്ച വൈകിട്ട് 7-മണിക്ക് കൺവൻഷൻ ആരംഭിക്കും. റീജിയൻ പി. വൈ.പി. എ. പ്രസിഡന്റ് ബ്രദർ സന്തോഷ് ജോർജ്ജ് കൺവൻഷൻ ഉദ്ഘാടനം ചെയ്യും. ഇൻഡ്യാ പെന്തെക്കോസ്തു ദൈവസഭാ ജനറൽ സെക്രട്ടറി റവ. റ്റി. വത്സൻ ഏബ്രഹാം ഈ മീറ്റിംഗിൽ പ്രസംഗിക്കുന്നതാണ്. പ്രസിദ്ധമായ കുമ്പനാട് കൺവൻഷൻ, പിസിനാക്ക് ഐ. പി.സി. ഫാമിലി കോൺഫറൻസ് തുടങ്ങിയ സമ്മേളനങ്ങളിൽ അതിശക്തമായ വചന ശുശ്രൂഷ നിർവ്വഹിച്ചിട്ടുള്ള ഇദ്ദേഹം ഒരു അനുഗ്രഹീത പ്രഭാഷകനുമാണ്.

ഈ വർഷം കൺവൻഷനിൽ ഗാനശുശ്രൂഷ നിർവ്വഹിക്കുവാൻ റീജിയന്റെ രണ്ടു ഗായക സംഘങ്ങളാണ് തയ്യാർ ചെയ്യുന്നത്. റീജിയൻ ക്വയർ മലയാളം പാട്ടുകൾ പാടുന്നതു കൂടാതെ ഇംഗ്ലീഷിൽ 'ഇലവന്ത് അവർ" എന്ന യുവജന ഗായക സംഘം ഗാനശുശ്രൂഷ നിർവ്വഹിക്കുന്നതാണ്. കൺവൻഷന്റെ സുഗമമായ നടത്തിപ്പിനുവേണ്ടി വിവിധ സബ് കമ്മറ്റികൾ രൂപീകരിച്ച് പ്രവർത്തിച്ചു വരുന്നു. ഐ. പി. സി. ഈസ്റ്റേൺ റീജിയൻ സഭകളെ കൂടാതെ ഇതര സഭാ വിഭാഗങ്ങളിൽപ്പെട്ട വിശ്വാസികളും ശുശ്രൂഷകരും ഈ മീറ്റിംഗിൽ കടന്നുവന്നു സംബന്ധിക്കണമെന്ന് ഭാരവാഹികൾ താല്പര്യപ്പെടുന്നു. ന്യൂജേഴ്സി, ന്യൂയോർക്ക്, കണക്റ്റിക്കട്ട്, ബൊസ്റ്റൺ, ഫിലദൽഫിയ, മേരിലാന്റ്, വാഷിംഗ്ടൺ ഡിസി എന്നീ സംസ്ഥാനങ്ങളിൽ നിന്നും വിശ്വാസികളും ശുശ്രൂഷകരും ഈ കൺവൻഷനിൽ പങ്കെടുക്കുന്നതാണ്.

ഉമ്മൻ എബനേസർ,തുമ്പമൺ
പബ്ലിസിറ്റി കോർഡിനേറ്റർ



**സംയുക്താരാധന ന്യൂജേഴ്സിയിൽ**

ഏപ്രിൽ 3 -ന് ഞായറാഴ്ച പകൽ ന്യൂജേഴ്സിയിലുള്ള ഐ. പി. സി. സഭകളുടെയും, ന്യൂയോർക്ക്, റോക്ക്ലാന്റ്, വെച്ചെസ്റ്റർ കൗണ്ടിയിലുള്ള ഐ. പി. സി. സഭകളുടെയും സംയുക്തമായ ആരാധന കെനിൽവർത്തിലുള്ള ഐ. പി. സി. ന്യൂജേഴ്സി ആരാധാഹാളിൽ നടത്തുവാൻ കൃമീകരണങ്ങൾ ചെയ്തുവരുന്നു. രാവിലെ 9.30 ന് ആരാധന ആരംഭിക്കും. റീജിയൻ ഭാരവാഹികളും പി. വൈ. പി. എ. ഭാരവാഹികളും ആരാധനാ ക്രമീകരണങ്ങൾക്ക് നേതൃത്വം നല്കും. സംയുക്ത ആരാധനയിലും റവ. റ്റി. വത്സൻ ഏബ്രഹാം വചന ശുശ്രൂഷ നിർവ്വഹിക്കുന്നതാണ്. തിരുവത്താഴ ശുശ്രൂഷയോടുകൂടി സംയുക്താരാധന സമാപിക്കും.

കൂടുതൽ വിവരങ്ങൾക്ക് പി. വൈ. പി. എ. വൈബ് സൈറ്റ് www. pypa. org സന്ദർശിക്കാവുന്നതാണ്.

# കോൺഫറൻസ് സമാപിച്ചു




കർത്തൃമേശയ്ക്ക് പാസ്റ്റർ വത്സൻ ഏബ്രഹാം നേതൃത്വം നൽകുന്നു.

ഡിസ്നി: ആസ്ട്രേലിയൻ ഇന്ത്യൻ പെന്തെക്കോസ്ത് കോൺഫറൻസിന്റെ പ്രഥമ സമ്മേളനം 2011 മാർച്ച് 11 മുതൽ 13 വരെ ഡിസ്നിയിൽ ഗ്രാൻവിൻ ടൗൺ ഹാളിൽ നടന്നു. രാജ്യത്തിന്റെ വിവിധ നഗരങ്ങളിൽ നിന്നും നൂറുകണക്കിന് വിശ്വാസികൾ കോൺഫറൻസ്സിൽ പങ്കെടുത്തു. പരിശുദ്ധാത്മാവിന്റെ വലിയ പകർച്ച എല്ലാ യോഗങ്ങളിലും ദൈവമക്കൾ അനുഭവിച്ചു. പരസ്പരം ഉള്ള സ്നേഹത്തിനും കൂട്ടായ്മയ്ക്കും അവസരം ലഭിച്ചത് മറക്കാനാവാത്ത അനുഭവമായി.

മാർച്ച് 11 വൈകിട്ട് 6 മണിക്ക് ആരംഭിച്ച് ഞായാറാഴ്ച കർത്തൃമേശയോടും ആരാധനയോടും കൂടി മീറ്റിംഗുകൾ സമാപിച്ചു. പാ. തോമസ് ജോർജ്ജ് ഉദ്ഘാടനം നിർവ്വഹിച്ചു. കർത്തൃമേശയ്ക്ക് റവ. വത്സൻ ഏബ്രഹാം നേതൃത്വം നൽകി. വിവിധ മീറ്റിംഗുകളിൽ പാസ്റ്റർമാരായ തോമസ് ജോർജ്ജ്, മാത്യു തരിയൻ, പ്രകാശ് ജേക്കബ്, വർഗീസ് ഉണ്ണൂണ്ണി, ഷാജി ടി. സജിമോൻ, സക്കറിയ തുടങ്ങിയവർ അദ്ധ്യക്ഷത വഹിച്ചു. ബ്രദർ മോബിൻ, ബ്രദർ ജെറി എന്നിവരുടെ നേതൃത്വത്തിൽ കുട്ടികൾക്കായുള്ള താലന്തു പരിശോധനയും സമ്മാനദാനവും മാർച്ച് 12 ന് വിതരണം ചെയ്തു.

ദൈവമക്കൾ ലോകം, പാപം, പിശാച് എന്നിവയെ ജയിക്കുന്നവർ ആകണമെന്ന് പാ. വർഗീസ് ഏബ്രഹാം അത്മ നിറവിൽ ഉത്ബോധിപ്പിച്ചു. ഞാൻ ലോകത്തെ ജയിച്ചിരിക്കുന്നു എന്ന് പറഞ്ഞ യേശു കർത്താവിനോട് ചേർന്ന് യാത്ര ചെയ്യുവാനും ഓട്ടക്കളത്തിൽ ഓടി അവകാശം പ്രാപിക്കുവാനും പാ. വത്സൻ ഏബ്രഹാം ആഹ്വാനം ചെയ്തു. ദൈവവചന കേൾവി അനേകർക്ക് പുതിയ തീരുമാനങ്ങൾ എടുക്കുവാൻ അവസരം ഒരുക്കി. "ജയിക്കുന്നവന് എല്ലാം അവകാശമായി ലഭിക്കും" എന്ന തീമിനെ ആസ്പദമാക്കി റവ. വത്സൻ ഏബ്രഹാം, പാ. വർഗീസ് ഏബ്രഹാം, പാ. അലക്സാണ്ടർ ജോൺ തുടങ്ങിയവർ ദൈവവചനം ശുശ്രൂഷിച്ചു. ആസ്ട്രേലിയയിലുള്ള ഇന്ത്യാക്കാരായ ദൈവമക്കൾക്ക് അഭിമാനിത്തക്ക തക്കവിധം കോൺഫറൻസ് പ്രതീക്ഷിച്ചതിലും വളരെ അനുഗ്രഹം ആയിരുന്നു എന്ന് സംഘാടകർ അറിയിച്ചു.

## ഡോ.കോര സംസാരിക്കുന്നു



1. ഓ..... യെരുശലേം! താങ്കൾ എന്തു പറയുന്നു? **– മനു, വെച്ചൂച്ചിറ**

*ഓ..... റാന്നി!!!*

2. യെരുശലേം വിശുദ്ധനാടാണോ? താങ്കളുടെ അഭിപ്രായം ....? **–ജയിംസ്, ഡാളസ്സ്**

*യെരുശലേം വിശുദ്ധമാകണമെങ്കിൽ അവിടെയുള്ള മനുഷ്യരെ ആദ്യം വിശുദ്ധരായിട്ട് പ്രഖ്യാപിയ്ക്കണം*

3. മാതാവിന്റെ ജന്മസ്ഥലം, കിണറ്, കല്ലറ എല്ലാം കണ്ടുകഴിഞ്ഞു. ഇനിയും താങ്കൾ യെരുശലേം യാത്രയ്ക്കു നേതൃത്വം കൊടുത്താൽ എന്തായിരിയ്ക്കും കാണിയ്ക്കുക...? **– ജോൺസി, പന്തളം**

*ലക്കോസ് 11:27, 28 വായിച്ചുനോക്ക്*

4. "മാട് ഉപദേശി" ആരാണെന്ന് ഒന്നുകൂടി വിശദീകരിയ്ക്കാമോ? **– ആന്റപ്പൻ, കുമളി**

*ഇവിടെ ജ്ഞാനം ആവശ്യം. ബുദ്ധിയുള്ളവൻ "മൃഗത്തിന്റെ" പേരു കണ്ടു പിടിയ്ക്കട്ടെ.*

5. പെന്തെക്കോസ്തു പ്രസ്ഥാനത്തിൽ ഒരു പദവി നൽകി താങ്കളെ ആദരിയ്ക്കാൻ ഞങ്ങൾ ആഗ്രഹിക്കുന്നു. ഏതു പദവിയാണ് താങ്കൾക്കു താല്പര്യം? **– ബിനു, കമ്പനാട്**

*കീശയ്ക്കു ശ്രോത്തുണ്ടാക്കാവുന്ന മാർഗ്ഗത്തിന് ജ്യോതി കിട്ടുന്ന പദവി വല്ലതുമുണ്ടോ?*

6. കഴിഞ്ഞ ജേണലിൽ മാദ്ധ്യമവിചാരകനെ കണ്ടില്ലല്ലോ... എന്തുപറ്റി? **– ഏബ്രഹാം, കുറ്റപ്പുഴ**

*ഹൈറേഞ്ചിൽ വെച്ച് റയ്ഞ്ച് കൂടിയവർ റയ്റ്റു പറഞ്ഞ് ഹൈജാക്ക് ചെയ്തുകാണും.*

7. നഗ്നത പ്രദർശിപ്പിച്ച പാസ്റ്ററെ പോലീസ് പിടികൂടി **– വാർത്ത**

*എന്റെ സമ്പത്തെന്നു ചൊല്ലുവാൻ വേറെയില്ലൊന്നും.... ഉള്ളതു വെളിപ്പെടുത്തിയാൽ പോലീസു പിടികൂടും, വെളിപ്പെടുത്തിയില്ലെങ്കിൽ ഇൻകം ടാക്സുകാരും പിടികൂടും. അമ്പമ്പോ... ജീവിയ്ക്കാൻ വയ്യാ.....*

# സംഗീത ശുശ്രൂഷയും സ്നേഹ വിരുന്നും

**ന്യൂയോർക്ക്:** മികച്ച ഗായകരെ കണ്ടെത്തുന്നതിനും അവരെ പ്രോത്സാഹിപ്പിക്കുന്നതിനും ജൂലൈ ആദ്യവാരം ഒക്ലഹോമയിൽ നടക്കുന്ന നോർത്ത് അമേരിക്കൻ മലയാളി പെന്തെക്കോസ്ത് സമ്മേളനത്തിൽ സംഗീത ശുശ്രൂഷയും സ്നേഹ വിരുന്നും നടത്തും. പ്രശസ്ത ഗായകർ പങ്കെടുക്കും.

സംഗീത ശുശ്രൂഷയിൽ പെന്തെക്കോസ്ത് പ്രസ്ഥാനങ്ങളിലെ ഗായകർക്ക് പങ്കെടുക്കാം. മലയാളി പെന്തെക്കോസ്ത് ഗായകരെ കണ്ടെത്തുവാൻ വേണ്ടിയാണ് സംഗീത ശുശ്രൂഷ സംഘടിപ്പിക്കുന്നതെന്ന് നാഷണൽ മ്യൂസിക്ക് പ്രോഗ്രാം കോ - ഓർഡിനേറ്റർ ഇവാ. മോഹൻ കാഞ്ഞിരമണ്ണിൽ അറിയിച്ചു. ജൂൺ 30 മുതൽ ജൂലൈ മൂന്നു വരെ ഒക്ലഹോമ കോക്സ് കോൺവൻഷൻ സെന്ററിൽ വച്ചാണ് 29-ാമത് നോർത്ത് അമേരിക്കൻ മലയാളി പെന്തെക്കോസ്ത് കോൺഫറൻസ് നടക്കുന്നത്.

www.beljourn.com

## അമേരിക്കൻ വിശേഷങ്ങൾ



**രാജൻ ആര്യപ്പള്ളിൽ**

### ലോകം ഭയക്കുന്ന ആണവ ചോർച്ച

ലോകത്തിലെ പ്രധാന സമ്പന്നരാജ്യങ്ങളിലൊന്നും വ്യവസായ രാജ്യവുമായ ജപ്പാനിലുണ്ടായ ഭൂകമ്പവും അതിനെ തുടർന്ന് ഉളവായ സുനാമിയും വരുത്തിവെച്ചത് വ്യാപകമായ നഷ്ടമാണ്. പതിനായിരങ്ങളുടെ ജീവൻ എടുത്ത സുനാമി ജപ്പാന്റെ ആണവ റിയാക്ടറുകളെ തകർത്തു. മനുഷ്യൻ കണ്ടുപിടിച്ച ടെക്നോളജിയ്ക്കൊന്നിനും ആണവ ചോർച്ചയെ തടയുവാൻ കഴിഞ്ഞില്ല. ആണവ വ്യാപനം പരിധിയ്ക്കുമപ്പുറത്ത് കടന്നു. അതു ബാധിക്കുന്നത് ജനലക്ഷങ്ങളെയാകാൻ സാധ്യത വർദ്ധിച്ചിരിക്കുകയാണ്. ഗൾഫ് മേഖലകളിലെ സമരം ഏൽപ്പിച്ച ആഘാതം സാമ്പത്തിക മേഖലയെ ബാധിച്ചു. അതിനു പുറമെയാണ് ജപ്പാനിൽ സുനാമി വരുത്തിവെച്ച നഷ്ടം. ജപ്പാനിലെ സുനാമി ഇങ്ങ് അമേരിക്കൻ തീരങ്ങളിലും വൻ തിരകളെയുയർത്തി. സൂപ്പർ മൂണിന്റെ സ്വാധീനം ഭൂമിയെ മാറ്റിമറിച്ചു. എന്നാൽ സർവ്വശക്തൻ പറയുന്നത് ഞാൻ കരയെയും കടലിനെയും ഇളക്കുമെന്നാണ്. ലോകത്തിൽ എത്രശക്തമായി ഉറപ്പിച്ചു പണിതാലും ആ പണികളെല്ലാം സർവ്വശക്തന്റെ കരങ്ങൾ ചലിക്കുമ്പോൾ കടപുഴകും എന്നത് മനുഷ്യൻ മറക്കാതെയിരിക്കട്ടെ. ലോകത്തിന് ഉറപ്പില്ലാതെയിരിക്കുമ്പോൾ നിങ്ങൾ ഉറപ്പുള്ളവരും കുലുങ്ങാത്തവരുമായി ദൈവീക വിശ്വാസത്തിൽ മുന്നേറുവാൻ സർവ്വശക്തൻ ഇടയാക്കട്ടെ.

# അമേരിക്കൻ പോലീസിലെ മലയാളി സുവിശേഷകൻ



മന്ത്രി രാമചന്ദ്രൻ കടന്നപ്പള്ളി അവാർഡ് നൽകുന്നു

നൂറനാട് പാസ്റ്റർ വി. എസ്. ജോർജ്ജ് റിബേക്കാ ദമ്പതികളുടെ 6 മക്കളിൽ നാലാമനായി ജനിച്ച സ്റ്റാൻലി തന്റെ 16-ാം വയസ്സിൽ അമേരിക്കയിലേക്കു കുടിയേറി. 27 വർഷമായി അമേരിക്കയിൽ താമസിക്കുന്ന ഈ പ്രവാസി ഭാരതീയൻ ഇന്ന് പ്രസിദ്ധനാണ്. ന്യൂയോർക്ക് പോലീസിലെ ഈ ക്യാപ്റ്റനെ അനുമോദിച്ചവരിൽ ഇന്ത്യൻ പ്രസിഡന്റായിരുന്ന അബ്ദുൾ കലാമും ഉൾപ്പെടുന്നു. മികച്ച സേവനങ്ങളിലൂടെ അധികാരികളുടെയും പൊതുജനത്തിന്റെയും പ്രശംസ പിടിച്ചു പറ്റിയ ഇദ്ദേഹം സുവിശേഷകനാണ്. ഔദ്യോഗിക ജീവിതത്തിനിടയിലും തന്റെ ദൗത്യം മറക്കാത്ത ക്യാപ്റ്റൻ സ്റ്റാൻ ലി ജോർജ്ജെന്ന സുവിശേഷകൻ.

അസംബ്ലീസ് ഓഫ് ഗോഡിലെ പാസ്റ്ററായിരുന്ന പിതാവിനോടൊപ്പം പാഴ്സനേജുകളിൽ മാറി മാറി താമസിച്ച സ്റ്റാൻലി തന്റെ ബാല്യകാലാനുഭവങ്ങൾ മറക്കുന്നില്ല. ത്യാഗപൂർവ്വം ചെയ്തുവന്ന സുവിശേഷവേലയും തൽഫലമായി അനുഭവിക്കേണ്ടി വന്നിട്ടുള്ള ബുദ്ധിമുട്ടുകളും സ്മൃതി പഥത്തിൽ നിന്നും മാഞ്ഞിട്ടുമില്ല. കഷ്ടങ്ങളുണ്ടെങ്കിലും കർത്താവിനായി പ്രവർത്തിക്കുന്നതിന്റെ സന്തോഷമായിരുന്നു അന്നു പ്രധാനം. 1984 ൽ മാതൃ സഹോദരനായ പാസ്റ്റർ കെ. പി. റൈറ്റസ് അമേരിക്കയിലെത്തിച്ചു. അക്കൗണ്ടിംഗ് ഡിഗ്രി പഠനശേഷം അക്കൗണ്ടന്റായി പോലീസ് ഡിപ്പാർട്ടുമെന്റിൽ. 1992 -ൽ പോലീസ് അക്കാഡമിയിൽ ചേർന്നു. ഡിറ്റക്ടീവ്, സാർജന്റ്, ല്യൂട്ടനന്റ് പദവികൾ പിന്നിട്ട് ക്യാപ്റ്റൻ പദവിയിലെത്തി. (ചില ഗ്യാങ്ങുകൾ ഇൻഡ്യക്കാർക്കെതിരെ അക്രമം നടത്തിവന്നതാണ് പോലീസിൽ ചേരാൻ പ്രചോദനമായത്.) ഈ പദവിയിലെത്തുന്ന ആദ്യ ഇൻഡ്യക്കാരൻ കൂടിയാണ് ക്യാപ്റ്റൻ സ്റ്റാൻലി. ഭാരിച്ച ഉത്തരവാദിത്വങ്ങൾ ഉള്ള ഈ പദവിയിൽ ശോഭിക്കാൻ കഴിഞ്ഞത് ദൈവത്തിന്റെ കരുണ ഒന്നുമാത്രമാണെന്ന് വിനയത്തോടെ സ്റ്റാൻലി സ്മരിക്കുന്നു.

വേൾഡ് ട്രേഡ് സെന്റർ ആക്രമണ സമയത്ത് 20 മണിക്കൂർ തുടർച്ചയായി ഡ്യൂട്ടി ചെയ്ത ക്യാപ്റ്റൻ സ്റ്റാൻലി നൂറുക്കണക്കിനാളുകൾക്ക് സഹായകനായി മാറി. വിവിധ തലത്തിൽ നിന്ന് പ്രശംസകൾ ക്യാപ്ടനെ തേടിയെത്തി.

ഒരു യു.എസ്. വിമാനം ഹഡ്സൺ റിവറിൽ വീണപ്പോൾ അവിടെയും രക്ഷകനായി ആദ്യമെത്തിയത് ക്യാപ്ടൻ സ്റ്റാൻലിയാണ്. ടൈംസ് ക്വയറിൽ ബോംബ് വച്ചപ്പോൾ അത് കണ്ടെത്തിയത് ക്യാപ്റ്റൻ സ്റ്റാൻലിയുടെ ടീമിലെ പോലീസ് ഓഫീസറായിരുന്നു. 160 കോൺസിലേറ്റുകൾ, യു. എൻ തുടങ്ങിയ അതിപ്രധാന സ്ഥലങ്ങൾ തന്റെ അധികാര പരിധിയിലാണ്. ഭാരിച്ച ചുമതലകൾക്കു നടുവിലും ഇൻഡ്യാക്കാരെ പ്രത്യേകാൽ മലയാളികളെ സഹായിക്കുവാൻ സമയം കണ്ടെത്തുന്നു.

തന്റെ കൃത്യ നിർവ്വഹണത്തെ മാനിച്ച് ധാരാളം അംഗീകാരങ്ങളും ഇദ്ദേഹത്തെ തേടിയെത്തി.

വേൾഡ് ട്രേഡ് സെന്ററിലെ ദൗത്യത്തിന് നാസൗ കൗണ്ടിയുടെ കീർത്തി പത്രം, അബ്ദുൾ കലാമിന്റെ പ്രശംസ, കേരളാ സെന്ററിന്റെ 2002, 2010 അവാർഡ്, പി. സി. എൻ. എ. കെ. പുരസ്കാരം, ഏ.ജി. യു. എസ്. എ, ഏ. ജി. കേരളാ ബഹുമതികൾ കൂടാതെ ഈ വർഷത്തെ കേരളാ പ്രവാസി ഭാരതി കർമ്മരത്ന അവാർഡ് തുടങ്ങിയവ ഇതിൽപ്പെടുന്നു.

അമേരിക്കൻ ജീവതത്തിനിടയിലും ആത്മീയ അനുഭവങ്ങളെ കൈവിടാതെ മുന്നേറിയ സ്റ്റാൻലിജോർജ്ജ് സുവിശേഷ പ്രവർത്തനങ്ങളിൽ സജീവമാണ്. യൂത്ത് സെമിനാറുകൾ, പ്രസംഗം, മാസികാ പ്രവർത്തനം ഇങ്ങനെ വ്യത്യസ്ത തലങ്ങളിൽ തന്റെ ദൗത്യം നിർവ്വഹിക്കുന്നു.



രാജൻ ആര്യപ്പള്ളിൽ, സാംകുട്ടി മാത്യു എന്നിവർ ക്യാപ്റ്റൻ സ്റ്റാൻലി ജോർജ്ജിനൊപ്പം



ക്യാപ്റ്റൻ സ്റ്റാൻലി ജോർജ്ജ്

തന്റെ വീട്ടിൽ നടക്കുന്ന പ്രാർത്ഥനയിൽ മുപ്പതോളം നോർത്തിൻഡ്യക്കാർ പങ്കെടുക്കുന്നു. റൈറ്റേഴ്സ് ഫോറം പ്രസിഡന്റ്, പി. സി. എൻ.എ. കെ. ആദ്യ യൂത്ത് കോർഡിനേറ്റർ, 1996 -ൽ സെക്രട്ടറി, ഏ, ജി. നാഷണൽ സെക്രട്ടറി, പി. വൈ. എഫ്. എ പ്രസിഡന്റ്, എന്നീ പദവികൾ വഹിച്ചിട്ടുള്ള ക്യാപ്റ്റൻ സ്റ്റാൻലി. ഏ.ജി. സുവനീർ ചീഫ് എഡിറ്ററായി പ്രവർത്തിച്ചുവരുന്നു. ഏ. ജി. കേരളയുടെ ചില പ്രൊജക്ടുകൾ ചെയ്തിരുന്ന ഇദ്ദേഹം ഇപ്പോൾ സഭാ വ്യത്യാസം കൂടാതെ 30 സഭകളെ സഹായിക്കുന്നു. ജോലിയിലൂടെ ദൈവനാമം മഹത്വപ്പെടണമെന്ന ചിന്തയിൽ തന്നെ സമർപ്പിക്കുകയാണ്. അമേരിക്കൻ പോലീസിലെ ഈ മലയാളി സുവിശേഷകൻ.

വളഞ്ഞവട്ടം സ്വദേശിനിയായ ബീനയാണ് ഭാര്യ. വിദ്യാർത്ഥികളായ കെവിനും ക്രിസ്റ്റനും മക്കൾ.

കഥ

# കുരിശു വഴികൾ

സുനിൽ വർഗീസ് ബാംഗ്ലൂർ (theministryoftoday@gmail.com)

ചുരുണ്ടു പോയ റോഡിലേക്ക് അയാൾ നോക്കിയിരുന്നു. കുന്നുകൾ കയറിയിറങ്ങി ജീപ്പ് ഇഴയുമ്പോൾ ആവിനാശ് അങ്ങനെയാണ്. വനാന്തരങ്ങളിൽ നിന്ന് ഔഷധങ്ങൾ ശേഖരിച്ച് നിരനിരയായി റോഡിന്റെ ഓരം ചേർന്നു പോകുന്ന പഹാഡികളെ കാണുമ്പോഴോ. പുൽ മൈതാനിയിൽ ഏതോ കളികളിൽ മുഴുകിയിരിക്കുന്ന കുട്ടികളെ കാണുമ്പോഴോ ആവിനാശ് എന്തിനോ വെമ്പും. ചിലപ്പോൾ അനു കൂടെയുണ്ടാവും. അപ്പോഴൊക്കെ അവളോട് പറയുവാനായി ഒരുപാടു വാക്കുകൾ ഇഴതെറ്റി വരും.

‘ആവിനാശ്, ലുക്ക്....’ ജീപ്പ് ഇറക്കമിറങ്ങുമ്പോൾ പുറകിലിരുന്ന് അനു വിളിച്ചു. അപ്പോഴാണ് അയാൾ അത് ശ്രദ്ധിച്ചത്.

പേരറിയാത്ത ഏതോ മരങ്ങളിൽ ഇടതൂർന്ന് വളരുന്ന ചരിവിലായി ഒരു ശിഖ നാട്ടിവെച്ചിരിക്കുന്നു. അതിലൂടെ ഒഴുകി ഉണങ്ങിയൊട്ടിയ ചോരയാണ് അവൾ കാട്ടിതന്നത്.

‘സം ടൈംസ് ഇറ്റ്സ് ട്രൈബൽ ടെമ്പിൾ. പിന്നെ കുരുതി. അതിന്റെ റൂട്ട് ഇങ്ങ് ഏദനിലാണ്. വെൻ അവർ ബൈബിൾ ഈസ് ദ ഫ്രയിം ഓഫ് റഫറൻസ്. മാത്രമല്ല ആദ്യയാഗം നടത്തിയത് ദൈവവും...”

അനു തുടരുമ്പോൾ ആവിനാശ് അകന്നുപോകുന്ന ആ കൽത്തൂണിൽ നോക്കി നടുക്കത്തോടെ ഇരിക്കുകയായിരുന്നു.

‘ക്രൈസ്റ്റ് എന്നാണ്.. എന്നാണ്....’ നിശബ്ദമായ ഒരു തേങ്ങൽ അയാളിലുണ്ടായി. വണ്ടി പിന്നേയും മുൻപോട്ടു പോയിക്കഴിഞ്ഞിട്ടാണ് എന്തിനോ ആവിനാശ് തിരിഞ്ഞ് അനുവിനെ നോക്കിയത്. ജീപ്പിന്റെ താളത്തിനൊപ്പം ഒരു തടിച്ച പുസ്തകത്തിൽ മുഖം താഴ്ത്തി ഇരിക്കുകയായിരുന്നവൾ.

‘ആവിനാശ്, നിന്റെ കാര്യം കഷ്ടം തന്നെ. കൊച്ചുകുട്ടികളെ അക്ഷരം പഠിപ്പിക്കുന്നതുപോലെ എത്ര ഡിഫിക്കൽറ്റാണെന്നോ നിന്റെ വർക്കുകൾ. ലിസൺ, രാഹുൽ മിശ്ര യെസ്റ്റർഡെയിലും പറഞ്ഞു. നീ നിന്റെ ഭാവി സ്പോയിൽ ചെയ്യുവാണെന്ന്...’

എന്താണ് അവൾ അങ്ങനെ പറഞ്ഞത്. കഴിഞ്ഞ ഏതോ ഒരു ദിവസം അരണ്ട പ്രഭാതത്തിൽ പ്രാർത്ഥന ചോദിച്ച് നിലവിളിയോടെ വന്ന ഗോരയെ ചേർത്തണച്ചിട്ട് പിന്നെ അവനു വേണ്ടി ആവിനാശ് മുഴങ്കാലിൽ ഇരിക്കുന്നതു കണ്ടപ്പോഴായിരുന്നു.

രണ്ടു വർഷമായി ആവിനാശ് ആ നാട്ടിൽ വർക്കു ചെയ്യുന്നു. സിന്ധികളും ആദിവാസികളും മലയോര വാസികളും കല്ല് ദൈവവും മരദൈവവും മനുഷ്യ ദൈവവും കുരുതിയും ഹോമവും സ്വയപീഢനവും അങ്ങനെ അവരുടെ ആചാരങ്ങളിലൂടെ സംസ്കാരങ്ങളിലൂടെ കുറേ നടന്ന ആവിനാശ് വല്ലാത്ത പരിഭ്രമം ബാധിച്ച് ഒരാഴ്ച പനിച്ച് കിടന്നിരുന്നു.

തിരികെ ദില്ലിയിലേക്ക് പഴയ ആവിനാശായി, പാപ്ജിയുടെ കിഷോറായി,. അനു പറയാറുള്ളതു പോലെയുള്ള എനർജറ്റിക്കായ ജന്റിൽമാനായി ഒരാഴ്ച ആ വ്യഥയായിരുന്നു. ഒടുവിൽ വാടകമുറിയുള്ള താമസം ഉറപ്പിച്ചു. മടക്കം ഇല്ലെന്ന് മനസിലായ അനുവിന്റെ മുഖം മങ്ങി.

ജീപ്പിലിരുന്ന് ആവിനാശ് ഗോരയെ കണ്ടുമുട്ടിയത് ഒർത്തു

പുരാതന ഹൈന്ദവ ആചാരങ്ങളും യാവോയിസ്റ്റിക് പാരമ്പര്യങ്ങളും തമ്മിലുള്ള ചേർച്ച പഠനവിഷയമായി എടുത്ത അനുവിനോടൊപ്പം ഭൈരവൻ കുന്നിലുള്ള ഗുഹകൾ തേടിപ്പോയതായിരുന്നു; ഒപ്പം ആവിനാശിന് ആ ഗ്രാമത്തെ ഉൾക്കൊള്ളുക എന്ന ലക്ഷ്യവും ഉണ്ടായിരുന്നു.

കാട്ടുവഴികളിലൂടെ കുറെ നടന്ന് തളർന്ന് കിതപ്പൊതുക്കുമ്പോൾ അനുവാണത് കണ്ടത്. പച്ചിലത്തലപ്പുകൾക്കപ്പുറം ഒരു മൂർത്തിയുടെ മുന്നിൽ സ്വന്തം നെറ്റി ആഞ്ഞിടിച്ച് ചോര വരുത്തുകയാണ് ഗോര.

പിന്നീട് മനസ്സിലായി ജ്വരം കൂടിക്കിടക്കുന്ന മകളെ രക്ഷിക്കണേ എന്ന നിലവിളിയായിരുന്നു അതെന്ന്. അനുവിന് ഇഷ്ടമായില്ല എങ്കിലും അവളെ കൂട്ടി ഗോരയുടെ ചാളയിലേക്ക് ചെന്നു. കെട്ടമണം തിങ്ങിനിൽക്കുന്ന മുറിയിൽ വിഷമിച്ച് ഗോര കണ്ണടച്ചു നിന്നു. ആവിനാശ് പ്രാർത്ഥിച്ചു.

അതൊരു തുടക്കമായിരുന്നെന്ന് വളരെക്കഴിഞ്ഞാണ് അയാൾക്ക് മനസ്സാലയതും ദൈവത്തിന് സ്തുതി നൽകിയതും.

അന്ന് മടങ്ങുമ്പോൾ ആവിനാശിൽ സംതൃപ്തിയുണ്ടായിരുന്നു. അനുവോ വഴി നീളെ ഛർദ്ദിക്കുകയായിരുന്നു.

കഴിഞ്ഞ ദിവസം ഗോര തന്റെ രണ്ട് അയാൽക്കാരെ കൂട്ടിയാണ് വന്നത്. വാടകമുറിയിലെ പ്രാർത്ഥന സജീവമാകുന്നു. ആവിനാശിൽ ആത്മഭാരം ചുരന്നുകൊണ്ടിരുന്നു.

ഒരു ദിവസം വൈകിട്ട് ആവിനാശ് അവളുടെ പഠനമുറിയിൽ ചെന്നു. പകലുകളിൽ അതായിരുന്നു പ്രാർത്ഥനാമുറി.

Religions And Myths In Ancient Era എന്ന ബുക്കാണവൾ നോക്കുന്നത്. അവളെ തന്റെ സാന്നിദ്ധ്യം അറിയിച്ചിട്ട് പായ വിരിച്ചു.

‘അനു വന്നോളൂ. നമുക്കും ദൈവത്തിനോടായി എന്തെങ്കിലും പറയാനുള്ളവരല്ലെ. ക്രിസ്തീയ മതത്തിലെ ആചാര ക്ഷേത്രങ്ങൾ തേടി നീ നിന്റെ ഡോക്ടറേറ്റ് നേടും. അങ്ങനെ ഡിഗ്രികളുടെ ഭാരം. മാന്യത ക്രൈസ്റ്റ്, എന്ത് നല്ല പദവിയാണത്. പലപ്പോഴും രാഹുൽ മിശ്രയാണ് ശരി. എങ്കിലും നമുക്ക് ദൈവത്തോട് അപേക്ഷിക്കാനായി എന്തെങ്കിലുമില്ലേ...”

അവൾ അനങ്ങിയതേയില്ല.

ആവിനാശ് പായിൽ ഇരുന്നു. ധ്യാനത്തിന്റെ പാഥേയങ്ങൾ......

കുറേ കഴിഞ്ഞ് അവൾ കലിതുള്ളി: ‘പ്ലീസ്, ആവിനാശ്; കഴിഞ്ഞ ദിവസവും ഇങ്ങനെ നീ എന്നെ ശല്യപ്പെടുത്തി. നിനക്കൊന്നാ ഞാൻ ഒരു പി. എച്ച്. ഡി.ക്കാരിയാവുന്നത് കുറച്ചിലാണോ’

‘അനു, നീയിപ്പോൾ കൊച്ചുകുട്ടിയാണ്. ഒരു ഒന്നാം ക്ലാസ്സുകാരിയെക്കാൾ പ്രായക്കുറവ്. കാരണം ഇപ്പോഴും മനുഷ്യർ തരുന്ന ബഹുമാനങ്ങളിലാണ് നീ...’

അനു അതു കേട്ട് ദേഷ്യപ്പെടുന്നു. പതിവുപോലെ ചാടി എഴുന്നേറ്റ് ടേബിൾ ലാംബ് ഓഫാക്കുന്നു. തുറിച്ചു നോക്കിയിട്ട് അകത്തെ മുറിയിലേക്ക് പോകുന്നു.

ആവിനാശിന്റെ കണ്ണുകൾ ഒന്നു പൊടിച്ചു. എന്റെ ഗുരോ എനിക്ക് ചേരുന്നവളായി എന്റെ വലങ്കരമായി എന്നാണിവൾ ആയിത്തീരുക? എങ്കിലും അങ്ങയുടെ ഇഷ്ടങ്ങൾക്ക് നന്ദി.

ആവിനാശ് ഒന്നു കുലുങ്ങി. ഓർമ്മകളിൽ നിന്നയാൾ പിടഞ്ഞുണർന്നു. ജീപ്പ് നിന്നിരിക്കുന്നു.

നഗരത്തിലേക്കും ഭൈരവൻ കുന്നിലേക്കുമായി രണ്ടു വഴികൾ. അനു ജീപ്പിൽ നിന്നിറങ്ങുന്നു. ജീപ്പ് ഭൈരവൻ കുന്നിലേക്കാണ് പോകുന്നത്. ജീപ്പിലുള്ള മറ്റു യാത്രക്കാരും അവിടേക്കാണ് പോകുന്നത്. അനു ഫ്രണ്ടിലേക്ക് വരുന്നു.

‘വൈകിട്ട് ഞാൻ താമസിക്കും. മുനിസിപ്പൽ ലൈബ്രറിയിലും രാഹുലിന്റെ ഫാദറിന്റെ അരികിലുമായി കുറേ സമയം പോകും. പിന്നെ ഇന്ന് പ്രഫ. വിനയ്ലാലിനെ കാണണം. ദെൻ സീയൂ...’

അവൾ വെട്ടി തിരിയുന്നു. ഒരിക്കലൂടെ ആവിനാശിന് അവനോടൊപ്പം ട്രൈബൽസിന്റെ അരികിൽ വരുന്നതിനെ പറ്റി അനുവിനോട് ചോദിച്ചാലോ എന്ന് തോന്നി.

അപ്പോഴേക്കും ഡ്രൈവർ ജീപ്പ് മുന്നോട്ട് എടുത്തിരുന്നു.

‘വരില്ല... വിളിച്ചാലും വരില്ല.....’ ആവിനാശ് അറിയാതെ പറഞ്ഞു.

ആദിവാസികളെ മാത്രമല്ല ഏതൊരു യാചകനേയും അല്ലെങ്കിൽ താണ ജാതിയെന്ന് സമൂഹം മുദ്ര കുത്തിയവരേയും അവജ്ഞയോടെ കാണുന്ന അനു തന്നോടൊപ്പം ഒരു ദിനമെങ്കിലും... ആവിനാശിൽ ചിരിയുണ്ടായി.

‘ക്യാ ഭായി...?’ ....... ഡ്രൈവർ നോക്കുന്നു. ‘കുച്ച് നഹി....’ ആവിനാശിലെ ചിരിമാഞ്ഞു.

ചെമ്മൺ പാതയിലൂടെ ജീപ്പ് ഇഴഞ്ഞ് നീങ്ങുമ്പോൾ അകലെ മലനിരകളിൽ കണ്ണും നട്ട് ആവിനാശ് ഇരുന്നു.

‘സബ് ടീക് ഹോ ജായേഗാ... ഭായി...’ നടുക്കത്തോടെയാണ് അയാൾ ഡ്രൈവറെ നോക്കിയത്. അവൻ വെറുതേ സമാധാനിപ്പിച്ചതാണെങ്കിലും അതിന്റെ ആഴവും മനോഹാരിതയും ഓർത്ത് ആവിനാശ് മിഴികൾ കൂപ്പി.

## മാദ്ധ്യമ വിചാരം..............

12 –ാം പേജ് തുടർച്ച

ത കൊണ്ടുമാത്രം. അതിന് അവർ പരിഭവിക്കേണ്ടതില്ല. സ്വന്തം തട്ടകത്തിൽ ശുദ്ധി കലശം നടത്താൻ അവർ തയ്യാറായാൽ തീർച്ചയായും അവരുടെ പ്രതിഛായ വർദ്ധിക്കും.

**വൈദ്യ രത്നം പാണ്ടനാടാൻ ചികിത്സ**

*പുതിയ ബന്ദൽ തേടുന്ന പെന്തെക്കോസ്ത്* എന്ന തലക്കെട്ടിൽ ജാലകത്തിൽ ഉപദേശ രാഹിത്യത്തിന് ചികിത്സയുമായി ജെയ്സ് പാണ്ടനാട് എത്തിയിട്ടുണ്ട്. എന്തൊക്കെയാണ് ജെയ്സ് പറയുന്നത്. ന്യൂജനറേഷൻ വിരുദ്ധ ചേരിയ്ക്ക് നേതൃത്വം കൊടുത്തുകൊണ്ട് നവ പ്രവണതക്കാരുടെ അസ്കിതയ്ക്ക് മരുന്നുകൊടുക്കാൻ പ്രഗല്ഭന്മാരുടെ ലിസ്റ്റാണ് ജെയ്സ് അവതരിപ്പിക്കുന്നത്. ഇതിൽ ഒരാൾ മുമ്പ് സൂചിപ്പിച്ച വി. പി. ഫിലിപ്പു തന്നെ. മണക്കാല വിദ്യാർത്ഥിയായിരിക്കെ ഒരു ഉല്പതിഷ്ണുവിനെ പോലെ സാഹിത്യ രംഗങ്ങളിൽ കർമ്മ നിരതനായ വി. പി. പെന്തെക്കോസ്ത് യുവജന പ്രസ്ഥാനത്തിന്റെ തലപ്പത്തേക്ക് വിയോജ് സ്കറിയയെ അട്ടിമറിച്ച് കടന്നുവരുമ്പോൾ എന്തു പ്രതീക്ഷകൾ നമുക്കുണ്ടായിരുന്നു. പക്ഷേ എല്ലാ പി. വൈ. പി. എപ്രസിഡന്റുമാരും കാലക്രമേണ കരഗതമാക്കിയതുപോലെ ഇമ്മിണി കനം കൂടിയ ഒരു കസേരയാണ് ഫിലിപ്പിനിപ്പോൾ മനസ്സിൽ. അതിനു വേണ്ട ഒരു ശരീര ഭാഷ ആർജ്ജിക്കാൻ യോഗാസനം നടത്തുകയാണത്രെ വി. പി ആകെക്കൂടി ഒരു പകമതിയുടെ ലക്ഷണം പുറത്തെടുക്കുന്ന വി. പിയുടെ ബി പി ഇതു വായിച്ചിട്ട് കൂടാതിരുന്നെങ്കിൽ.

ആറു പെണ്ണുകെട്ടിയ ബർണാഡ് ബ്ലെസ്സിംഗിനെ അത്ഭുത പ്രവർത്തകനായി വേഷം കെട്ടിച്ച് തിരുവനന്തപുരത്ത് പ്രസംഗിക്കാൻ കൊണ്ടുവരുമ്പോൾ പരിഭാഷകനായി എത്തിയ കെ. ജെ. മാത്യു സാറാണ് മറ്റൊരാൾ. സാറ് സൂപ്രണ്ടായാലും ഇല്ലെങ്കിലും ഏ. ജിയിൽ ന്യൂ ജനറേഷൻ ആട്ടം തകൃതിയായി നടക്കും. നയകോവിലനായ സാറിന് കാര്യങ്ങൾ അറിയാഞ്ഞിട്ടല്ല. പക്ഷേ അതിലും വലുതാണ് തന്റെ നിലനില്പ്. യേശുനാമക്കാരൻ ഡേവിഡ് ടെറലിന്റെ കേരളത്തിലെ ബ്രാൻഡ് അംബാസിഡർ എൽ. സാമാണ് മറ്റൊരാൾ. അദ്ദേഹത്തിന്റെ കൈയ്യിലേക്ക് ഉപദേശ സംരക്ഷണം ഏൽപിച്ചു കൊടുത്ത ജെയ്സ് പാണ്ടനാടിനു വേണ്ടി നമ്മൾ പ്രാർത്ഥിക്കുക. കർത്താവേ, ഇദ്ദേഹം ചെയ്യുന്നത് എന്തെന്ന് അറിയായ്കയാൽ... നാളകളിൽ പൂകാനുള്ള ചില സ്ഥാനമാനങ്ങളുടെ മനോഹര സ്വപ്നങ്ങളിൽ തേരോടിച്ച് നേരം പോക്കുന്ന പി. ജെ. ജെയിംസ് സാറാണ് മറ്റൊരാൾ സ്വന്തം പ്രസ്ഥാനത്തിൽ നാളെയൊരു സുരക്ഷിത ഭാവിയ്ക്ക് ഈ പുകഴ്ത്തൽ പ്രയോജനപ്പെടുമെന്ന് ജെയ്സ് പാണ്ടനാട് ചിന്തിക്കുന്നുണ്ടാവും. ജെയ്സ് നൽകുന്ന ലിസ്റ്റിൽ അക്കാദമിക് പണ്ഡിതന്മാരായ ഡോ. ഐസക് വി. മാത്യു ഡോ. എം.സ്റ്റീഫൻ എന്നിവരുടെ ഉയർന്ന പാണ്ഡിത്യം നിമിത്തം അവരെ ഞാൻ വെയ്റ്റിംഗ് ലിസ്റ്റിലേക്ക് ഇടുന്നു. ഉപദേശ സംരക്ഷകർ ആരെങ്കിലും അങ്ങുമിങ്ങും ചാടി മനോ വിഭ്രാന്തിയ്ക്ക് അടിമപ്പെട്ടാൽ അവരെ കൗൺസലിംഗിലൂടെ തിരികെ കൊണ്ടുവരാൻ നമുക്ക് ഐസക് വി. മാത്യുവിനെ പ്രയോജനപ്പെടുത്താം. നീതി നിഷേധങ്ങളോ മനുഷ്യവകാശ ധ്വംസനങ്ങളോ പോലുള്ള അപ്പാർത്തീഡ് നയങ്ങളുമായി ആരെങ്കിലും കുതിര കയറാൻ വന്നാൽ സ്റ്റീഫൻ സാറിനെയും കളത്തിൽ ഇറക്കാം. ഗെസ്റ്റാവോ ഗട്ടിയറസുമുതൽ എം. എം. തോമസുവരെയുള്ള ദൈവശാസ്ത്ര ചിന്തകന്മാരെ കൂട്ടുപിടിച്ച് സാറെത്തിക്കൊള്ളും.

പാണ്ടനാട് നൽകിയ ലിസ്റ്റിന് ഒരു സ്ക്രൂട്ടിനി നടത്തി ഒരു പുതിയ ലിസ്റ്റ് തയ്യാറാക്കുന്നു. കാനം അച്ചൻ, പി. റ്റി. തോമസ്, പ്രൊഫ. മാത്യു. പി. തോമസ്, രാജൻ ജെ. ആഷേർ, സാജു മാത്യു എന്നിവർ നയിക്കട്ടെ നമ്മെ. മേൽ സൂചിപ്പിച്ച ചോദ്യങ്ങൾക്ക് തൃപ്തികരമായ മറുപടി പറഞ്ഞാൽ ഫിലിപ്പ്. പി തോമസിനേയും ഡോ. ജെയ്സനേയും നമുക്ക് അകത്തു കയറ്റാം. ബാക്കിയുള്ളവർ മോഡറേഷൻ നൽകിയാൽ പോലും പാസ്സാവില്ല സുഹൃത്തേ, തോറ്റു തുന്നം പാടുന്നവരുടെ വിലാപവും ജയിച്ചവന്റെ ആഹ്ലാദവുമല്ലാത്ത ഇടത്തരം നാദം പുറപ്പെടുവിക്കുന്ന ഇവരെ കൂട്ടി ഉപദേശം സംരക്ഷിക്കാമെന്ന പാണ്ടനാടിന്റെ അതിമോഹം അപകടകരം!

**നമുക്കൊരു ശിശു ജനിച്ചിരിക്കുന്നു**

നേതാക്കന്മാർ അറിയുക. കുറുക്കൻ കടിച്ചു കുടഞ്ഞ് അകാല മൃത്യു പൂണ്ട ചോരക്കുഞ്ഞായിരുന്ന അപ്പോളജെറ്റിക്സ് കൗൺസിൽ ‘വീണ്ടും ജനനം’ പ്രാപിച്ചിരിക്കുകയാണ്. ദയവായി ഇനിയും ഈ കുട്ടിയെ കൊല്ലരുത്. ഈ കുഞ്ഞ് അതിന്റെ ശൈശവ ചാപല്യം നോക്കാതെ തിരുവനന്തപുരം റാലി പൊളിച്ചടുക്കിയതും കുറുക്കൻ ഓലിയിട്ടു പ്രതിഷേധിച്ചതും ചരിത്രം. പക്ഷേ അന്ന് അവന് പോഷണം നൽകേണ്ടവർ അവനെ അമ്മത്തൊട്ടിലിൽ ഉപേക്ഷിച്ച് കരുവാറ്റാ കടന്നു. ഈ തക്കത്തിന് നിലമ്പൂരിൽ നിന്ന് ഒരു കുട്ടിയും ഇലന്തൂരിൽ നിന്ന് ഒരു കുഞ്ഞും സാക്ഷാൽ കുറുക്കനും ചേർന്ന് അവനെ കൊന്നു കൊലവിളിച്ചു. പക്ഷേ ഇപ്പോൾ അവൻ വീണ്ടും ജനിച്ചിരിക്കുന്നു. ഞങ്ങൾ മാദ്ധ്യമ വിദ്വാന്മാർ കിഴക്ക് അവന്റെ നക്ഷത്രം കണ്ടു. പക്ഷേ അത്യന്ത സന്തോഷം ഒന്നുമില്ല. കാരണം എനിക്കും ഈ കുട്ടിയെ നമസ്കരിക്കണം എന്നു പറഞ്ഞ് ഹെറോദാവ് കാത്തു നിൽക്കുന്നുണ്ട്. അതായത് കുറുക്കൻ! കുഞ്ഞും കുട്ടിയും കൂടി കാത്തിരിക്കുകയാണ്. അപ്പൊളജെറ്റിക്സ് കൗൺസിലിന്റെ കഴുത്തു ഞെരുക്കാൻ. ആരാണവർ. പറയാം സ്തോത്രത്തിലില്ല ഹല്ലേലൂയ്യായിലുണ്ട്. മരുഭൂമിയിലില്ല മരുപ്പച്ചയിലുണ്ട്. സംശയമുള്ളവർ കാനം അച്ചനോട് ചോദിക്കുക. പൂവ് വിറ്റ കടയിൽ പുല്ല് വില്ക്കുന്ന ഈ കുഞ്ഞും കുട്ടിയും ആരാണെന്ന് തീർച്ചയായും അദ്ദേഹം പറയും.

കണ്ണാടി

# ശുശ്രൂഷക സ്ഥലം മാറ്റം എന്ന പ്രഹേളിക



ജെയ്സ് പാണ്ടനാട്

വീണ്ടും ഒരു സ്ഥലംമാറ്റ സീസൺ കൂടി വന്നിരിക്കുന്നു. ചിലർ പിടിച്ചിരിയ്ക്കാനും ഒരു കൂട്ടർ നല്ലത് തരപ്പെടുത്താനും പരക്കം പായുകയാണ്. ശുശ്രൂഷകന്മാർ നല്ല സഭയും സഭകൾ നല്ല പാസ്റ്ററെയും കിട്ടാൻ നെട്ടോട്ടമോടുകയാണ്. നല്ല സഭയെന്നു പറഞ്ഞാൽ നല്ല പാഴ്സനേജ്, സഭാഹാൾ, വരുമാനം, നഗരത്തിലെ സഭ എന്നർത്ഥം. വരണ്ടുണങ്ങിയ മൊട്ടക്കുന്നുകളിൽ നിന്നും പച്ചയായ മേച്ചിൽ പുറങ്ങളും സ്വസ്ഥതയുള്ള വെള്ളവും തേടി ഓടുകയാണ്. ചിലർ കംഫർട്ട് ബർത്തുകൾ ഇതിനോടകം തന്നെ ഉറപ്പാക്കിക്കഴിഞ്ഞു. ഇനിയുള്ള ദിനരാത്രങ്ങൾ വെട്ടലും തിരുത്തലും വെട്ടിനിരത്തലും എല്ലാമായി പൊടി പാറും.

ആദിമ സഭാ ചരിത്രത്തിൽ സ്ഥലം സഭകൾ സ്വതന്ത്രമായിരുന്നു. പ്രാദേശിക സഭയ്ക്കായിരുന്നു സ്വയംഭരണം. ഒരു കേന്ദ്രത്തിലിരുന്നുകൊണ്ട് നിയന്ത്രിക്കുന്ന കേന്ദ്രീകൃതഭരണ സംവിധാനം ആദിമസഭയ്ക്കില്ലായിരുന്നു. സഭകൾ എല്ലാം തന്നെ ഭവനസഭകൾ (Home Church) ആയിരുന്നു. അപ്പോസ്തലന്മാരാൽ നിയമിക്കപ്പെട്ട മൂപ്പന്മാരായിരുന്നു പ്രാദേശിക സഭയുടെ ഭരണവും പരിപാലനവും നടത്തിയിരുന്നത്. അവർ മരണം വരെ തുടർന്നിരുന്നു.

കേരളത്തിലെ പെന്തെക്കോസ്തു സഭകളുടെ ആരംഭകാലം മുതൽ സ്ഥലമാറ്റമുണ്ടായിരുന്നു. സഭയ്ക്ക് സംഘടനാ രൂപം വന്നതോടെയാണ് സ്ഥലം മാറ്റ വ്യവസ്ഥ നിലവിൽ വന്നത്. കേരളത്തിലെ ചില പെന്തെക്കോസ്തു സഭകളിൽ കൃത്യമായ മാനദണ്ഡം സ്ഥലം മാറ്റത്തിന് ഉണ്ട്. ചിലർക്ക് പൊതുവായ മാനദണ്ഡം പോലുമില്ല. ഭരണവ്യവസ്ഥിതി കർക്കശമായി നിലനിന്നിരുന്ന ആദിമ കാലങ്ങളിൽ ശുശ്രൂഷകന്റെ കാലയളവ് മൂന്നു വർഷമായിരുന്നു. ഇത് വളരെ ശ്രദ്ധയോടും ഉത്തരവാദിത്വത്തോടും പാലിച്ചിരുന്നു. ഇക്കാര്യത്തിൽ ചിലർക്ക് വിട്ടു വീഴ്ചകൾ നല്കേണ്ടി വന്നപ്പോൾ കാലദൈർഘ്യത്തിനും ഇളവ് നല്കേണ്ടി വന്നു.

ശാസ്ത്രീയമായ പൊതു മാനദണ്ഡം പാലിക്കാത്തതിനാൽ പലപ്പോഴും സ്ഥലമാറ്റ സമയം വളരെ പ്രക്ഷുബ്ധമാകാറുണ്ട്. ചിലർ ട്രാൻഫർ ലെറ്റർ കൈപ്പറ്റാതെയും മറ്റു ചിലർ പാഴ്സനേജുകളിൽ നിന്നും മാറാതെയും പ്രശ്നം സൃഷ്ടിച്ചിട്ടുണ്ട്. ചെറിയ സഭ നല്കിയതിന്റെ പേരിൽ കേന്ദ്ര ഓഫീസിൽ താമസം ആക്കിയ ചരിത്രം പോലുമുണ്ട്. ഇതൊക്കെ സംഭവിക്കുന്നത് കൃത്യമായ മാനദണ്ഡം ഇല്ലാത്തതിന്റെ പേരിലും നേതൃത്വത്തിന്റെ കെടു കാര്യസ്ഥത കൊണ്ടും ശുശ്രൂഷകന്മാരുടെ അച്ചടക്കമില്ലായ്മ കൊണ്ടുമാണ്. സ്ഥലംമാറ്റവുമായി ബന്ധപ്പെട്ട് നിലനിൽക്കുന്ന ചില ദുഷ്പ്രവണതകൾ മാറേണ്ടതായിട്ടുണ്ട്.

ആദിമ കാലങ്ങളിൽ ജനറൽ ട്രാൻസ്ഫർ ആയിരുന്നു. ഇന്നിപ്പോൾ ചിലർ വരുമാനമുള്ള വലിയ സഭകൾ കുത്തകയാക്കി വച്ചിരിക്കുകയാണ്. ദേശീയ പാതയുടെയും എം.സി. റോഡിന്റെയും വക്കത്തു നിന്നും മാറാതെ ഇരിക്കുന്ന ചിലർ ഉണ്ട്. ഇവർ എറണാകുളത്തിനും കൊട്ടാരക്കരയ്ക്കും ഇടയിൽ മാത്രം ഇരിക്കാൻ വരം ലഭിച്ചവരാണ്. മലബാർ, ഹൈറേഞ്ച്, തീരപ്രദേശങ്ങൾ, തെക്കൻ തിരുവതാംകൂറിന്റെ അതിർത്തി പ്രദേശങ്ങൾ ഇവിടെയെല്ലാം പ്രവർത്തിക്കുന്ന ശുശ്രൂഷകന്മാരുടെ സ്ഥിതി അതീവ ദയനീയമാണ്. ശുശ്രൂഷക വൃന്ദത്തിലെ 20 ശതമാനം മാത്രമാണ് സുഖം അനുഭവിക്കുന്നത്. ബാക്കി 80% വരുന്ന മഹാ ഭൂരിപക്ഷം ദാരിദ്ര്യത്തിന്റെ വറച്ചട്ടിയിൽ കിട ന്ന് കർത്തൃവേല ചെയ്യുന്നവരാണ്. പാലിന് പകരം സ്വന്തം കുഞ്ഞിന് കഞ്ഞിവെള്ളം കുപ്പിയിലാക്കി കൊടുക്കേണ്ടിവന്ന ശുശ്രൂഷകുടുംബത്തെ എനിക്ക് നേരിട്ടറിയാം. 20 ശതമാനം വരുന്ന ന്യൂനപക്ഷ മാണ് അധികാരം,വിഭവം, വരുമാ നം മറ്റെല്ലാ സൗകര്യങ്ങളും കൈ യടക്കി വച്ചിരിക്കുന്നത്. ഇതിൽ ഒരാൾക്ക് മൂന്നും നാലും പദവികൾ പോലും ഉണ്ട്. ഇവർ പതിറ്റാണ്ടുകളായി മാറി മാറിവരുന്നു. പുതിയ നീരൊഴുക്ക് ഉണ്ടാകുന്നില്ല.

സീനിയോരിറ്റി മറികടന്നുകൊണ്ട് ചിലരെ മാത്രം പ്രമോട്ട് ചെയ്യുന്ന പ്രമോഷൻ സംവിധാനത്തിലെ അശാസ്ത്രീയമായ രീതിശാസ്ത്രം ന്യായികരിക്കാനാവാത്തതാണ്. സീനിയോരിറ്റി ഉള്ള ലോക്കൽ പാസ്റ്റർമ്മാർ അവഗണിക്കപ്പെടുന്നു. ശവസംസ്ക്കാരം, വിവാഹം, സഭാഹാൾ ഉത്ഘാടനം, കൺവൻഷനുകൾ പോലുള്ള പൊതുയോഗങ്ങളിൽ സീനിയോരിറ്റിയുള്ള ലോക്കൽ പാസ്റ്റർമാരെ ഒഴിവാക്കി ജൂനിയറായ സെന്റർ പാസ്റ്റർമാർക്ക് മാത്രം അവസരം നല്കുന്ന രീതി അനഭലഷണീയമാണ്. പൊസിഷൻ ഇല്ലാത്തവർക്ക് ശുശ്രൂഷയില്ല (No Position, No Ministry) എന്ന രീതി മാറ്റണം. യാതൊരു മാനദണ്ഡവുമില്ലാതെ പിൻവാതിലിലൂടെ (ഇഷ്ട ദേവനെ) ബന്ധുക്കളെയും പെട്ടിപിടിക്കുന്നവരെയും പ്രതിഷ്ഠിക്കുന്ന (Backdoor appointment) സാഹചര്യം നിലനിൽക്കുന്നുണ്ട്. ഓഫീസുകളിൽ വരുമാനത്തിന്റെ കണക്കുകൾ തെറ്റായി കാണിച്ച് വരുമാനം കൂടിയ സഭകൾ ദുഷ്ടലാക്കോടെ തരപ്പെടുത്തുന്ന ശുശ്രൂഷകന്മാരുണ്ട്. (ഉദാ: 2000 രൂപ വരുമാനമുള്ള സഭകളിലെ 3000 ന്റെ കള്ളക്കണക്ക് കാണിച്ച് 4000 രൂപ വരുമാനമുള്ള സഭ തട്ടിയെടുക്കുന്നു). വലിയ സഭ നെടുകെ പിളർത്തി പിടിച്ചു നില്ക്കുന്നവരും കുറവല്ല. സഭാപരിപാലനത്തിൽ സ്ഥിരം പരാജയപ്പെടുന്ന പ്രശ്നക്കാരായ ശുശ്രൂഷകന്മാർക്ക് വീണ്ടും നല്ല സഭകൾ നല്കി സഭകൾ നശിപ്പിക്കാൻ അവസരം നല്കരുത്. കാര്യക്ഷമത, പ്രവർത്തനപരിചയം, അക്കാദമിക്ക് പശ്ചാത്തലം, വേദശാസ്ത്ര അടിത്തറ ഇവയെല്ലാം മനസിലാക്കി മാത്രമേ സഭകളിൽ നിയമിക്കാവൂ. ഒരു പ്രദേശത്തിന്റെ സാമൂഹിക പശ്ചാത്തലം, പ്രാദേശിക സഭയോ ആത്മീക നിലവാരം, സഭ നേരിടുന്ന ബാഹ്യവും ആഭ്യന്തരവുമായ വെല്ലുവിളികൾ ഇവയെല്ലാം തിരിച്ചറിഞ്ഞുകൊണ്ടുള്ള അനിവാര്യമായ ക്രമീകരണമായിരിക്കണം ഉണ്ടാകേണ്ടത്. പലപ്പോഴും അങ്ങനെ സംഭവിക്കാറില്ല. ശാസ്ത്രീയമായ പഠനം ഈ വിഷയങ്ങളിൽ നടത്താതെ ചേരുംപടി ചേർക്കുന്ന ലാഘവത്തോടെ ലിസ്റ്റ് തയ്യാറാക്കുന്ന ശൈലി തിരുത്തണം. പ്രാദേശിക സഭയുടെ ആത്മീയ ആവശ്യം അറിയാതെ നേതൃത്വം ഏകപക്ഷീയമായി തീരുമാനം അടിച്ചേല്പിക്കരുത്.

ശുശ്രൂഷകന്മാരുടെ ആരോഗ്യപരമായ, കുടുംബപരവുമായ പ്രശ്നങ്ങൾ പരിഗണിക്കപ്പെടണം. വലിയ കുടുംബങ്ങൾക്ക് സന്ധിക്കാവുന്ന വരുമാനവും പാഴ്സനേജും നല്കണം. തുടക്കകാരെ പുതിയ പ്രവർത്തനങ്ങൾ പരീക്ഷിക്കണം. വിശ്വാസികളുടെ സമ്മർദ്ദങ്ങൾക്ക് വഴങ്ങി ശുശ്രൂഷകരെ അനാവശ്യമായി സ്ഥലം മാറ്റുന്ന പതിവ് നിലനില്ക്കുന്നുണ്ട്. സഭാ ശുശ്രൂഷകനെക്കാൾ വിശ്വാസികൾക്ക് നേതൃത്വത്തിൽ പിടി ഉള്ളതുകൊണ്ടാണ് ഇത് സംഭവിക്കുന്നു.

സ്ഥലം മാറുന്ന പാസ്റ്ററുടെ കഴിഞ്ഞ ശുശ്രൂഷകാലയളവിലെ പ്രവർത്തന റിപ്പോർട്ട് ചർച്ച ചെയ്യാറില്ല. ഇതു നിമിത്തം ശുശ്രൂഷകന്മാർ അലസരായി തുടരുന്നു. കൂടെ കൂടെയുള്ള സ്ഥലം മാറ്റം മക്കളുടെ വിദ്യാഭ്യാസത്തെ ഗൗരവമായി ബാധിക്കുന്നുണ്ട്. നേതൃത്വത്തെ കാര്യമായി കാണുന്നവർക്ക് കനമുള്ള സഭ നല്കാറുണ്ടെന്ന് ഇടനാഴികളിൽ സംസാരമുണ്ട്. 10,000 രൂപ നൽകിയാൽ നല്ല സഭ തരാമെന്ന് സെന്റർ പാസ്റ്റർ വാഗ് ദാനം ചെയ്തതായി കേട്ടു. ആൾ സ്വാധീനം, ബന്ധു ബലം എല്ലാമുള്ളവർക്ക് സിറ്റി ചർച്ചുകളും പ രാധീനതകളുള്ള സഭകൾ സാധാരണക്കാരായ ശുശ്രൂഷകന്മാർക്കും. മുകളിൽ പിടിയില്ലെങ്കിൽ അവസാനം പുഞ്ചവയലിൽ കാലാപെറുക്കി ജീവിക്കാം. ഇലക്ഷന് വിജയിപ്പിച്ചവരോട് നേതൃത്വത്തിന് കടപ്പാട് വളരെയുണ്ട്. നല്കിയ ഓഫറുകൾ പലതും പാലിക്കേണ്ടി വരും. എതിർത്തവരോട് പകരം വീടാനും ഇതാണ് നല്ല സമയം. അവരെ വെള്ളവും വെളിച്ചവുമില്ലാത്ത പത്മോസിലേക്ക് നാട് കടത്തും. പഴയ പക തീർക്കാൻ സഭാനേതാവ് നേരിട്ട് വിശ്വാസികളെ വിളിച്ച് പാസ്റ്റർക്കെതിരെ ഒപ്പുശേഖരണം നടത്താൻ ആവശ്യപ്പെട്ട സംഭവം പോലുമുണ്ടായി.

ഇതിനിടയിൽ നിലവാരമുള്ള ശുശ്രൂഷകരെ തേടി സഭകളും അന്വേഷണത്തിലാണ്. ചില സഭകളുടെ ഡിമാന്റ് ഇതാണ്, ബി.ഡി., എം.റ്റി.എച്ച്. ബിരുദം, ചെറുപ്പക്കാരൻ, രണ്ടു കുട്ടികൾ മാത്രമുള്ള ചെറിയ കുടുംബം എന്നിവ. ചിലർക്ക് പ്രവാചകന്മാരെ മതി. ചിലർക്ക് ബൈബിൾ സ്കൂൾ അദ്ധ്യാപകരെ തന്നെ വേണം, ചിലർക്ക് വെളുത്ത ചെത്ത് പാസ്റ്റർമാരെ നിർബന്ധമാണ്. തന്റെ ഡിസ്ട്രിക്ടിൽ കറുത്ത പാസ്റ്റർമാർ വേണ്ടെന്നും നിർബന്ധം പിടിച്ച ഡി.പി. മാർ പോലുമുണ്ട്. മനസിൽ ജാതിയുടെ കറ മാറാത്ത ഈ ഡി.പി.യെ ചാട്ടയ്ക്ക് അടിയ്ക്കണം. സഭാ രാഷ്ട്രീയക്കാരേയും, നവപ്രവണതകളോട് ഉദാരസമീപനം കാണിക്കുന്നവരെയും, വേദശാസ്ത്ര അടിത്തറ ഇല്ലാത്തവരെയും പലർക്കും വേണ്ട. സെന്റർ പാസ്റ്ററുടെ താല്പര്യമനുസരിച്ച് മാത്രമിരിക്കും ചിലർക്ക് കിട്ടുന്ന സഭകൾ. സെന്റർ പാസ്റ്റർ പിണങ്ങിയാൽ സംഗതി കുഴയും. വർഷങ്ങളായി ഒരു സെന്ററിന്റെ ഭ്രമണപഥത്തിൽ മാത്രം കറങ്ങുന്ന ശുശ്രൂഷകന്മാരുണ്ട്. ചില സെന്ററുകളും സഭകളും ചിലർക്ക് മാത്രം സംവരണം ചെയ്തിരിക്കുകയാണ്.

തദ്ദേശീയമെന്നും തനിസ്വതന്ത്രമെന്നും അഭിമാനിക്കുന്ന സഭകളിലെ നേതാക്കൾ വിദേശ ബന്ധത്തിന്റെ അടിത്തറയിൽ സ്ഥാപിക്കുന്ന സ്വന്തം കൊച്ചു സാമ്രാജ്യങ്ങളുടെ ഇളകാത്ത സിംഹാസനങ്ങളിൽ എന്നേക്കും മഹാപുരോഹിതന്മാരായി വാഴുകയാണ്. ബാറ്റൺ കൈമാറേണ്ട സമയം അതിക്രമിച്ചിരിക്കുന്നു. വൈദ്യശാസ്ത്രം പരാജയപ്പെട്ടാൽ മാത്രം വേറൊൾക്ക് അവസരം ലഭിക്കൂ. ഗൾഫ് റിട്ടേണീസ്, എക്സ് മിലറ്ററീസ്, സിവിൽ സർവ്വീസുകളിൽ നിന്നും വിരമിച്ചവരെയും ഒരു രാത്രി കൊണ്ട് അഭിഷേകം നല്കി തിരുകി കയറ്റുമ്പോൾ പുറന്തള്ളപ്പെടുന്നത് പ്രാദേശിക തലത്തിൽ നിന്നും പ്രവർത്തിച്ചും, പഠിച്ചും പരിശീലിച്ചും വരുന്നവരാണ്. ഭൗതിക ജോലികളിൽ നിന്നും പെൻഷനായവരെ പുനരധിവസിപ്പിക്കുന്ന സ്ഥലമായി പാഴ്സനേജുകളും കേന്ദ്ര ഓഫീസുകളും മാറരുത്.

ആശയ വിനിമയരംഗത്തും, ഐ.ടി. മേഖലയിലും ഉണ്ടായ വിപ്ലവകരമായ മാറ്റം ശുശ്രൂഷാ രംഗത്തും പ്രകടമാണ്. ആധുനിക വെല്ലുവിളികളെ നേരിടാനുള്ള പരിശീലനം ശുശ്രൂഷകന്മാർക്ക് നല്കേണ്ടതാണ്. സമീപകാലത്ത് ഒരു സഭ ആവശ്യപ്പെട്ട ശുശ്രൂഷകന്റെ യോഗ്യത ഇപ്രകാരമാണ് B.A. ലിറ്ററേച്ചർ, സണ്ടേസ്ക്കൂൾ വിദ്യാർത്ഥികൾക്ക് ഇംഗ്ലീഷിൽ ക്ലാസ്സെടുക്കാനുള്ള ഭാഷാപരിചയം, കമ്പ്യൂട്ടർ പരിജ്ഞാനം ഇവയുണ്ടായിരിക്കണം. ശുശ്രൂഷകന്റെ ഭാര്യയും ബിരുദാരിയായിരിക്കണം. ഈ കാലഘട്ടത്തിലാണ് നാം ജീവിക്കുന്നത്. ആധുനിക മാറ്റങ്ങൾ ഉൾകൊള്ളുന്ന ഹൈടെക് നേതൃത്വം പോലും നമുക്ക് കുറവാണ്. കമ്പ്യൂട്ടർ പരിശീലനം അടക്കമുള്ള കാര്യങ്ങൾ നടപ്പിൽ വരുത്തേണ്ടതാണ്. കൾട്ടുകളെ പ്രതിരോധിക്കാനുള്ള വചന പ്രാവണ്യം നേടിയെടുക്കണം. പാസ്റ്ററൽ ഓറിയന്റേഷനും, തുടർ വിദ്യാഭ്യാസവും എല്ലാം ശുശ്രൂഷകന്മാർക്ക് നല്കണം. ആധുനിക ദൗത്യ മാതൃകകൾ, ചർച്ച് മാനേജ്മെന്റ്, പാസ്റ്ററൽ അഡ്മിനിസ്ട്രേഷൻ, ലീഡർഷിപ്പ് എന്നീ വിഷയങ്ങളിൽ പരിശീലനം നല്കണം. കാലോചിതമായി ശുശ്രൂഷവൃന്ദത്തെ രൂപപ്പെടുത്തിയെടുക്കണം. ഇങ്ങനെയായാൽ സ്ഥലം മാറ്റം ഒരു പ്രശ്നമായി മാറുകയില്ല. സ്ഥലംമാറ്റത്തിന്റെ ആവശ്യവും ഉണ്ടാവുകയില്ല.

## സുവിശേഷയോഗം

**പുഴക്കാട്ടിരി:** ഐ. പി.സി മലപ്പുറം സെന്ററിലെ പുഴക്കാട്ടിരി ചർച്ചിന്റെ നേതൃത്വത്തിൽ 2011 ഏപ്രിൽ 9,10 തീയതികളിൽ (ശനി, ഞായർ) ആർ. കെ. ഓഡിറ്റോറിയം കോമ്പൗണ്ട് പുഴക്കാട്ടിരിയിൽ സുവിശേഷയോഗം നടത്തും. പാസ്റ്റർ കെ. എ. മാത്യു (ഐ. പി. സി. മലപ്പുറം സെന്റർ പാസ്റ്റർ) ഉദ്ഘാടനം ചെയ്യുന്ന യോഗത്തിൽ പാസ്റ്റർ തോമസ് മാത്യു (തിരുവനന്തപുരം), പാസ്റ്റർ ജോൺ മമ്മരപ്പള്ളി (നിലമ്പൂർ) എന്നിവർ പ്രസംഗിക്കും. ഗോസ്പൽ ലൈറ്റ് വെയ്വ് സിംഗേഴ്സ് ഗാന ശുശ്രൂഷ നിർവ്വഹിക്കും. പാസ്റ്റർ പീറ്റർ റ്റി. എം., ബ്രദർ ബിജു, കൃഷ്ണൻകുട്ടി എന്നിവർ നേതൃത്വം നൽകും.

## പാസ്റ്റർ കെ.സി. ദാനിയേൽ... 1–ാം പേജ് തുടർച്ച

രിച്ചു. തുടർന്ന് ഹെബ്രോൺ ബൈബിൾ സ്കൂളിൽ പഠനം പൂർത്തീകരിച്ച ശേഷം കിഴക്കേ തെരുവ്, ഉമ്മന്നൂർ, ആനയം, കല്ലട, കിഴക്കുപുറം, നെല്ലിമുകൾ, തേപ്പുപാറ, പന്നിവിഴ, നെല്ലിക്കുന്നം, വേങ്ങൂർ, വാളകം, പറങ്കിമാംമുകൾ, ഓടനാവട്ടം, കൊട്ടാരക്കര ബേർശേബ എന്നിവിടങ്ങളിൽ പ്രവർത്തിച്ചു. 2000 –മുതൽ കൊട്ടാരക്കര സെന്റർ ശുശ്രൂഷകനായി പ്രവർത്തിക്കുന്നു. സംസ്ഥാന കൗൺസിൽ അംഗമായി ഒരു ടേം, ജനറൽ കൗൺസിൽ അംഗമായി 5 വർഷമായി പ്രവർത്തിച്ചുവരുന്നു. ദൈവസന്നിധിയിലേക്ക് ചേർക്കപ്പെടുന്നതിന് തലേന്ന് പറങ്കിമാംമുകൾ ഐ. പി.സി. സഭയിൽ വിവാഹ ശുശ്രൂഷ നടത്തി. തന്റെ ശുശ്രൂഷയിൽ അനേകം രോഗികൾ സൗഖ്യം പ്രാപിച്ചിട്ടുണ്ട്. തന്റെ മക്കൾക്ക് അസുഖം വരുമ്പോൾ കർത്താവിൽ ആശ്രയിക്കുകയും കർത്താവ് സൗഖ്യം കൊടുത്തിട്ടുള്ള കാര്യങ്ങൾ പലപ്പോഴും തന്റെ ശുശ്രൂഷയിൽ പറയുകയും ചെയ്തിരുന്നു.

ഭാര്യ: കരിക്കം പൈനും മൂട്ടിൽ ഏലിയാമ്മ, മക്കൾ: സംസ്ഥാന കൗൺസിൽ മെമ്പറും, മലബാർ സൗത്ത് ബോൺ പ്രസിഡന്റും ആലത്തൂർ സെന്റർ പാസ്റ്ററുമായ സാം ദാനിയേൽ, ഹൂസ്റ്റൺ ഇമ്മാനുവേൽ ചർച്ച് പാസ്റ്റർ ഷാജി ദാനിയേൽ, ജോസ് ദാനിയേൽ (യു. എസ്. എ), സാറാമ്മ, സൂസൻ, മേഴ്സി. മരുമക്കൾ: ഷീല, മേഴ്സി, ഷൈനി, പാസ്റ്റർ കുഞ്ഞുകുഞ്ഞ്, തോമസ്, സാം. 22 ചൊവ്വാഴ്ച ഐ. പി.സി. കൊട്ടാരക്കര സെന്റർ കൗൺസിലിന്റെ ചുമതലയിൽ ബേർശേബ ഗ്രൗണ്ടിൽ ശുശ്രൂഷ നടത്തുകയും നെല്ലിക്കുന്നം സഭാ സെമിത്തേരിയിൽ സംസ്കരിക്കുകയും ചെയ്തു.

ലേഖനം

# മത മൗലീക വാദം മുതൽ ഭീകരവാദം വരെ

പാസ്റ്റർ സണ്ണി. പി. സാമുവേൽ

കഴിഞ്ഞ ലക്കം തുടർച്ച

**3)** തീവ്രവാദം (Extremism)

*The holding of Extreme Nolitieal or religious views or the taking of extreme actions on the basis of those views.* രാഷ്ട്രീയമോ മതപരമായോ തീവ്രമായ ആശയങ്ങൾ വിശ്വസിക്കുകയും ആ ആശയങ്ങൾക്കു വേണ്ടി തീവ്രമായ അഥവ സീമകൾ ലംഘിക്കുന്ന പ്രവൃത്തികൾ ചെയ്യുകയും ചെയ്യുന്നതാണ് തീവ്രവാദം.

മതവൈരാഗി ആശയത്തിന്റെ പേരിൽ ആവേശം കാണിക്കുന്നവനാണെങ്കിലും അവനും ആയുധം എടുക്കുന്നില്ല. എന്നാൽ മത വൈരാഗി ആവേശം മൂത്ത് ആയുധം എടുക്കുമ്പോൾ അവൻ തീവ്രവാദിയായി മാറുകയാണ്. തീവ്രമായ വാദം ഉള്ളവൻ എന്നതാണ് തീവ്രവാദി എന്നതിന്റെ സാമാന്യ അർത്ഥം. എങ്കിലും തന്റെ വാദങ്ങൾ സ്ഥാപിക്കുവാനിയി ആയുധമെടുത്ത് തീവ്രമായി പ്രവർത്തിക്കുമ്പോൾ അവൻ വിധ്വംസകനായി മാറുകയാണ്.

Moderate എന്ന വാക്കാണ് Extremism എന്നതിന്റെ എതിർ പദമായി എൻകാർമു നിഘണ്ടു നല്കുന്നത്.

ആശയ സംവാദനം വാക്കുകളിലൂടെ നടത്താതെ ആയുധത്തിലൂടെ നടത്തുമ്പോൾ സമൂഹത്തിൽ തീവ്രവാദം പിടിമുറുക്കുകയായി. പിന്നെ അതിനെ നേരിടേണ്ടതും ശരിയാക്കേണ്ടതും Law and order ആണ്. അതു അതാതു കാലത്തെ ഭരണ കൂടത്തിന്റെ ഉത്തരവാദിത്വമാണ്.

Fundamentalism ഉം Radicatism വും ആയുധം എടുക്കുമ്പോൾ Extremisin ആവുകയാണ്. അവർ ആശയത്തിൽ വിജാതീയർ ആണെങ്കിലും കർമ്മത്തിൽ അങ്ങനെ സജാതിയരായി മാറുകയായി.

തീവ്രവാദത്തിനും വിധ്വംസക പ്രവർത്തനത്തിനും എതിരെ ഭരണകൂടം നടപടി രൂപീകരിക്കുമ്പോൾ വിധ്വംസക ഗവൺമെന്റിനെതിരെ തിരിഞ്ഞാൽ അത് ഭീകര പ്രവർത്തനമായി മാറുന്നു. (നിർവ്വചനം ശ്രദ്ധിക്കു)

4) ഭീകര പ്രവർത്തനം

Terrorism എന്ന വാക്കാണ് ഭീകര പ്രവർത്തനം എന്നതിന് ഉപയോഗിക്കുന്നത്. ഭയപ്പെടുത്തൽ, ഭീകരഭരണം, ഭീകരപ്രവർത്തനങ്ങൾ, ഭയോല്പാദകത്വം എന്നീ അർത്ഥങ്ങളാണ് കോർപറേറ്റ് ടെക്നോളജീസ് പുറത്തിറക്കിയ കമ്പ്യൂട്ടർ നിഘണ്ടുവിൽ കാണുന്നത്. Violence, Radiealsm, Extremism, sabotage എന്നീ പര്യായ പദങ്ങളാണ് encarta Dictionary, Terrorism എന്ന വാക്കിന് നല്കിയിരിക്കുന്നത്. എന്നാൽ Terrorism ഇതിൽ നിന്നും വ്യത്യസ്തവും ഒരു പടികൂടെ കടന്നതും ആണ്. Terrorism ന്റെ അടിത്തറ 'Terror' ൽ (ഭയപ്പെടുത്തലിൽ) ആണ്. ലത്തീൻ ഭാഷയിലെ ക്രീയാരൂപ വാക്കായ Terrere എന്ന വാക്കിൽ നിന്നും ഉൽഭവിച്ചതാണെന്ന് ന്യൂയോർക്ക് ടൈംസ്റ്റ് കോളമിസ്റ്റായിരുന്ന വില്ല്യം സഫയർ എഴുതിയിട്ടുണ്ട്. "To Foighten'' എന്നാണ് ഈ വാക്കിന്റെ അർത്ഥം. ഇംഗ്ലീഷ് വാക്കുകളുടെ രൂഹേല്ലത്തിയെക്കുറിച്ച് വിശദമായി പ്രതിപാദിക്കുന്ന ഓക്സ്ഫോർഡ്, എൻകാർട്ട ഡിക്ഷ്ണറികളിൽ Terrorism എന്ന വാക്കിന്റെ അർത്ഥവും പര്യായപദങ്ങളും അല്ലാതെ രൂഹേല്പത്തിയെക്കുറിച്ച് പറയുന്നതേയില്ല. എന്നാൽ Terror എന്ന വാക്ക് ലത്തീനിലെ Terrere യിൽ നിന്നും ഉത്ഭവിച്ച് ഫ്രഞ്ചിലൂടെ ഇംഗ്ലീഷിൽ എത്തിയതാണെന്ന് 2 നിഘണ്ടുകളിലും കാണുന്നുണ്ട്.

105 ബി.സിയിൽ റോമിലാണ് 'terrare' എന്ന വാക്ക് ജനങ്ങളുടെ ഇടയിൽ ഭീതി പരത്തിയത്. രണ്ടാം നൂറ്റാണ്ട്. ബി.സിയിൽ ജർമ്മനിയിൽ ജീവിച്ചിരുന്ന പുരാതന ജനതയായിരുന്ന 'terrare cimbricus' എന്നാണ് ഇത് അന്ന് അറിയപ്പെട്ടത്. 101 ബി. സി. യിൽ റോമൻ ജനത ഇവരെ ജനറൽ ഗായോസ് മാരിയസിന്റെ നേതൃത്വത്തിൽ തോല്പിച്ചു. യുദ്ധം തോറ്റ Cimbri വംശത്തിലെ സ്ത്രീകൾ സകല കുട്ടികളെയും കൊന്ന് ഒടുവിൽ അവരും സ്വയം മരിച്ചു. അങ്ങനെ ആ വംശം നശിക്കുകയായിരുന്നു. (ഇതിനു സമാനമായ ഒരു സംഭവം മലയാളികൾക്കിടയിലും പരന്നത്. ചിലരെങ്കിലും ഓർക്കുമല്ലോ. "എമണ്ടൻ വരുന്നേ" എന്നു പറഞ്ഞ് ജർമ്മൻ മുങ്ങിക്കപ്പലായ 'എംഡൻ ഭീതി' നമ്മളെയും ചില ദശകങ്ങൾക്കു മുമ്പ് പരിഭ്രാന്തരാക്കിയിരുന്നുവല്ലോ.)

'terror' എന്ന വാക്ക് ലത്തീനിൽ നിന്നും അഥവാ റോമിൽ നിന്നും പിന്നെ ഫ്രാൻസിലേക്കാണ് കുടിയേറിയത്. 1793 –ൽ ജക്കോബിലൻസ് ഫ്രാൻസിൽ അധികാരത്തിൽ വന്നു. ക്രിസ്തീയ സന്യാസി സമൂഹമായിരുന്ന ഇവർ ഇടതുപക്ഷ തീവ്രവാദികൾ ആയിരുന്നു. 1791 മുതൽ അധികാരത്തിലിരുന്ന മിതവാദി റിപ്പബ്ലിക്കൻ ഗ്രൂപ്പായിരുന്ന ഷിറോൺഡിസ്റ്റുകളെ അട്ടിമറിച്ചാണ്. ജക്കോബിയൻസ് അധികാരം പിടിച്ചത്. തങ്ങൾക്കു ഭീഷണിയാവുകയോ എതിരായി സംസാരിക്കുകയോ ചെയ്യുന്നവരെ ഉന്മൂലനം വരുത്തിയാണ് അവൻ ഭരിച്ചത്. അവരുടെ നായകനായിരുന്ന Robespierre ആയിരുന്നു Terrorism ചരിത്രത്തിൽ ശരിക്കും ആരംഭിച്ചത് അഥവാ തുടങ്ങിവന്നത് എന്നാണ് Geoffrey Nunberg സാൻ ഫ്രാൻസിസ് കോ കോണിക്കിളിൽ എഴുതിയിരിക്കുന്നത്. 1793 സെപ്റ്റംബർ മുതൽ 1974 ജൂലൈ വരെയുള്ള പത്തുമാസത്തെ ഫ്രഞ്ചുകാർ La Terreur എന്ന പേരിൽ കുപ്രസിദ്ധമായി. ഇക്കോബിൻസിന് അധികാരം നഷ്ടപ്പെട്ടനന്തരം Terrare എന്ന വാക്കു അധിക്ഷേപരീതിയാണ് (Abusive) ഉപയോഗിച്ചുവന്നത്.

തുടർന്ന് അടുത്ത 150 വർഷത്തേക്ക് Terrorism എന്ന വാക്ക് വിപരീതാർത്ഥ രീതിയിലാണ് പ്രയോഗിച്ചുവന്നത്. ഒരു കൂട്ടർ അതിനെ നീതിമത്ക്കരിക്കപ്പെട്ട രാഷ്ട്രീയ തന്ത്രമായി അംഗീകരിച്ചപ്പോൾ മറ്റൊരു കൂട്ടർക്ക് അത് കൊടിയ അറപ്പ് ഉളവാക്കുന്ന വാക്കായിരുന്നു. ആധുനിക യുഗത്തിൽ, ഗവൺമെന്റ് നടപ്പിൽ വരുത്തിയാലും നിരപരാധികളെ കൊല്ലുന്ന ഏതു പ്രക്രിയയും ഭീകര പ്രവർത്തനമാണ്.

**നിർവ്വചനം**

കൃത്യമായ നിർവ്വചനം എഴുതുവാൻ പറ്റാത്ത ഒരു വാക്കായി Terrorism മാറിയിരിക്കുന്നു എന്നാണ് വിദഗ്ദമതം. 100 –ൽ പരം നിർവ്വചനങ്ങൾ ഈ വാക്കിനുണ്ടായിട്ടുണ്ടെന്നുള്ള അറിവ് അമ്പരപ്പിക്കുന്നതാണ്. 2004 നവംബറിൽ യുണൈറ്റഡ് നേഷൻസ് സെക്രട്ടറി ജനറലിന്റെ ഒരു റിപ്പോർട്ടിൽ ഭീകരവാദത്തെ താഴെപ്പറയുന്ന വിധമാണ് നിർവ്വചിച്ചിരിക്കുന്നത്: – Any act intendent to cause death or serious bodily harm to civilians or non combatant with the purpose of intimidating or competling a goverment or an international organization to do or abstain from doing act''.

(ഒരു സർക്കാരിനെയോ അന്തർദേശീയ സംഘടനയെയോ തങ്ങളുടെ ഹിതാനുവർത്തികളാക്കുന്നതിനോ ഉദ്ദിഷ്ട പ്രവർത്തനങ്ങളിൽ നിന്നും നിർവ്വീര്യമാക്കുന്നതിനോ വേണ്ടി സാധാരണക്കാർക്കും നിരപരാധികൾക്കും മരണം, ശാരീരിക പീഢ എന്നിവ ഉണ്ടാകുന്ന ഏതൊരു തര വിരട്ടൽ തന്ത്രങ്ങളെയോ നിർബ്ബന്ധിക പ്രവർത്തനങ്ങളെയോ ഭീകരവാദം എന്നു നിർവ്വചിയ്ക്കാം.)

എതിരാളികളെ ഒതുക്കുവാൻ ഗവൺമെന്റ് മെഷീനറി ഉപയോഗിക്കുന്നത് ഗവൺമെന്റായാലും അതു ഭീകര പ്രവർത്തനത്തിന്റെ പട്ടികയിൽ ഉൾപ്പെടുത്തിക്കഴിഞ്ഞു.

ഇഷ്ടപ്പെട്ട ബിസ്ക്കറ്റു നല്കാത്ത കുട്ടിയെ വർത്തമാനം പറഞ്ഞവരുടെ പേരു വിവരപ്പട്ടികയിൽ എഴുതി ചേർക്കുമെന്നു പറയുന്ന ക്ലാസ്സ് മോനിട്ടറും ഭീകരവാദിയാണ്. കാരണം അവൻ/ അവൾ തന്റെ സ്വാർത്ഥ താല്പര്യത്തിനായി വിരട്ടൽ തന്ത്രം (Intimidation) നടത്തിക്കഴിഞ്ഞു.

യു.എൻ. ചാർട്ടർ ചെയ്ത നിർവ്വചന പ്രകാരം തൊഴിൽ സമരം, ഹർത്താൽ, ബന്ത് എന്നിവയെല്ലാം സ്തംഭനത്തിന്റെ പ്രക്രിയയിൽ വരുന്നതിനാൽ ഇവയും ഭീകര പ്രവർത്തനത്തിന്റെ ഭാഗമായി കണക്കാക്കപ്പെടും. തൊഴിൽ മേഖലയിലെ നോക്കുകൂലിയും കുത്തുകൂലിയും ഭൂതപ്പണവും ഒക്കെ ശേഖരിക്കുന്നത് വിരട്ടൽ തന്ത്രത്തിലൂടെയാകയാൽ ഇവയും ഭീകര പ്രവർത്തനത്തിന്റെ കരിമ്പട്ടികയിൽ തന്നെ വരുന്നു. Black Mailing ന്റെയും മറ്റും കാര്യം പറയുകയും വേണ്ട.

നിയമം ഇങ്ങനെ ഒക്കെ ഉണ്ടെങ്കിലും എട്ടിലെ പശു പുല്ലു തിന്നുകയില്ലെന്നു നമുക്കറിയാം. നിയമം നടപ്പിലാക്കാനുള്ള മെഷീനറിയ്ക്ക് അതിനുള്ള അർജ്ജവം ഇല്ലെന്നു നാം അറിയുന്നു. അത് അങ്ങ് യു.എന്നിൽ അല്ലേ ഇവിടെ നമ്മുടെ ദേശീയ –പ്രാദേശീയ; നായക–കുട്ടിനായക നിയമങ്ങളൊക്കെയുണ്ട്. അതു നടപ്പിലായാൽ മതി എന്നതായിരിക്കും നമ്മുടെ ഭാവം.

**ഭീകരവാദത്തിന്റെ വർണ്ണം**

പച്ച, മഞ്ഞ, കാവി, കുങ്കുമം എന്നിങ്ങനെ നിറങ്ങളുടെ പേരിൽ തീവ്രവാദത്തെയും ഭീകരപ്രവർത്തനത്തെയും തരം തിരിക്കുവാനാണ് ആഗോളതലത്തിൽ ശ്രമം നടന്നു വരുന്നത്. കമ്മ്യൂണിസ്റ്റ്,. ആർ. എസ്. എസ്. എന്നിങ്ങനെ പ്രത്യയ ശാസ്ത്രത്തിന്റെ പേരിലും, ഹിന്ദു– മുസ്ലീം – ക്രിസ്ത്യൻ എന്നിങ്ങനെ മതത്തിന്റെ പേരിലും, നാഗാ – ബോഡോ – കാശ്മീർ എന്നിങ്ങനെ പ്രാദേശീയതയുടെ പേരിലും ഭീകരവാദം തരം തിരിക്കപ്പെട്ടു കഴിഞ്ഞു. തൽഫലമായി ആ സമൂ ഹം മുഴുവനും സംശയത്തിന്റെ നിഴലിലും ആക്രമണത്തിന്റെ ഭീഷണിയിലും ആയിത്തീരുകയാണ്. അതിന് ഒരു മറുവശം കൂടെയുണ്ട്. തങ്ങളിൽ ഒരുവൻ വിധ്വംസകനായാൽ വ്യക്തി ബന്ധത്തിന്റെയും ജാതിയുടെയും പ്രത്യയ ശാസ്ത്രത്തിന്റെയും പേരിൽ നിർദ്ദിഷ്ട സമൂഹം അവൻ പിന്തുണയ്ക്കുന്നതും ഒളിപ്പിക്കുന്നതും സമൂഹത്തെ ആകെ സാരമായി ബാധിയ്ക്കും. അങ്ങനെയുള്ളവരെ ഏല്പിച്ചു കൊടുക്കുവാൻ ആരും തയ്യാറാകുന്നുമില്ലല്ലോ. ഭീകരവാദത്തിന്റെ നിറം കടും ചുവപ്പാണെന്നും അതിന്റെ അത്യന്തിക വില മൂല്യമേറിയ ജീവനാണെന്നും നാം എന്ന് തിരിച്ചറിയും?

## ബിരുദ ദാനം



**ഫോക്കസ് ഇന്ത്യ തിയോളജിക്കൽ കോളേജ് ഗ്രാജുവേഷൻ സർവ്വീസിൽ റവ. ഡോ. വി.വി. തോമസ് സർട്ടിഫിക്കറ്റ് നൽകുന്നു**

**നിലമ്പൂർ:** ഫോക്കസ് ഇന്ത്യ തിയോളജിക്കൽ കോളേജ് ബിരുദ ദാന ശുശ്രൂഷ ഫെബ്രുവരി 19 ന് കോളേജ് ക്യാമ്പസിൽ നടത്തപ്പെട്ടു. പ്രിൻസിപ്പാൾ റവ. സജി സി. ജേക്കബിന്റെ അദ്ധ്യക്ഷതയിൽ റവ. ഡോ. വി.വി. തോമസ് മുഖ്യസന്ദേശം നൽകി പഠനം പൂർത്തീകരിച്ച 11 പേർക്ക് ബിരുദങ്ങൾ നൽകി. പുതിയ ബാച്ചിന്റെ ക്ലാസ്സുകൾ മെയ് 15ന് ആരംഭിക്കും.

## ക്യാൻസർ രോഗി
## വായനക്കാരുടെ സഹായം തേടുന്നു

**മുംബൈ:** ഐ. പി. സി. ബോറിവ്ലി സഭാംഗവും മുംബൈ നിവാസിയുമായ മലയാളി വിശ്വാസി സഹോദരി ആലീസ് (49) ബ്ലഡ് കാൻസർ ബാധിതയായി മുംബൈ ടാറ്റാ കാൻസർ സെന്ററിൽ ആയിരിക്കുന്നു. ഭർത്താവ് രതീഷ് നട്ടെല്ലിന് രോഗം ബാധിച്ച് ഓപ്പറേഷനു വിധേയനായി ഭവനത്തിൽ വിശ്രമിക്കുന്നു. ഏകമകൻ വിദ്യാർത്ഥിയാണ്. സാമ്പത്തികമായി വളരെ ബുദ്ധിമുട്ട് അനുഭവിക്കുന്ന ഈ സഹോദരിയുടെ ചികിത്സക്കായി സുമനസുകളായ വായനക്കാർ സഹായിക്കുക.

ഫോൺ: Pr. Sunny Kuruvila - 0819337252
09930125004
Alice Rathish, - A/c No. 005110100031766
Bank of India, Borivili East, Mumbai

## കൺവൻഷൻ

**ചെല്ലക്കാട്:** ഇൻഡ്യ പൂർണ സുവിശേഷ ദൈവസഭ റാന്നി ഈസ്റ്റ് ഡിസ്ട്രിക്ട് കൺവൻഷൻ 2011 ഏപ്രിൽ 6–10 വരെ ചെല്ലക്കാട് ദൈവസഭ ഗ്രൗണ്ടിൽ നടക്കും. പാസ്റ്റേഴ്സ് എം. കുഞ്ഞപ്പി, ബാബു ചെറിയാൻ, ജോൺ ഫിലിപ്പ്, പി. സി. ചെറിയാൻ, എ. റ്റി. ജോസഫ് തുടങ്ങിയവർ പ്രസംഗിക്കും. പയനിയേഴ്സ് ഫോർ ക്രൈസ്റ്റ് മിഷൻ ഗാനങ്ങളാലപിക്കും. എല്ലാ ദിവസവും വൈകിട്ട് 6– 9 വരെയാണ് പൊതുയോഗം

വിധിയും വിചാരണയും

# യാത്ര നടക്കട്ടെ, വിശുദ്ധം വേണ്ട



രാജു ആനിക്കാട്

യേശുക്രിസ്തുവിന്റെ ജനിമൃതികളോടും, ജീവിതം ഉപദേശം എന്നിവയോടും അഭേദ്യബന്ധംമുള്ള ഒരു ഭൂപ്രദേശം- യരുശലേമും പരിസരങ്ങളും. രണ്ട് സഹസ്രാബ്ദങ്ങളോളം പഴമയുള്ള ആ ഗതകാല വിസ്മയങ്ങൾ എല്ലാവർക്കും ആവേശഭരിതമായ നയാനുനുഭവം തന്നെയാണ്. ബൈബിൾ വായനയിലൂടെ മാത്രം മനസു കെട്ടിപ്പൊക്കിയ പുരാതന ശില്പങ്ങളുടെ നേർക്കാഴച കൊടുക്കുന്ന വൈകാരിക അനുഭവം എന്തായാലും അവർണ്ണനീയമായിരിക്കും.

യേശുക്രിസ്തുവിന്റെ ചരിത്രം നിഷേധിക്കുനന്നവർ ഈ ബൗന്ധിക വിസ്ഫോടനത്തിന്റെ കാലത്തും ഉണ്ട് സത്യമാണ്. അങ്ങനെയുള്ള ഒരു ലോകത്തിൽ യേശുക്രിസ്തു എന്ന ചരിത്രപുരുഷൻ ജീവിച്ച് മരിച്ച് ഉയിർത്ത മണ്ണും ആ ഭൂപ്രകൃതിയും ജനതയും അതിന്റെ തനിമ ചോരാത്ത സ്മാരകങ്ങളും ഉണ്ടന്നത് കണ്ട് ബോധ്യപ്പെടുന്നത് അങ്ങെനെയുള്ളവർക്ക് ഒരുറപ്പ് തന്നെയാകും നൽകുക. സത്യക്രിസ്ത്യാനിയെ സംബന്ധിച്ചിടത്തോളം കണ്ട് വിശ്വസിക്കുന്നതിലല്ല കാണാതെ വിശ്വസിക്കുന്നതിലാണ് അവന്റെ മഹത്വം. അതുകൊണ്ടു തന്നെ യെരുശേലം യാത്ര വിശ്വാസ സമൂഹത്തിന്റെ ഭക്തിയോടു ചേർത്തു വായിക്കുന്നതു ശരിയല്ല. പക്ഷെ സമീപകാലത്തായി വിശുദ്ധനാടു യാത്രയാക്കി ശക്തമായ പ്രചാരം നൽകി പെന്തക്കോസ്തരെ അവിടേക്കു നയിക്കുന്നതിലെ അപകടം തിരിച്ചറിയേണം.

യെരുശശലേം എന്ന ഈ ഭൂപ്രദേശം ക്രൈസ്തവനു മാത്രമല്ല യഹൂദ-ഇസ്ലാം മതങ്ങൾക്കും ചരിത്രപരവും വൈകാരികവുമായി ബന്ധമുള്ള സ്ഥലമാണ്. യഹൂദരെ സംബന്ധിച്ചിടത്തോളം അവരുടെ വിശുദ്ധ ആലയം സ്ഥിതി ചെയ്തിരുന്ന സ്ഥലം എന്ന നിലയിൽ അവിടം ഏറ്റവു പ്രാധാനപ്പെട്ടതാണ്. അതുകൊണ്ട് ഈ മതസമൂഹങ്ങളൊക്കെ അവരുവരുടേതായി പ്രധാന്യത്തോടെ അതിനെ കാണുന്നുണ്ടെങ്കിലും ക്രൈസതവരെ, പെന്തക്കോസ്തരെ സംബന്ധിച്ച് ഈ സ്ഥലത്തിനു ഒരു വിശുദ്ധ പദവി നൽകി ആദരിക്കുന്നതിൽ ഗുരുതരമായി പിശകുണ്ടെന്നാണ്. മനസിലാക്കേണ്ടത്. ഗവേഷണത്തിനോ പഠനത്തിനോ ഇവിടം പ്രധാനമാണെങ്കിലും ഭക്തിയുടെയും വിശുദ്ധിയുടെയും പരിവേഷം നൽകിയുള്ള സന്ദർശനം അസംബന്ധം തന്നെയാണ്. കാരണം യേശുക്രിസ്തു ജനിച്ചതോ മരിച്ചതോ ആയ സ്ഥലത്തിനു ദൈവവചന പ്രകാരം യാതൊരു പ്രാധാന്യവുമില്ല. ഇതര മത വിശ്വാസങ്ങളിൽ ഇതിനൊക്കെ പ്രാധാന്യം ഉണ്ടുതാനും. ഇന്ന് നമുക്ക് ആവശ്യത്തിനു പണമുണ്ടായപ്പോൾ അവിടേയ്ക്കുണ്ടായ അടുപ്പവും ആകാംഷയും തികച്ചും വികാരപരമാണ്. നാം ഇങ്ങനെ ഒരു ഭക്തിയുടെ മുഖം നൽകിയാൽ ക്രമേണ ഉണ്ടാകാൻ പോകുന്ന ദുർഗ്ഗതി എന്താണെന്നു വിവരിക്കേണ്ടതില്ല.

നാം പെന്തക്കോസ്തർ ഇങ്ങനെയൊക്കെ ചെയ്യുമ്പോൾ നമ്മുടെ വചനാധിഷ്ഠിത നിലപാടുകളിൽ അയവു വരികയാണ്. നമ്മുടെ പുതിയ തലമുറയുടെ മനസിലേക്ക് ഒരു വ്യാജബിംബം കൂടെ നാം കൊടുക്കുകയാണ്. അത് സംഭവിക്കാൻ പാടില്ല. അല്ലാതെ വല്യകാര്യമൊന്നുമില്ല.

പുതിയ നിയമ കാഴ്ചപ്പാടിലും പഴയ നിയമത്തിലും എതൊന്നിനെയും വിശുദ്ധം എന്നു പറയണമെങ്കിൽ ദൈവത്തിനായി വേർതിരിച്ചതായിരിക്കണം. ദൈവത്തിനായി വേർതിരിച്ചത് എന്നതാണ് വിശുദ്ധം എന്ന വാക്കിന്റെ അർത്ഥമെങ്കിൽ വിശുദ്ധനാട് സന്ദർശനം എന്ന പറഞ്ഞ് പെന്തക്കോസത്ർ നടത്തുന്ന യരുശലേം എങ്ങനെ വ്യഖ്യാനിക്കേണം.

അതുകൊണ്ട് യാത്ര നടക്കട്ടെ, വിശുദ്ധനാട് യാത്രയാണെന്നും പറഞ്ഞു ആളെ കൂട്ടാതിരിക്കയാണ് നല്ലത്. കാര്യം ഇങ്ങനെയൊക്കെയാണെങ്കിലും പഠനത്തിനും ഉല്ലാസത്തിനുമായി ഒന്നു പോയാൽ കൊള്ളാം എന്ന് എനിക്കുമുണ്ട്.

## 'വിശുദ്ധ' നാട് യാത്രയുടെ ...

1-ാം പേജ് തുടർച്ച

മുടക്കി ഒരു നോർത്ത് ഇൻഡ്യൻ സുവിശേഷ പര്യടനം നടത്താൻ ഈ അച്ചായന്മാർക്കോ സംഘാടകർക്കോ തോന്നിയിട്ടില്ലായെന്നതിൽ നിന്നും ഇതിലെ ശുംഭത്തരം മനസ്സിലാകും.

യെരുശലേമിലേക്ക് പഠന യാത്ര, ഉല്ലാസയാത്ര എന്നിവ നടത്തുന്നത് തെറ്റല്ല. അതു സംഘടിപ്പിക്കുന്ന ട്രാവൽ ഏജൻസികളുടെ ദൗത്യവും ജേണൽ എതിർക്കുന്നില്ല. എന്നാൽ പെന്തക്കോസ്തിന്റെ ഉപദേശത്തിനും പഠിപ്പിക്കലിനും വിപരീതമായ പരസ്യങ്ങളുമായി വിശുദ്ധനാട് യാത്ര സംഘടിപ്പിക്കുന്ന പെന്തെക്കോസ്തിലെ നേതാക്കന്മാരുടെ ഇരട്ടത്താപ്പിനെയാണ് എതിർക്കുന്നത്.

ഐ. പി.സി.യിൽ മാത്രം കണ്ടുവന്ന യാത്രാജ്വരം ഈ സീസണിൽ ചർച്ച് ഓഫ് ഗോഡിലേയ്ക്കും വ്യാപിച്ചു. കുമ്പനാട് കൺവൻഷനിലും തിരുവല്ല ചർച്ച് ഓഫ് ഗോഡ് കൺവൻഷനിലും ഇതു സംബന്ധമായ ഫ്ളെക്സ് ബാനറുകൾ ഉയർന്നു. പാസ്റ്റർ എം. കുഞ്ഞപ്പിയുടെ നേതൃത്വത്തിൽ യെരുശലേം യാത്ര എന്നും പാസ്റ്റർ പി. സി. ചെറിയാന്റെ ആത്മീയ നേതൃത്വത്തിൽ വിശുദ്ധനാട് യാത്രയെന്നുമുള്ള ബാനറുകളാണ് ഉയർന്നത്. ഇതു സംബന്ധമായി ഞങ്ങളുടെ അന്വേഷണം ഇരുകൂട്ടരോടും ഉണ്ടായപ്പോൾ പാസ്റ്റർ എം. കുഞ്ഞപ്പി യെരുശലേം യാത്രയിൽ നിന്ന് പിൻമാറുന്നു എന്ന് അറിയുവാൻ ഇടയായി. എന്നാൽ കേരളത്തിലും വെളിയിലുമായി കൺവൻഷൻ സ്റ്റേജുകളെ ഇളക്കി മറിക്കുന്ന പാസ്റ്റർ പി. സി. ചെറിയാന്റെ ഫോൺ നമ്പർ സഹിതം ഇറക്കിയ യാത്രയുടെ ബ്രോഷറിൽ പെന്തക്കോസ്തിന് അന്യമായ പദപ്രയോഗങ്ങൾ നിറഞ്ഞിരുന്നു. മാതാവിന്റെ കിണർ, കല്ലറ, ഉണ്ണിയേശുവിന്റെ ദേവാലയം, ഔസേപ്പ് പിതാവിന്റെ പണിസ്ഥലം, ഇതൊക്കെ ഇദ്ദേഹം നേതൃത്വം കൊടുക്കുന്ന യാത്ര സംഘം സന്ദർശിക്കുന്ന സ്ഥലങ്ങളായാണ് ബ്രോഷറിൽ പറഞ്ഞിരിക്കുന്നത്. ദുരുപദേശം പ്രചരിപ്പിക്കുന്നു എന്ന പേരിൽ എട്ട് പ്രസംഗകരെ വേദികൾ വിലക്കി മാറ്റി നിർത്തിയ പെന്തെക്കോസ്തു സഭകൾ വ്യക്തമായി വചന വിരുദ്ധമായ കാര്യങ്ങൾ ചെയ്യുന്ന ഈ പ്രസംഗകന്റെ കാര്യത്തിൽ എന്തുകൊണ്ട് പ്രതികരിക്കുന്നില്ല. അത്തരം സാഹചര്യത്തിലാണ് വിശുദ്ധനാട് യാത്രയുടെ പേരിലുള്ള നേതാക്കന്മാരുടെ തട്ടിപ്പിനെക്കുറിച്ച് ജേണൽ എഴുതുവാൻ തയ്യാറായത്. ഇത് ട്രാവൽ ഏജൻസികൾക്കെതിരെയല്ല. മറിച്ച് പെന്തെക്കോസ്തിന്റെ വേദികളെ ചവിട്ടുപടിയാക്കിയിട്ട് ദുഷ്പ്രവണതകളെയും ദുരുപദേശങ്ങളെയും ആഞ്ഞു പുൽകുന്ന അഭിനവ നേതാക്കന്മാർക്കെതിരെയാണ്. ഈ പോരാട്ടം വ്യക്തിപരമല്ല. ആശയപരം മാത്രമാണ്.

## ഷാജി മണിയാറ്റിനെ ചുമതലപ്പെടുത്തി



പെന്തെക്കോസ്തിൽ കൗൺസിൽ ഓഫ് ഇന്ത്യ യു. എസ്. എയുടെ നാഷണൽ കമ്മിറ്റി രൂപീകരിക്കുന്നതിനായി താല്ക്കാലിക ചുമതല ഷാജി മണിയാറ്റിനെ ഏൽപ്പിച്ചു. 2011-ൽ നടക്കുന്ന ഒക്കലഹോമ പിസിനാക്ക് കോൺഫറൻസിൽ വച്ച് നാഷണൽ കമ്മിറ്റി രൂപീകരിക്കുമെന്ന് പ്രസിഡന്റ് തോമസ് വടക്കേക്കൂറ്റും ജന. സെക്രട്ടറി കെ. എൻ. റസ്സലും അറിയിച്ചു.


31 വർഷമായി കൊയ്ത്തുകാരെ പരിശീലിപ്പിക്കുന്ന ഒരു ഉത്തമ സ്ഥാപനം

**പെനിയേൽ ബൈബിൾ സെമിനാരി**

**കീഴില്ലം, എറണാകുളം-683 541, കേരളം.**

| കോഴ്സുകൾ | വർഷം | യോഗ്യത |
|---|---|---|
| M. Div. (ഇംഗ്ലീഷ്) | 3 | B.A/ B. Sc./ B. Com./ Equivalent |
| M. Div. (ഇംഗ്ലീഷ്) | 2 | B. Th (ATA) / Equivalent |
| B. Th. (ഇംഗ്ലീഷ്) | 3 | PDC/ PUC/ +2 Pass |
| Dip.Th. (ഇംഗ്ലീഷ് / മലയാളം) | 2/3 | 10th Pass/ Equivalent |
| Certificate (മലയാളം) | 1 | |

Dip.B.S., B.B.S (3years) M.B.S (2years)

M.Th. (Two Year Peniel Programme in the branch of Missions & Evangelism)
Candidate should have a B.D or M. Div. degree with minimum second class (B) with
ministry experience and pass in the Entrance examination and personal interview conducted by the Seminary.

S.S.L.C. ജയിച്ചവരും 2വർഷത്തെ Dip.Th.(ATA) കഴിഞ്ഞവരുമായവർക്ക് 3 വർഷംകൊ് B. Th.

- മികച്ച ആത്മീക അന്തരീക്ഷത്തിൽ വേദശാസ്ത്ര പഠനവും പ്രായോഗിക പരിശീലനവും.
- ആത്മീക അനുഭവ സമ്പന്നരും ബിരുദധാരികളുമായ അദ്ധ്യാപകർ.
- ഐ. പി. സി. ജനറൽ കൗൺസിൽ അംഗീകരിച്ച സ്ഥാപനം.
- വിപുലമായ ലൈബ്രറി സൗകര്യം
- വിവാഹിതർക്ക് (ഭാര്യയ്ക്കും ഭർത്താവിനും) ഒരുമിച്ച് താമസിച്ച് പഠിക്കുന്നതിനുള്ള സൗകര്യം (ഫാമിലി ക്വാർട്ടേഴ്സ്)
- സഭാവ്യത്യാസം ഇല്ലാതെ അർഹതയുള്ള യുവതീയുവാക്കൾക്കുപ്രവേശനം.

2011 മെയ് മാസത്തിൽ ക്ലാസ്സുകൾ ആരംഭിക്കുന്നു

പ്രോസ്പെക്റ്റസിനും അപേക്ഷാഫോറത്തിനും
50 രൂപ മണി ഓർഡർ അയയ്ക്കുക.

**പെനിയേൽ ബൈബിൾ സെമിനാരി**
കീഴില്ലം പി. ഒ., എറണാകുളം-683 541

ഫോൺ-0484-265 3070, 265 4775, ഫാക്സ്: 0484- 265 3070
Email-pbskeezhillam@yahoo.com

M.Div., B.Th. & Dip.Th. PROGRAMMES ARE ACCREDITED BY ASIA THEOLOGICAL ASSOCIATION (ATA)

25 March 2011
Vol: 04, Issue: 06

RNI. No. KERMAL/2008/26530
Postal Reg. No. KL/TLA225/2009-11
Posted on 25 the MARCH 2011 at RMS Thiruvalla

Believers Journal

BELIEVERS JOURNAL
P.O. Box: 31, Manjadi P.O
Thiruvalla, Kerala - 689 105
Office: 9349276586, Mob: 9447368795
beljourn@gmail.com,www. beljourn.com

മാധ്യമ വിചാരം

# അപ്പോളജെറ്റിക്സ് താമശകൾ



അനിൽ കൊടിത്തോട്ടം
anilkodithotam@gmail.com

**മുഖവുര**

ഉപദേശ സംരക്ഷണം ഒരു രോഗമായാൽ നമ്മൾ എന്തു ചെയ്യും? എന്തെല്ലാമാണ് പ്രതിവിധികൾ. ആദ്യമായി നമുക്ക് ഈ രോഗത്തിന് വിദഗ്ദ്ധർ നല്കുന്ന ഭാഷ്യം ശ്രദ്ധിക്കാം.

**പായിപ്പാട് ഭാഷ്യം**

അപ്പോളജെറ്റിക്സ് കൗൺസിൽ സംഘടിപ്പിച്ച സെമിനാറിൽ പ്രബന്ധം അവതരിപ്പിച്ചയാളാണ് ഡോ. ജെയ്സൺ തോമസ്. പായിപ്പാട് ന്യൂ ഇന്ത്യാ ബൈബിൾ സെമിനാരിയുടെയും അവിടുത്തെ സഭയുടെയും നേതൃനിരയിൽ പ്രവർത്തിക്കുന്ന ഡോ. ജെയ്സൺ കഠിനാദ്ധ്വാനിയും ആദർശ നിഷ്ഠയുള്ള ആളുമാണ്. നേരാംവണ്ണം ഗവേഷണം നടത്തി ഡോക്ട്രേറ്റ് എടുത്തിട്ടുള്ള അദ്ദേഹത്തിന്റെ ചിന്തകൾ പെന്തക്കോസ്ത് സമൂഹത്തിന്റെ ആകമാന പുരോഗതിയ്ക്ക് ഹേതുവാകട്ടെ എന്നും പ്രാർത്ഥിക്കുന്നു. ഈ നിലയിൽ നമ്മൾ ഏറെ പ്രതീക്ഷ അർപ്പിച്ച ഐ. പി.സിയിലെ വി. പി. ഫിലിപ്പ് അധികാര രാഷ്ട്രീയത്തിന്റെ കരിമ്പടക്കെട്ടിൽ അലസത കൊണ്ട് ഉറങ്ങുമ്പോൾ ഡോ. ജെയ്സൺ സമൂഹം അർപ്പിച്ച പ്രതീക്ഷകളിലേക്ക് കരുത്തോടെ കടന്നുവരട്ടെ.

നമ്മുടെ ബുദ്ധിജീവികൾ പലരും ഇരട്ടത്താപ്പുകാരാണ്. ഡോ. ജെയ്സന്റെ കഴിവുകളെയും ആത്മാർത്ഥതയെയും അഭിനന്ദിക്കുമ്പോൾ തന്നെ അദ്ദേഹം നേതൃത്വം കൊടുക്കുന്ന പ്രസ്ഥാനത്തെക്കുറിച്ച് ലേഖകനുള്ള ചില ഉപദേശപരമായ ആശങ്കകൾ തീർക്കേണ്ടതിന് മുൻ വിധികൂടാതെ അദ്ദേഹം മുന്നിട്ടിറങ്ങുമെന്ന് കരുതാം.

ന്യൂ ഇന്ത്യാ ബൈബിൾ ചർച്ചിന്റെ നേതൃസ്ഥാനത്തുള്ള ഡോ. അലക്സാണ്ടർ ഫിലിപ്പ് ബീഹാറിൽ നവ പ്രവണത ഉപദേശത്തിന്റെ വക്താവാണ്. അദ്ദേഹത്തിന്റെ ഭാര്യ 'പാസ്റ്റർ' എന്ന വിശേഷണം സ്വന്തം പേരോട് ചേർത്ത് ഉപയോഗിച്ചുവരുന്നു. ആരാധനാ മധ്യേ, പല ആവർത്തി ഇളകിയാടി താഴെ വീഴുകയും വെള്ളംകുടിച്ച് ക്ഷീണം അകറ്റി വീണ്ടും വീഴുകയും ചെയ്യുന്ന ഈ സഹോദരി, ഇവിടെ ന്യൂ ഇന്ത്യാക്കാർ പഠിപ്പിച്ചുപോരുന്ന ഉപദേശത്തിന് ഘടക വിപരീത ദിശയിലല്ലേ പ്രവർത്തിക്കുന്നത്? അതിനെ അനുകൂലിക്കുകവഴി ഡോ. അലക്സാണ്ടർ ഫിലിപ്പും ദുരുപദേശത്തെ അംഗീകരിക്കയല്ലേ? പുരുഷന്മാരുടെ തലയിൽ ഈ സഹോദരി കൈവെച്ചു പ്രാർത്ഥിക്കാറുമുണ്ട്. ഇതൊക്കെ വേദ വിപരീതവും പെന്തെക്കോസ്തു മൂല്യങ്ങൾക്ക് നിരക്കാത്തതുമാണ്. ന്യൂ ഇന്ത്യയുടെ ദൈവശാസ്ത്ര കാഴ്ചപ്പാടുകൾക്ക് ഇവ ഇണങ്ങുമോ? അല്ലായെങ്കിൽ അതിനെ തള്ളിപ്പറഞ്ഞ് ഒരു ശുദ്ധീകരണ പ്രക്രിയയിലേക്ക് ഇവരെ നയിക്കാൻ ഡോ. ജെയ്സൺ തയ്യാറാകുമോ? ഇതൊന്നുമില്ലെങ്കിൽ സ്വന്തം നിലപാടിൽ ഊന്നി നിന്ന് വ്യക്തമായ ഒരു മറുപടി അദ്ദേഹം പറയുമോ?

**മുളക്കുഴ ലേഹ്യം**

അപ്പോളജെറ്റിക്സ് കൗൺസിലിന്റെ ആത്മാർത്ഥത തെളിയിക്കേണ്ട ബാധ്യതയും അടുത്ത ഊഴം ഞാൻ നൽകുന്നത് ചർച്ച് ഓഫ് ഗോഡിനാണ്. ചർച്ച് ഓഫ് ഗോഡിനോട് സഹകരിച്ചു പ്രവർത്തിക്കുന്ന പി. ആർ. ബേബിയുടെ ഉപദേശ നിലപാടുകൾ ന്യൂ ജനറേഷൻ സ്വഭാവമുള്ളതാണ്. അവണ്ണം ചർച്ച് ഓഫ് ഗോഡ് സഹയാത്രികൻ പാസ്റ്റർ സാമച്ചന്റെ ശുശ്രൂഷകൾ അങ്ങേയറ്റം ബൈബിൾ വിരുദ്ധവും കൾട്ടു ഗ്രൂപ്പുകളുടെ രീതികളോട് സാമ്യമുള്ളതുമാണ്. കെ. ഏബ്രഹാം മുതൽപേരെ വിലക്കിക്കൊണ്ട് വിജ്ഞാപനം പുറപ്പെടുവിച്ച പെന്തെക്കോസ്തു നേതാക്കന്മാർ ഇരട്ടത്താപ്പുകാരാകരുത്. എളിയിടം കണ്ട് വാതം കോച്ചുമെന്ന പഴമൊഴിപോലെ ദുർബലരെ തിരഞ്ഞുപിടിച്ച് അച്ചടക്ക നടപടി അടിച്ചേൽപ്പിക്കുകയും വസ്തുതകളെ കണ്ടില്ലെന്ന് നടിക്കുകയും ചെയ്യുന്ന ഈ വ്യവസ്ഥ തിരുത്തപ്പെടണം. രണ്ടു തരം അളവ് യഹോവയ്ക്ക് വെറുപ്പ് എന്ന സദൃശ്യവാക്യ പരാമർശം അവർ ഓർത്തിരിക്കുമല്ലോ?

**കുമ്പനാട് കൂശ്മാണ്ഡരസായനം**

ഉപദേശ സംരക്ഷണത്തിന് സന്നാഹങ്ങൾ സ്വരുക്കൂട്ടി കളത്തിൽ എത്തുകയും ആരെങ്കിലും പേടിപ്പിച്ചാൽ അകത്തേക്ക് ഉൾവലിയുകയും ചെയ്യുന്ന ഭീരുത്വം ഇത്തവണയും ആവർത്തിക്കുമോ ഐ. പി.സിയിലെ പാസ്റ്റർ ഫിലിപ്പ് പി. തോമസ് എന്നതാണ് ഞങ്ങൾ കാത്തിരിക്കുന്നത്. ഇതിന് ഇടയിൽ ഒത്തുതീർപ്പിന്റെ നനഞ്ഞ പടക്കങ്ങൾ ഐ. പി.സി. രാഷ്ട്രീയത്തിന്റെ അകത്തളങ്ങളിൽ ചീറ്റാൻ വെമ്പുന്നു എന്നു കൂടി കേൾക്കുമ്പോൾ അപ്പോളജെറ്റിക്സ് കൗൺസിൽ രണ്ടാം ഘട്ടം മൃതിയടയുമോ എന്നും പേടി.

മാദ്ധ്യമ വിചാരത്തിൽ ഇക്കാര്യങ്ങളൊക്കെ വിശദീകരിക്കാൻ കാരണം എല്ലാ പത്രങ്ങളിലും, ഉപദേശ സംരക്ഷണ സമിതി രൂപപ്പെട്ടതും പ്രബന്ധം അവതരിപ്പിച്ചതും പ്രധാന വാർത്തകളായി വന്ന പശ്ചാത്തലത്തിലാണ്.

നേതാക്കന്മാരുടെ ഉപദേശ സംരക്ഷണം എന്നാൽ അവരുടെ കസേര സംരക്ഷണം അല്ല എന്നു തെളിയിക്കാനുള്ള അവസാന ഘട്ടമായി ഞാനിതിനെ കാണുന്നു. പാസ്റ്റർമാരായ എം. കുഞ്ഞപ്പിയും ഫിലിപ്പ്. പി. തോമസും ഡോ. ജെയ്സനുമെല്ലാം പറയുന്ന ഉപദേശത്തിന്റെ ഗൗരവം അവരുടെ നിലപാടുകളിൽക്കൂടി കാണുവാൻ ആഗ്രഹിച്ചു പോകുന്നത് ആത്മാർത്ഥ

ശേഷം പേജ്: 08

## അവറാച്ചൻ ഉപദേശിയുടെ യെരുശലേം യാത്ര



........................ ശീതികരിച്ച ബസ്സിലെ പുഷ്ബാക് സീറ്റിൽ അമർന്നിരുന്ന അവറാച്ചൻ ഉപദേശി പുറംകാഴ്ചയിലേക്ക് കണ്ണുകൾ പായിച്ചു. അതാ സമർത്ഥനും വാചാലനുമായ ഗൈഡ് മൈക്ക് കൈയ്യിലെടുത്തു. വാചക കസർത്തിലൂടെ യാത്രക്കാരെ കൈയ്യിലെടുക്കുവാൻ സമർത്ഥനാണെന്ന് തെളിയിച്ച ഗൈഡിന്റെ ശബ്ദം ഉയർന്നു. നിങ്ങൾ ഇപ്പോൾ എത്തിയിരിക്കുന്നത് അക്കൽഥാമയിലാണ്. "ഈ ശമ്ശാനത്തിന്റെ വില യേശുവിനെ ഒറ്റിക്കൊടുത്ത് യൂദാ നേടിയ മുപ്പതു വെള്ളിക്കാശാണ്." ഇത് കേട്ടപ്പോൾ തന്റെ ഉള്ളിലൂടെ പാഞ്ഞ മിന്നൽ പിണർ അവറാച്ചൻ ഉപദേശിയെ പരവശനാക്കി. ഒറ്റുക്കാരൻ എന്ന പദം ചാട്ടൂളിപ്പോലെ തന്റെ ഹൃദയത്തിലേക്ക് ആഞ്ഞുകയറുന്നു ...............................

കഥ വായിക്കുക അടുത്ത ലക്കത്തിൽ

## കുറ്റപ്പുഴക്കാരന്റെ കണ്ടുപിടുത്തത്തിന് പാകിസ്ഥാനിൽ അംഗീകാരം

ഹാസ്യം



**തിരുവല്ല:** ഇവിടെ വിവാദമായ പതാക പ്രസംഗത്തിന് നമ്മുടെ അയൽ രാജ്യമായ പാകിസ്ഥാനിൽ അംഗീകാരം. പതാകയുടെ നടുവിലെ വെള്ള നമ്മളാണെന്നും മറ്റുമുള്ള കെ. എ. ഏബ്രഹാമിന്റെ ഇന്ത്യൻ പതാക സംബന്ധമായ വ്യാഖ്യാനം ഏറെ വിവാദമായിരുന്നു. തന്റെ അറിവില്ലായ്മയാണ് ഇത്തരം പ്രസംഗത്തിന് കാരണമെന്ന ഏറ്റുപറച്ചിലിലൂടെ കെ. എ. ഏബ്രഹാം ക്ഷമാപണം നടത്തുകയും ചെയ്തു. ഏതായാലും അദ്ദേഹത്തിന്റെ പ്രസംഗം കേട്ടതിനാലാണോ അതോ ഇവിടെ കെ. എ. ഏബ്രഹാം വിവാദത്തിൽ അകപ്പെട്ടതിനാലാണോ എന്നറിയില്ല പാകിസ്ഥാൻ പ്രധാനമന്ത്രി യൂസഫ് റാസാ ഗീലാനി ഇതാ കുറ്റപ്പുഴക്കാരന് പിൻതുണയുമായി എത്തിയിരിക്കുന്നു. പാകിസ്ഥാന്റെ ദേശീയ പതാകയിലെ നടുവിലുള്ള വെള്ള നിറം ന്യൂനപക്ഷങ്ങളെ പ്രതിനിധാനം ചെയ്യുന്നുവെന്നാണ് അദ്ദേഹം പ്രസ്താവിച്ചത്. ക്രിസ്ത്യാനിയായിരുന്ന ഷഹബാസ് ഭട്ടിയെന്ന മന്ത്രിയെ താലിബാൻകാർ വെടിവെച്ചു കൊന്നതിൽ പ്രതിഷേധിച്ചു നടത്തിയ പ്രസ്താവനയിലാണ് ഇതു പറഞ്ഞത്. ഇന്ത്യയിൽ പിൻതുണ കിട്ടിയില്ലെങ്കിലും പാകിസ്ഥാനിൽ കിട്ടിയ പിൻതുണ കെ. എ. ഏബ്രഹാമിന് പിടിവള്ളിയായി. ഇനി സ്റ്റേജുകളിൽ അതും നമ്മൾ കേൾ ക്കേണ്ടിവരും.





ഭട്ടിയുടെ വധത്തിൽ സാർവത്രിക രോഷം

...യൂസഫ് റാസ ഗീലാനി പ്ര... വിച്ചു.

പതാകയുടെ മധ്യത്തിലുള്ള വെള്ള ന്യൂനപക്ഷങ്ങളെയാണു പ്രതിനിധാനം ചെയ്യുന്നതെന്നും അവരുടെ അവകാശങ്ങൾക്കും ക്ഷേമത്തിനും രാജ്യത്തിനുള്ള പ്രതിബദ്ധതയെയാണ് അതു ചൂണ്ടിക്കാട്ടുന്നതെന്നും ഗീലാനി പറഞ്ഞു.

...രാജ്യത്തെ ഏക ക്രിസ്...

**എസ്. കെ. എം., റാന്നി**

## ഗ്രാജൂവേഷനും ഹാൾ സമർപ്പണവും



**പുൽപ്പള്ളി:** ഫിലദൽഫ്യ ബൈബിൾ ഇൻസ്റ്റിറ്റ്യൂട്ടിന്റെ ഗ്രാജൂവേഷനും പ്രയർ ഹാൾ സമർപ്പണവും മാർച്ച് 5 ന് നടന്നു. ഫിലദൽഫ്യ ഫെലോഷിപ്പ് ചർച്ച് സ്റ്റേറ്റ് ഓവർസിയർ പാസ്റ്റർ ജയിംസ് ജോണിന്റെ അദ്ധ്യക്ഷതയിൽ ഫിലദൽഫ്യ ദൈവസഭ ഫീൽഡ് കോർഡിനേറ്റർ പാസ്റ്റർ റെജി തോമസ് ഉദയ്പൂർ ശുശ്രൂഷ നിർവ്വഹിച്ചു. 8 വിദ്യാർത്ഥികൾക്ക് സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്തു. പാസ്റ്റർ ജോയി വർഗ്ഗീസ് ട്രെയിനിംഗ് സെന്ററിന്റെ ചുമതലവഹിക്കുന്നു. എ. റ്റി. എ അംഗീകാരമുള്ള ഉദയപൂർ ഫിലദൽഫ്യ ബൈബിൾ കോളേജ് സർട്ടിഫിക്കറ്റുകളാണ് വിതരണം ചെയ്തത്.

Printed & Published by Peter Mathew Owned By M.V. Philip Mekkattu House, Payippad P.O, Alappuzha- 690 556, Samkutty Mathew Koipurath House, Makkapuzha.P.O., Ranni,PTA - 689 676, Peter Mathew, Valliyathu House, Kallumkal P.O., Thiruvalla, PTA- 689 111. Published From P.B. No. 8, R.S.P.O.Thiruvalla, Pin: 689 111 Pathanamthitta (Dist) & Printed at Goodnews Printing Press Kottayam1 (Kerala )
Editor - Samkutty Mathew.